Reg. No. M. 2293 ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മീനം 19 —ബുധനാഴ്ചതോറും—പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഏപ്രിൽ 1 | ലക്കം 32



# ലോകത്തിലെ ഒന്നാമത്തെ ഫോട്ടോ

(ഇ. ജെ. ആന്റണി ബി. എ., എൽ. ടി.)

ക്രിസ്തുനാഥൻ കാൽവരിമലയിൽ കുരിശിൽ തൂങ്ങി മരിച്ചുകിടക്കുന്ന ആ മുഖചിത്രം (൦) ആരുടെ ശ്രദ്ധയേയും ആകർഷിക്കുന്ന ഒന്നാകുന്നു. മനുഷ്യചരിത്രത്തെ ആദ്യന്തം സംഗ്രഹിച്ച്, മൂന്നു ലോകങ്ങളെയും ഇളക്കിക്കൊണ്ടു് മനുഷ്യനായ ദൈവം ത്യാഗദീപ്തിയോടുകൂടി അവിടെ നിലകൊള്ളുന്നു. ആ കാഴ്ച വാചാമഗോചരമാകുന്നു. അത്യൽഭുതകരം തന്നെയാണു് ക്രിസ്തുവിന്റെ ഫോട്ടോയെപ്പററി ഉള്ളിലുള്ള ലേഖനവും.

ക്രിസ്തുവർഷം 1898. സേവോയ് രാജവംശത്തിലെ കിരീടാവകാശിയുടെ വിവാഹം. ആ മഹാമഹം പ്രമാണിച്ച് ഇററലിയിലെ ഹംബർട്ടു് രാജാവു് "തിരുശീല" പ്രദർശിപ്പിക്കുവാനുള്ള അനുമതി നൽകി. മുപ്പതുകൊല്ലം പുറത്തെടുത്തിട്ടില്ലാത്തതാണു് ആ അനർഘവസ്തു. യോഹന്നാൻ സുവിശേഷകൻ സാക്ഷിപ്പെടുത്തിയിട്ടുള്ളതുപോലെ അരിമത്തിയാക്കാരൻ ജോസഫ് കൊണ്ടുവന്ന ശീലയായിരുന്നു അതു്. നിക്കോദേമൂസിന്റെവക മീറയും ചെന്നിനായകവും കൂടിയുള്ള നൂറു റാത്തലോളംവരുന്ന സുഗന്ധവസ്തുകൊണ്ടു ലേപനംചെയ്ത മിശിഹായുടെ ശരീരത്തെ ആ നേരിയ ശീലകൊണ്ടായിരുന്നു പൊതിഞ്ഞിരുന്നതു്. ലോകനാഥനെ ആച്ഛാദനംചെയ്ത വസ്ത്രത്തെപ്പററി വിശുദ്ധ യോഹന്നാൻ പറയുന്നു: "അനന്തരം അയാൾ (യോഹന്നാൻ) കുനിഞ്ഞു് അകത്തേക്കു നോക്കി. വക്കുതുണി കിടക്കുന്നതായി കണ്ടു, എങ്കിലും അകത്തു് പ്രവേശിച്ചില്ല." ഉയിർപ്പുദിവസം രാവിലെ കർത്താവിനെ കല്ലറയിൽ കാണുന്നില്ല എന്നു് മറിയാംമഗ്ദലന പറഞ്ഞതുകേട്ടു് പത്രോസും യോഹന്നാനും ഓടി. യോഹന്നാനാകട്ടെ പത്രോസിനെക്കാൾ അതിശീഘ്രം ഓടി അവിടെ എത്തിയശേഷമാകുന്നു ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളതു്.

അതുമുതൽ 1898വരെ 19 നൂററാണ്ടുകൾക്കിടയിൽ സംഭവബഹുലമായ ഒരു മഹാ ചരിത്രമായിരുന്നു ക്രൈസ്തവലോകത്തിന്റെ അമൂല്യനിക്ഷേപമായ തിരുശീലയ്ക്കു് അനുഭവസിദ്ധമായിട്ടുള്ളതു്. കുരിശുയുദ്ധക്കാർ തിരുശീലയെ സംവഹിച്ചിട്ടുണ്ടു്; ദേവാലയങ്ങളിൽവച്ച് അതു് പൂട്ടപ്പെട്ടുപോയിട്ടുണ്ടു്; മഹോത്സവങ്ങളിൽ അതു് പ്രദർശിപ്പിക്കപ്പെട്ടു; തീയേററു് അതിന്റെ അരികു് കരിഞ്ഞുപോയി; ഉരുകിയ വെള്ളിലോഹത്തിൽ ഉൾപ്പെട്ടു് അതിനു് അല്പം കേടുപററി; ഒരുപ്രാവശ്യം പരീക്ഷാർത്ഥം എണ്ണയിൽ പുഴുങ്ങി. ഇതെല്ലാംകഴിഞ്ഞു് ടൂറിൻ ഭദ്രാസനദേവാലയത്തിൽ അതു് ഇന്നത്തെപ്പോലെ ഭദ്രമായി സൂക്ഷിക്കപ്പെട്ടുപോന്നു.

വിവാഹമഹോത്സവം പ്രമാണിച്ചു് അതു് പ്രദർശിപ്പിക്കപ്പെട്ടപ്പോൾ തിരുശീലയുടെ ഫോട്ടോ എടുക്കുവാനുള്ള അനുമതി സെക്കോന്തോ പിയാ എന്ന ഒരു ഫോട്ടോഗ്രാഫർ കരസ്ഥമാക്കിയിരുന്നു. ശീലയിൽ അസ്പഷ്ടമായി പതിഞ്ഞിട്ടുള്ള സ്വരൂപത്തിന്റെ ഒരു ശരിപ്പകർപ്പു് എടുക്കണമെന്നതാണു് അയാളുടെ ഉദ്ദേശം. അതിൽക്കൂടുതലൊന്നും അയാൾ പ്രതീക്ഷിച്ചിട്ടില്ല.

പക്ഷെ, ഇരുട്ടുമുറിയിൽ മരുന്നുവെള്ളംകൊണ്ടു് നെഗററീവു് കഴുകിയതോടുകൂടി അയാളുടെ കണ്ണു് മഞ്ഞളിച്ചു. ശീലയിലെ അസ്പഷ്ടതയെല്ലാം മാറി ശ്രേഷ്ഠമുഖത്തോടുകൂടിയ ഒരുത്തമപുരുഷന്റെ സ്വരൂപം പ്രത്യക്ഷപ്പെട്ടു. ആശ്ചര്യഭരിതനായ പിയാ വളരെ പണിപ്പെട്ടുകൊണ്ടാണു് ജോലി പൂർത്തിയാക്കിയതു്. അത്ഭുതസംഭവമൊന്നുമല്ല, സാധാരണ ഫോട്ടോഗ്രഫി നിയമമനുസരിച്ചുള്ള ഒരു വികസനം മാത്രമാണതെന്നു് ഇരുന്നാലോചിച്ചപ്പോൾ അയാൾക്കു മനസ്സിലായി. രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് തിരുശീലയിൽ എടുത്തിരുന്ന ഒരു നെഗററീവു് ആയിരുന്നുവെന്നും, അതു് യേശുക്രിസ്തുവിന്റേതല്ലാതെ മററാരുടേയും അല്ല



ടൂറിനിലെ വിശുദ്ധ വസ്ത്രത്തിൽ പതിഞ്ഞിരിക്കുന്ന ചിത്രത്തിന്റെ തനിരൂപം.

എന്നും പിയായ്ക്കു് ബോദ്ധ്യമായി.

ടൂറിനിലെ തിരുശീലയുടെ വിവരം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽ പതിഞ്ഞു. വെള്ളവസ്ത്രത്തിൽ ക്രിസ്തുവിന്റേതുപോലെ ചതഞ്ഞു നുറുങ്ങിയ ശരീരത്തിന്റെ അടയാളം പതിയുക എന്നതിൽ അസാംഗത്യമൊന്നുമില്ല. പക്ഷെ, ശരീരത്തിന്റെ നേർഛായ പതിയുക എന്നതു് ഗ്രാഹ്യമല്ല. ശാസ്ത്രീയമായൊരു മഹാ പ്രശ്നമായിത്തീർന്നു ഇതു്. പാരീസിലെ ഒരുസംഘം ശാസ്ത്രജ്ഞന്മാർ ഗവേഷണത്തിനു് സന്നദ്ധരാവുകയും ചെയ്തു.

അവർ ഏററവും നിഷ്പക്ഷനിലയാണു് അവലംബിച്ചതു്. മുൻവിധിയുടെ കണികപോലും അവരെ തീണ്ടിയില്ല. തിരുശീലയുടെ ഫോട്ടോപ്രതികളെ സൂക്ഷ്മപരിശോധനയ്ക്കു് വിധേയമാക്കി. മിശിഹായുടെ പീഡാനുഭവത്തെ സംബന്ധിച്ചുള്ള സുവിശേഷവിവരങ്ങളെല്ലാം അവർ അക്ഷരംപ്രതി പഠിച്ചു. മനുഷ്യശരീരം അതുപോലെ പീഡിപ്പിക്കപ്പെട്ടാലുണ്ടാകുന്ന അനുഭവമെന്തായിരിക്കുമെന്നു് അവർ കൂലങ്കഷപരീക്ഷണവും നടത്തി. ദീർഘപരീക്ഷണത്തിന്റെ ഫലമായി ശാസ്ത്രീയദൃഷ്ട്യാ നോക്കുന്ന പക്ഷം ടൂറിനിലെ തിരുശീലയിൽ യേശുക്രിസ്തുവിന്റെ ശരീരച്ഛായ പതിഞ്ഞിട്ടുണ്ടെന്നു് അവർ പ്രഖ്യാപിച്ചു.

1902-ാം വർഷമായിട്ടും തിരുശീലപ്രശ്നത്തിനു ശാസ്ത്രീയലോകം അവസാനതീരുമാനം ചെയ്തില്ല. 1931-ലെ പരസ്യപ്രദർശനം ഉപോൽബലകമായിത്തീർന്നു. ശാസ്ത്രജ്ഞന്മാരായ പലർക്കും പൂജ്യവസ്ത്രം പരിശോധിക്കുവാനുള്ള അനുമതിലഭിച്ചു. പിയായുടെ ആദ്യപരിശ്രമത്തിനുശേഷം ഫോട്ടോഗ്രഫിയിലുണ്ടായ പുരോഗമനം ഉപകാരപ്രദമായും തീർന്നു. തിരുവസ്ത്രത്തിന്റെ ആകമാനവും, അടയാളങ്ങളുടെ പൂർണ്ണവും ആയ പല ചിത്രങ്ങളെടുക്കുകയുണ്ടായി. ജൂസപ്പേ എൻറി എന്ന വിദഗ്ദ്ധനെയാണു് അതിനു് നിയോഗിച്ചിരുന്നതു്.

മനുഷ്യനിർമ്മിതമല്ല പുണ്യവസ്ത്രത്തിലുള്ള ചിത്രം എന്നതു് അസന്ദിഗ്ദ്ധമായി തെളിഞ്ഞു. ശാസ്ത്രജ്ഞന്മാരുടെ അടുത്ത ശ്രമം അതു് എങ്ങനെ വന്നുകൂടി എന്നതു് ആരായുകയായിരുന്നു. രണ്ടുകൊല്ലത്തെ ഗവേഷണത്തിനുശേഷം ചിത്രം മനുഷ്യശരീരത്തിന്റെ സമ്പർക്കംമൂലമല്ലാതെ മററൊരുതരത്തിലും ഉണ്ടായതല്ല എന്നു സമ്മതിക്കാതെ ശാസ്ത്രപടുക്കൾക്കു് ഗത്യന്തരമില്ലാതായി. ദേഹത്തിന്റെ പുറംഭാഗത്തുനിന്നു് പുറപ്പെട്ട ആവി ശീലയിൽ തട്ടിയിട്ടാണു് നെഗററീവു് ഉണ്ടായതെന്നും അവർക്കു് സമ്മതിക്കേണ്ടതായിവന്നു.

ഡോക്ടർ വിഞ്ഞോൻ, കണ്ണൽ കോൾസൻ എന്നിവർ പല പരീക്ഷണങ്ങളും നടത്തിയശേഷം അമോണിയാവാതകത്തിന്റെ പ്രവർത്തനംമൂലമാണു് ഛായ പതിഞ്ഞിട്ടുള്ളതെന്നു് സമർത്ഥിച്ചു. ദേഹപീഡനംമൂലമുള്ള വിയർപ്പിൽനിന്നു് യൂറിയായും, അതു് മൂത്തു് പ്രസ്തുത വാതകവും ഉണ്ടാകുന്നു. തിരുശീലയിലെ ചെന്നിനായകത്തിൽ വാതകം തട്ടിയിട്ടാണു് ഈ ഫലം ഉത്ഭവിച്ചതു് എന്നും അവർ സമർത്ഥിച്ചു. 1931-ലെ പരിശോധനകളുടെ ഫലമായി മിശിഹായുടെ ശരീരം വേണ്ടതിലധികംസമയം കല്ലറയിൽ കിടന്നിരുന്നെങ്കിൽ, അന്യവാതകങ്ങളുടെ പ്രവർത്തനംമൂലം ഛായ മങ്ങി നഷ്ടപ്പെട്ടുപോകുമായിരുന്നു എന്നു തെളിഞ്ഞു. കർത്താവു് മൂപ്പതു, മൂപ്പത്തഞ്ചുമണിക്കൂർ മാത്രം ശവകുടീരത്തിൽ കിടന്നതുകൊണ്ടാകുന്നു ഇങ്ങനെ സംഭവിച്ചതു്.

നാലു സുവിശേഷങ്ങളിലുള്ള പീഡാനുഭവചരിത്രത്തിനു പുറമേ തത്സംബന്ധമായ അഞ്ചാം സുവിശേഷംതന്നെയാണു് ടൂറിനിലെ തിരുശീല. പീഡിതനായ ക്രിസ്തുവിനെപ്പററി പല ചരിത്രവസ്തുതകളും അതു് വെളിപ്പെടുത്തുന്നുണ്ടു്. ശരീരത്തിന്റെ അകവും, പുറവും ചമ്മട്ടി അടിയുടെ അടയാളം കാണിക്കുന്നു. തിരുമുഖവും, കൈകളും, പാദങ്ങളും മാത്രമാണു് ഒഴിവായിട്ടുള്ളതു്. ഡോക്ടർ വിഞ്ഞോൻ ചമ്മട്ടിയുടെ ആകൃതിതന്നെ ചിത്രീകരിച്ചു. രണ്ടോ മൂന്നോ തുകൽവാറുകൊണ്ടുള്ള ചാട്ടയും, ഓരോന്നിന്റെയും അററത്തു് മെററൽബാളും, ഒന്നരയിഞ്ചു് വലിപ്പമുള്ള ലോഹക്കട്ട അതോടുകൂടി യോജിപ്പിച്ചിരിക്കുന്നതുമാണു് ചമ്മട്ടി. ഓരോ പ്രഹരത്തിലും, ഈ കട്ടകൾ ദേഹത്തിൽ ചെന്നുപതിച്ചു് വലിയ പതക്കു് ഏല്പിച്ചിരുന്നു. രക്തപ്രവാഹം അധികമൊന്നുമില്ലെങ്കിലും, കഠിനമായ വേദനയാണു് അനുഭവപ്പെട്ടതു്. റോമാ ഭടന്മാരുടെ താഡനമേററു് മല്ലന്മാർതന്നെ മരിച്ചുവീണിട്ടുണ്ടു്. "ഇതാ! മനുഷ്യൻ" എന്നുപറഞ്ഞു് പീലാത്തോസു് ചമ്മട്ടികൊണ്ടുള്ള അടിക്കുശേഷം ക്രിസ്തുവിനെ യഹൂദപൗരാവലിക്കു് കാണിച്ചുകൊടുത്തതു് അടിമൂലമുള്ള ഭയങ്കരതകൊണ്ടായിരിക്കണം.

ദേഹത്തുള്ള വ്രണങ്ങളുടെ സ്വരൂപം ഫോട്ടത്തിൽനിന്നു് ലഭിക്കുന്നുണ്ടു്. രക്തം പുരികത്തും, മുടിയിലും ഊറി കട്ടകെട്ടിയിരിക്കുന്നു. തലയുടെ പിന്നിലാണു് അധികം. മുൾത്തൊപ്പിയാണു്, സാധാരണ കലാചിത്രങ്ങളിലേതുപോലുള്ള മുൾമുടിയല്ല തലയിൽ ധരിപ്പിച്ചതു് എന്നത്രെ അടയാളങ്ങൾ വിളിച്ചുപറയുന്നതു്.

ഇടത്തുകൈ വലത്തുകൈയുടെ മീതെ വച്ചിരിക്കുന്നു; അതിലുള്ള മുറിവുമാത്രമേ കാണുന്നുള്ളു. മുറിവാകട്ടെ, കൈപ്പത്തിയിലല്ലാ, ചുവടെ മണിക്കെട്ടിലാകുന്നു. രൂപങ്ങളിലും ചിത്രങ്ങളിലും മറിച്ചു കണ്ടിട്ടുള്ളതുകൊണ്ടു് ഇതു് ആശ്ചര്യം ഉളവാക്കാതിരിക്കയില്ല. പക്ഷെ, കൈപ്പത്തിയിലായി



ടൂറിനിലെ വിശുദ്ധവസ്ത്രത്തിൽപതിഞ്ഞിരിക്കുന്നകർത്താവിന്റെ മുഖം. കല്ലറയിൽ സംസ്കരിക്കപ്പെട്ടപ്പോൾ അവിടുത്തെ മുഖഭാവം ഇപ്രകാരമായിരുന്നു.

തന്നെങ്കിൽ, ഭാരംമൂലം കൈ ചീന്തിപ്പോയേനെ. ഫോട്ടോ കൃത്യമായി അളന്നിട്ടു് നമ്മുടെ കർത്താവിനു് അഞ്ചടി പതിനൊന്നിഞ്ചു് ഉയരമുണ്ടായിരുന്നു എന്നും സാധാരണനിയമപ്രകാരം അതേ ഉയരമുള്ള ഒരാൾക്കു് 170 റാത്തൽ ഭാരം കാണുമെന്നുമുള്ളതു യാഥാർത്ഥ്യം തെളിയിക്കുന്നു. എട്ടു് ചെറിയ എല്ലുള്ള മണിക്കെട്ടിന്റെ നടുവിലെ കുഴിയിൽക്കൂടി ആണി തറച്ചതു് ഭാരം താങ്ങേണ്ടതിനായിരുന്നു. ആണിമൂലം പ്രധാന ഞരമ്പു് വലിഞ്ഞു് തള്ളവിരൽ അകത്തേക്കു് കൂടുകയും, മററു വിരലുകളെല്ലാം അല്പം വളയുകയും ചെയ്യുക സാധാരണയാണു്; പടം പ്രത്യക്ഷപ്പെടുത്തുന്നതും ഇതുതന്നെ.

കാലടികളുടെ ഛായ തെളിഞ്ഞുകാണാം. ശീലയുടെ അററം മടക്കി കാലടികളെ നല്ലപോലെ പൊതിഞ്ഞിട്ടുണ്ടു്. ആണി ഊരിയതോടുകൂടി രക്തം പിന്നെയും പുറപ്പെട്ടിരിക്കുന്നു; അതു് ഉള്ളടിയിൽക്കൂടി ഒലിച്ചു് ഉപ്പൂററിവരെ എത്തി. ഇടത്തുകാലിന്റെ ഉപ്പൂററിയിൽക്കൂടി രക്തം ഒലിച്ചു് തിരുശീലയെ നനച്ചിട്ടുണ്ടു്. പാദങ്ങളുടെ മദ്ധ്യേയാണു് മുറിവുകൾ. ഉപ്പൂററിയുടെ സമീപത്തായി ഉറപ്പുള്ളിടത്തു്, കൈയിലെന്നപോലെ, ആണി തറയ്ക്കുവാനാവശ്യമില്ല; ഭാരം ആണിയിൽ കൊണ്ടിരിക്കുന്നതല്ലാതെ, കീഴോട്ടു് തൂങ്ങി വലിയുന്നില്ല.

രണ്ടു കാലിലുംകൂടി ഒരാണി മാത്രമാണു് തറച്ചതു്. ഈ നിഗമനത്തിനു കാരണം ഇരുപാദവും ഉള്ളിലേക്കു് വലിഞ്ഞും ഇടത്തുകാലിന്റെ മുട്ടു് വളഞ്ഞും ഇരിക്കുന്നതാണു്. ശീലയിൽ പാദത്തിന്റെ മുൻവശം പതിഞ്ഞിട്ടില്ല. അതിന്റെ മടക്കാണു് കാരണം. രക്തം ഒലിച്ചു് ശീല നനഞ്ഞിട്ടുള്ളതുകൊണ്ടു് അസ്പഷ്ടമായ ചില അടയാളങ്ങളില്ലാതില്ല.

വിലാവിലെ മുറിവു് വലത്തുവശത്തും, റോമാക്കാരുടേതുപോലുള്ള കുന്തംകൊണ്ടുണ്ടാവാൻ സാദ്ധ്യതയുള്ളതും, കൈ കടക്കാവുന്നത്ര വലിപ്പമുള്ളതുമാകുന്നു. അഞ്ചും, ആറും പക്കവാരികളുടെ ഇടയ്ക്കാണു് അതു് എന്നത്രെ ഡോക്ടർ ബാർബററിന്റെ തീരുമാനം. കർത്താവിന്റെ തിരുവിലാവിൽനിന്നു് ചാടിയതു് "രക്തവും വെള്ളവും" കൂടി ആയിരുന്നു എന്നും അദ്ദേഹം തീരുമാനിച്ചിരിക്കുന്നു. ചങ്കിൽ നീരു് കെട്ടിനിന്നതു് സുദീർഘമായ ദേഹപീഡനം മൂലമാണു്.

രണ്ടു ചുമലിലുമുള്ള വ്രണം ഗാഗുൽത്തായാത്രയിൽ കുരിശിന്റെ ഭാരംകൊണ്ടുണ്ടായിട്ടുള്ളതാണു്. ചിത്രങ്ങൾ കണ്ടു് നാം മനസ്സിലാക്കിയിട്ടുള്ള രീതിയിലല്ല ക്രിസ്തുനാഥൻ കുരിശു് വഹിച്ചിട്ടുള്ളതു്. ചുമലിന്റെ മേൽഭാഗം ചതഞ്ഞിട്ടില്ല. ഇതു തെളിയിക്കുന്നതു് കുരിശിന്റെ ഇടബന്ധം ചുമലിൽ വിലങ്ങനെവച്ച്, കൈ രണ്ടും വിരിച്ചു അതോടു ബന്ധിച്ചിരുന്നു എന്നാകുന്നു. (നേർബന്ധം കാലേക്കൂട്ടി വധസ്ഥലത്തു് നാട്ടിയിരുന്നു.) ഇങ്ങനെ കൈ ബന്ധിച്ചിരുന്നതിനാൽ നമ്മുടെ കർത്താവിന്റെ വീഴ്ച ക

"അവസാനനാഴിക വരുമ്പോൾ നിങ്ങളുടെ കഴിഞ്ഞ ജീവിതകാലത്തെപ്പററി നിങ്ങൾക്കു് അഭിപ്രായവ്യത്യാസം ഉണ്ടാകും. വിവേകവും നിയന്ത്രണവും ഇല്ലാതെ ജീവിച്ചതിനെപ്പററി അപ്പോൾ നിങ്ങൾ അതിയായി ദുഃഖിക്കും."

(ക്രിസ്ത്വാനുകരണം)

ഠിനവേദന ഉണ്ടാക്കിയിട്ടുണ്ടു്. കമഴ്ന്നു വീഴാതെ ഗത്യന്തരമില്ലെന്നു മാത്രമല്ല, വീണാലെഴുന്നേല്ക്കുക സാദ്ധ്യവുമല്ല. ശീമോൻ കർത്താവിനെ സഹായിച്ചതു് കുരിശു് താങ്ങിയിട്ടല്ല, ഇടബന്ധം ആകമാനം വഹിച്ചുകൊണ്ടായിരുന്നു.

ചരിത്രപ്രസിദ്ധമായ ഈ തിരുശീലയുടെ യാഥാർത്ഥ്യം പാരമ്പര്യവിശ്വാസംമൂലം അന്നോളമിന്നോളം തെളിഞ്ഞിട്ടുള്ളതാകുന്നു. ശാസ്ത്രഗവേഷണംവഴി ആധുനികകാലത്തു്, ക്യാമാ കൂടാതുള്ള ഫോട്ടോവഴി, ഉറപ്പിക്കപ്പെട്ടതു് പതിമൂന്നാം ലെയോ പാപ്പാ പ്രസ്താവിച്ചതുപോലെ ക്രിസ്തുമതവിശ്വാസം, അതിന്റെ അനുയായികളിൽ, ദൃഢമൂലമാകേണ്ടതിനാകുന്നു. മലമുകളിലെ വെളിച്ചംകണക്കെ ലോകമാസകലം അതു് പ്രത്യക്ഷപ്പെടേണ്ടതിനുമാകുന്നു. റോമാക്കാരനായ ശതാധിപൻ ഒന്നാമത്തെ ദുഃഖവെള്ളിയാഴ്ച പറഞ്ഞ വാക്കുകളാണു് ഒരററംമുതൽ മറേറ അററംവരെ, വിശിഷ്യ നമ്മുടെ ഭാരതത്തിൽ മാറെറാലിക്കൊള്ളേണ്ടതു്.

"ഈ മനുഷ്യൻ സത്യമായിട്ടു് ദൈവപുത്രനായിരുന്നു."

ലോകത്തിനു് വേറൊരാളെ കാണിച്ചുതരുവാൻ സാധിക്കുകയില്ല.

---

(൦) 1951 മാർച്ചു്-ഏപ്രിൽ ലക്കം അമേരിക്കൻ "സ്കാപ്പുലർ" മാസിക. ഈ ചിത്രമാണു് ഈ ലക്കത്തിലെ മുഖചിത്രമായി ചേർത്തിരിക്കുന്നതു്.

# ഹൃദയരോദനം

(മിസ്സസ് ഡോക്ടർ പോൾ ജെ. മാമ്പിള്ളി)

അമ്മേ! ദുഃഖിതയായിരിക്കുന്ന എന്റെ അമ്മേ! നാഥാ! ക്രൂശിതനായ എന്റെ നാഥാ! തകർന്ന ഹൃദയത്തോടുകൂടി ഇവൾ ഓടിവന്നിരിക്കയാണ്; നിങ്ങളോടു നന്ദിപറയുവാൻ, നിങ്ങളെ ആശ്വസിപ്പിക്കുവാൻ. എന്നാൽ, നിങ്ങളുടെ തൃപ്പാദങ്ങളിൽ മുട്ടുകുത്തിനിന്നു് ഞാൻ വാവിട്ടു വിലപിക്കയാണ്. ഈ കർത്തവ്യകർമ്മം നിർവ്വഹിക്കുന്നതിനു് എനിക്കു വാക്കുകൾ കിട്ടുന്നില്ല. ഈ പരിതാപകരമായ കാഴ്ച കാണുവാൻ എന്റെ കരളിനു കരുത്തില്ല.

മുപ്പത്തിമൂന്നു സംവത്സരങ്ങൾക്കുമുമ്പ് അമ്മയുടെ മടിത്തട്ടിൽ കിടന്നു കളിച്ചുല്ലസിച്ച ദൈവകുമാരൻതന്നെയല്ലേ ഇന്നു സർവ്വാംഗം മുറിവുകളോടെ മൃതദേഹമായി ഈ മടിയിൽ കിടക്കുന്നതു? അന്നു പ്രസന്നമായി കാണപ്പെട്ട അമ്മയുടെ മുഖകമലം ഇന്നിതാ വാടിക്കരിഞ്ഞു വിരൂപമായിരിക്കുന്നു. പ്രശാന്തസുന്ദരങ്ങളായ നേത്രങ്ങൾ അടഞ്ഞും കണ്ണുനീർ ചിന്തിയും കാണപ്പെടുന്നു.

പുത്രവത്സലയായ അമ്മയുടെ ചിന്ത അനേകവർഷങ്ങളെ പിന്നിട്ട് ഈശോയുടെ ബാല്യകാലത്തിലേക്കു പാഞ്ഞുപോയി. പിച്ചവെച്ചുനടക്കുന്ന ആ കൊച്ചടികൾ, പുഞ്ചിരിക്കൊഞ്ചലുകൾ, മാതാപിതാക്കന്മാരെ സഹായിക്കുന്ന രംഗം, ഇവയെല്ലാം ഈ മാതൃമനസ്സിൽ മാറിമാറിവരുന്നുണ്ടു്. പലവട്ടം അമ്മയുടെ മനം കുളുർപ്പിച്ചിട്ടുള്ള ആ മധുരസ്മരണകൾ ഇന്നു അമ്മയുടെ കരളിനെ കരണ്ടുതിന്നുകയാണ്.

ഈ അരുമക്കുമാരന്റെ ആദ്യത്തെ അത്ഭുതപ്രവൃത്തി അമ്മ അനുസ്മരിക്കയാണു: "കാനായിലെ കല്യാണവിരുന്ന് അവസാനിച്ചിട്ടില്ല. അവിചാരിതമായി വീഞ്ഞു തീർന്നുപോയി ആ അനിഷ്ടസംഭവമറിയിച്ച എന്നോട് അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള സമയമായിട്ടില്ലായെന്നു് ഈശോ പറഞ്ഞു. എന്നിരുന്നാലും ഒഴിഞ്ഞ ഭരണികളിൽ വെള്ളം നിറയ്ക്കുവാൻ ഭൃത്യന്മാരോടാജ്ഞാപിക്കയാണ്. ആ വെള്ളം വീഞ്ഞാക്കിക്കൊടുക്കയാണു. എന്നോടുള്ള സ്നേഹത്തേയും അനുസരണയേയും വിളിച്ചറിയിക്കുന്ന അത്ഭുതസംഭവം. അതിന്റെ ഏടുകൾ മറിക്കുവാനോ മറക്കുവാനോ വയ്യാത്തവണ്ണം എന്റെമുമ്പിൽ നിശ്ചലമായി നിലകൊള്ളുകയാണ്. അതെന്നെ വേദനിപ്പിക്കയാണ്." മരിച്ചു മടിയിൽകിടക്കുന്ന ഏററവും പ്രിയപ്പെട്ട ഏകപുത്രന്റെ കവിൾത്തടങ്ങളിൽ ചുംബനങ്ങൾ അർപ്പിച്ചു് അമ്മ കരയുകയാണ്. അമ്മേ! കരയരുതെ.

തന്റെ ഓമനമകന്റെ പരസ്യജീവിതത്തിലേക്കു് അമ്മയുടെ ഓർമ്മ പാഞ്ഞെത്തി. അമ്മ ചിന്തിക്കുകയാണു: "ഈ പൂജ്യപുത്രന്റെ രഹസ്യജീവിതം അവസാനിച്ചു. പരസ്യജീവിതം ആരംഭിച്ചു. അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള സമയം സമാഗതമായി. കാരുണ്യത്തിന്റെ നീണ്ട ചരിത്രം തുടങ്ങുകയായി. ജനങ്ങൾ അവന്റെചുററും കൂടി; ആ മധുരസംഭാഷണം കേൾക്കുവാൻ. ശാന്തമായ ഉപദേശം ശ്രവിക്കുവാൻ. ആ സ്വരം ഇന്നും എന്റെ കർണ്ണപുടങ്ങളിൽ മുഴങ്ങുകയാണു്. അനേകം നീറുന്ന ഹൃദയങ്ങൾക്കു നിറഞ്ഞ സന്തോഷം നൽകിയ വാക്കുകൾ. ആശയററ മനസ്സിനു തികഞ്ഞ തൃപ്തി കൊടുത്ത വചനങ്ങൾ. ഹാ! അവ ഉച്ചരിച്ച മൃദുലമായ അധരങ്ങൾ അനങ്ങുന്നുപോലുമില്ല.

"നീറുന്നസ്നേഹദാഹത്തോടുകൂടി അവൻ നാടുനീളം നടന്നു; നാട്ടാർക്കു നന്മചെയ്യുവാൻ. ആത്മാക്കളെ രക്ഷിക്കുവാൻ. സംഭവബഹുലമായ ഘട്ടം. വിശ്രമരഹിതമായ ജീവിതം; അവൻ രോഗികളെ സുഖപ്പെടുത്തുന്നു; മരിച്ചവരെ ഉയിപ്പിക്കുന്നു; പിശാചുബാധകൾ ഒഴിക്കുന്നു; കുരുടന്മാർക്കു് കാഴ്ചയും ചെകിടന്മാർക്കു കേൾവിയും കൊടുക്കുന്നു; നിറഞ്ഞ കൃതജ്ഞതയോടുകൂടി അവർ തുള്ളിച്ചാടി പോകയാണ് ഈ അത്ഭുതങ്ങൾ ലോകത്തെ അറിയിക്കുവാൻ. അവയെല്ലാം പ്രവർത്തിച്ച എന്റെ ഓമനമകൻ ഇതാ ഒന്നുമറിയാത്തതുപോലെ കിടക്കുന്നു; ലോകരക്ഷയ്ക്കുവേണ്ടി സ്വജീവനെ ബലികഴിച്ചുകൊണ്ടു്.

"ആ അത്ഭുതങ്ങളെല്ലാമറിഞ്ഞു് മരുഭൂമികളിൽ നരകിച്ചു ജീവിക്കുന്ന കുഷ്ഠരോഗികൾ ഓടിയെത്തി; യേശുവിനോടു കരുണയാചിക്കുവാൻ. പൊതുവഴികളിൽ പ്രവേശിക്കുവാൻപോലും നിരോധിക്കപ്പെട്ടിരിക്കുന്ന അവരെ ശിഷ്യന്മാർകൂടി ആട്ടിയോടിച്ചു. എന്നാൽ ആ നല്ലമകൻ അനുകമ്പയോടുകൂടി അടുത്തുചെല്ലുകയാണു്; അവർക്കു മംഗളം അരുളുവാൻ. ആരോഗ്യം പ്രദാനംചെയ്യുവാൻ. അറപ്പും വെറുപ്പുംകൊണ്ടു ജനങ്ങൾ തിരിഞ്ഞുനോക്കുവാൻപോലും മടിക്കുന്ന ആ ഭയങ്കര പകർച്ചവ്യാധിക്കാരെ—കൈകാലുകൾ മുറിഞ്ഞു് അഴുകിപ്പുഴുകി ചലമൊലിക്കുന്ന ദേഹങ്ങളെ—ഈശോ താങ്ങി എഴുന്നേല്പിക്കുന്നു. അവർക്കു പരിപൂർണ്ണസുഖം പ്രദാനംചെയ്യുന്നു. സാഹോദര്യത്തിന്റെ മറെറാരു മാററൊലി. സ്നേഹത്തിന്റെ സാക്ഷാൽ മാതൃക." ആ കാരുണ്യം പ്രവർത്തിച്ച കൈകളെ അമ്മ പിടിച്ചു നോക്കുകയാണ്. ആ മരവിച്ച കരങ്ങളെ ചുംബിച്ചു് ഏങ്ങിക്കരയുകയാണ്. അമ്മേ! കരയരുതെ. അനേകനൂററാണ്ടുകൾക്കുശേഷം സമത്വത്തിന്റെ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു് ഉടലെടുക്കാനിരിക്കുന്ന നിരീശ്വരപ്രസ്ഥാനങ്ങളെ വെല്ലുവിളിക്കയും അതിലേറെ ലജ്ജിപ്പിക്കയുംചെയ്യുന്ന മഹാ മഹൽപ്രവൃത്തികളാണവ.

പിന്നെയും ആയിരമായിരം സ്മരണകൾ അമ്മയുടെ സ്മൃതിപഥത്തിൽ പൊങ്ങിവരികയാണ്. അവ മനസ്സിന്റെ വേദന കൂട്ടുകയാണ്. അമ്മയുടെ ആത്മഗതം: "മനുഷ്യരോടുള്ള സ്നേഹം എന്റെ മകനെ എന്താക്കിത്തീർത്തു; അവൻ അത്ഭുതങ്ങൾ ചെയ്തു് അനേകംപേരെ രക്ഷിച്ചു. നന്മചെയ്യണമെന്നു ജനങ്ങളെ ഉപദേശിച്ചു. തിന്മചെയ്യരുതെന്നു വിലക്കി. അക്രമങ്ങളും അനീതികളും ഉന്മൂലനംചെയ്യുവാൻ ഉററുശ്രമിച്ചു. ഇതാണവൻ ചെയ്ത കുററങ്ങൾ. ഇതാണാജീവിതത്തിൽ കണ്ടെത്തിയ കുറവുകൾ. ഇതിനു വഴിപ്പെടാത്തവരുടെ കോപത്തിനവൻ ഇരയായി. പൈശാചികജീവിതം നയിച്ചിരുന്ന ഭരണാധികാരികളുടെ ബദ്ധവൈരിയായി. ദുർമ്മാർഗ്ഗികളും കപടഭക്തരുമായ പുരോഹിതന്മാരുടെ പരമവിരോധിയായി. പണ്ടേതന്നെ അവന്റെ അത്ഭുതപ്രവർത്തനങ്ങൾ കണ്ടു് അസൂയാലുക്കളായിത്തീർന്ന അവർ ആവേശത്തോടുകൂടി മുന്നോട്ടുവന്നു; തങ്ങളെ ഉപദേശിക്കുന്ന തച്ചന്റെ മകനെ നാമാവശേഷമാക്കണമെന്നലറിക്കൊണ്ടു്.

"പലവട്ടം യേശു അതിൽനിന്നു രക്ഷപെട്ടുപോന്നു. ഈ നികൃഷ്ടലോകത്തിനു പലതുമൊക്കെ പറഞ്ഞുകൊടുക്കാനുണ്ടായിരുന്നു. ചിലതൊക്കെ ചെയ്തുതീർക്കാനുമുണ്ടായിരുന്നു. എല്ലാം കഴിഞ്ഞു. അവന്റെ ജോലികളെല്ലാം അവസാനിച്ചു. എന്നിട്ടും ദുഷിച്ച ജീവിതം ഉപേക്ഷിക്കാത്ത പലരേയും അവൻ കണ്ടു. പാപത്തിന്റെ പാഴ്‌വലയിൽപ്പെട്ടു് നശിക്കുവാനിരിക്കുന്ന നരകുലത്തിന്റെ ഒരു നല്ല വിഭാഗത്തെ ഈശോ ദർശിച്ചു. അതു അവന്റെ സ്നേഹഹൃദയത്തെ ഭേദിച്ചു. സ്വജീവനെ ബലികഴിച്ചിട്ടുപോലും അനശ്വരാത്മാക്കളെ രക്ഷിക്കുവാൻ അവൻ തയ്യാറായി. അന്നാണ് അന്ത്യയാത്ര പറയുവാനായി എന്റെ അടുത്തുവന്നതു്. ഹാ! നിറഞ്ഞ കണ്ണുകളോടുകൂടി പറഞ്ഞ ആ അവസാനയാത്ര; ഹൃദ്യമായ ആശ്വാസവാക്കുകൾ; അതെനിക്കു ഓർക്കുവാൻകൂടി വയ്യ." അമ്മ വിങ്ങിവിങ്ങി കരയുകയാണ്. അമ്മേ! കരയരുതെ.

ഈശോയെപ്പററി കേട്ടതും കണ്ടതുമെല്ലാം അമ്മയുടെ ഓർമ്മയിൽ വരുന്നു. "ഒടുക്കത്തെ അത്താഴത്തിനുള്ള സമയമായി. പ്രാണതുല്യം സ്നേഹിച്ചിരുന്ന ശിഷ്യന്മാർ പന്ത്രണ്ടുപേരും ആഗതരായി. അവർ ഗുരുവിനുചുററുംകൂടി ഇരുന്നു; ആ വിലയേറിയ വാക്കുകൾ കേൾക്കുവാൻ; അത്താഴത്തിൽ പങ്കുകൊള്ളുവാൻ. അവർ അറിയേണ്ടവ എല്ലാം അവൻ അറിയിച്ചു. അവരിൽ ഒരു തർക്കം തലപൊക്കി. തങ്ങളിൽ ആരാണ് വലിയവനെന്നു്. ഏററവും എളിയവനാണ് വലിയവനെന്നു് യേശു പറഞ്ഞു. ഉടനേ എഴുന്നേററു. ഒരുപാത്രം വെള്ളമെടുത്തു. ഒരു തുവാല അരയിൽകെട്ടി. ആ ഗുരുശ്രേഷ്ഠൻ ശിഷ്യരുടെ കാലുകൾ കഴുകുകയാണ്; സ്നേഹപൂർവ്വം തുടയ്ക്കുകയാണ്. എത്ര വലിയ എളിമപ്രവൃത്തി! തന്നെ ഒററിക്കൊടുക്കുവാനിരിക്കുന്ന യൂദാസിന്റെ കാലുകളും കഴുകുന്നു; വരുവാനിരിക്കുന്നതെല്ലാം കണ്ടുകൊണ്ടു്. യാതൊരു വൈരാഗ്യവും വിചാരിക്കാതെ. ദുർഭഗനായ യൂദാസ്! ആ സമയമെങ്കിലും നീ നന്ദിയോടുകൂടി നിന്റെ ഗുരുനാഥനെ കെട്ടിപ്പിടിച്ചു പൊറുതിപറഞ്ഞില്ലല്ലോ. ഹാ! നിന്റെ കടുത്ത മനസ്സ്; നിന്റെ ദ്രവ്യാഗ്രഹം; അതു നിന്നെ നശിപ്പിച്ചുകളഞ്ഞു.

"അതിനുശേഷമാണ് ആ വലിയ അത്ഭുതം നടന്നതു്; വിശുദ്ധ കർബാനയുടെ സ്ഥാപനം. ഏററവും വലിയ സ്നേഹത്തിന്റെ കൂദാശ; ലോകമുള്ളിടത്തോളംകാലം നിലനില്ക്കുന്ന, മറവിക്കു മായിച്ചുകളയുവാൻ കഴിയാത്ത മഹാസംഭവം. അതു് അനേകം വേദനിക്കുന്ന ഹൃദയങ്ങളെ ആനന്ദിപ്പിക്കുന്നതാണ് — തളർന്ന ജീവനെ ബലപ്പെടുത്തുന്നതാണ്. നേരമേറെ കഴിയേണ്ടിവന്നില്ല. തനിക്കു സംഭവിപ്പാനിരിക്കുന്നതെല്ലാം അവൻ ശിഷ്യരെ അറിയിച്ചു. അവരോടന്ത്യയാത്ര പറഞ്ഞു. ശത്രുക്കൾക്കെതിരെ പുറപ്പെട്ടു; മനഃപൂർവ്വം മരണംവരിക്കുവാൻ. അങ്ങനെയെങ്കിലും നരകുലത്തെ നാശത്തിൽനിന്നു രക്ഷിക്കുവാൻ. ഹാ! അന്നു ഞാൻ എങ്ങനെ കഴിച്ചുകൂട്ടി. ഒരുകണ്ണിനു നേരം വെളുപ്പിച്ചു ഞാൻ ഓടിച്ചെന്നു, എന്റെ മകനെന്തുസംഭവിച്ചെന്നറിയുവാൻ.


"രാത്രി മുഴുവൻ അനുഭവിച്ച പീഡനങ്ങളുടേയും താഡനങ്ങളുടേയും ഫലമായി പരവശനായിത്തീർന്ന ഈശോ വേച്ചും വിറച്ചും പോകയാണ്; പീലാത്തോസിന്റെ പക്കൽനിന്നും മരണവിധി സ്വീകരിക്കുവാൻ. ഒരു മഹാപാതകിയെപ്പോലെ അവന്റെ കരങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. കഴുത്തിൽ നീളമുള്ള ഒരു തുടൽ തൂങ്ങിക്കിടക്കുന്നുണ്ടു്. അഴുക്കുനിറഞ്ഞ വസ്ത്രമാണ് ധരിച്ചിരിക്കുന്നതു്. അരയിൽ കെട്ടിയിരിക്കുന്ന കയറുകളിൽ പിടിച്ചു് അവനെ ഇരുവശങ്ങളിലേക്കും വലിക്കുന്നു. മനോഹരമായിരുന്ന ആ മുഖം തിരിച്ചറിയുവാൻപോലും പാടില്ലാത്തവിധത്തിൽ വിരൂപമായിപ്പോയി; ഒരു കുഷ്ഠരോഗിയുടെ മുഖംപോലെ. ഈ സ്ഥിതിയിൽ ഈശോയെ കണ്ടു് ഞാൻ ബോധംകെട്ടു തളർന്നു വീണുപോയി. ശത്രുക്കൾ അവനെ എത്രകണ്ടു് ഞെരുക്കിയെന്നോർത്തു് ഞെട്ടിപ്പോയി.

"മരണം ലഭിക്കുന്നതിനായി അവൻ അങ്ങോട്ടും ഇങ്ങോട്ടുംനടന്നു കഷ്ടപ്പെട്ടു. യഹൂദന്മാരുടെ അധിക്ഷേപങ്ങളുടേയും അവഹേളനങ്ങളുടേയും മദ്ധ്യേ നിരാധാരനായ എന്റെ മകനെ വലിച്ചിഴച്ചു് അവർ കൊണ്ടുനടന്നു. ഹേറോദേസ് അവനെ ഭ്രാന്തന്റെ വേഷംകെട്ടിച്ചു. പീലാത്തോസ് ഒരു കൊലപാതകിയോടു അവനെ തുല്യപ്പെടുത്തി. ആ കളങ്കരഹിതനെ കൽത്തൂണിൽകെട്ടി അടിക്കുവാൻ ആജ്ഞാപിച്ചു. ക്രൂരസേവകർ ഈശോയെ കൽത്തൂണിൽകെട്ടി കഠിനമായി അടിച്ചു ഭേദിപ്പിച്ചു. ദേഹം മുഴുവൻ പൊട്ടിച്ചു." വേദനാജനകങ്ങളായ ഈ വികാരങ്ങളോടുകൂടി അവിടുത്തെ തിരുമേനിയിലുള്ള അടികളുടെ പാടു നോക്കി ഹൃദയവേദനയോടുകൂടി അമ്മ കരയുകയാണ്. അമ്മേ! കരയരുതെ.

സന്തപ്തചിത്തയായ അമ്മ വീണ്ടും ചിന്തിക്കുന്നു: "അവന്റെ തലയിൽ അവർ മുൾമുടിവെച്ചു തറച്ചു. ആ മുള്ളുകളുടെ ഇടയിൽക്കൂടി ഒഴുകിയ രക്തംകൊണ്ടു് മുഖം മുഴുവൻ വിവർണ്ണമായിപ്പോയി. അടികൊണ്ടു ദേഹമാസകലം പൊട്ടിയ മുറിവുകളിൽക്കൂടി രക്തമൊഴുകിക്കൊണ്ടിരിക്കുന്നു. ശത്രുക്കളുടെ അട്ടഹാസങ്ങളും ഉപദ്രവങ്ങളും അവൻ മൗനമായി സഹിക്കുന്നു. പീലാത്തോസിന്റെ ഭയങ്കരവിധിപ്രസ്താവന പ്രശാന്തമായി ശ്രവിക്കുന്നു. എന്നാൽ ആ വിധിത്തീർപ്പ് എന്റെ ഹൃദയത്തിന്റെ ആഴത്തിൽ ആഞ്ഞുതറച്ചു. ഇനിയും നടക്കുവാനിരിക്കുന്ന പീഡനങ്ങൾ. അവമാനകരമായ മരണം. അതെനിക്കു സഹിക്കുവാൻ സാധിച്ചില്ല. ഞാൻ മറിഞ്ഞുവീണുപോയി, ബോധരഹിതയായി.

"ഹാ! ഈ മരക്കുരിശിനു പിന്നിൽ സ്നേഹസമ്പന്നനായ എന്റെ മകന്റെ മായാത്ത ചരിത്രം തെളിഞ്ഞുകാണുന്നു. ഈശോ ഈ ഭാരമേറിയ കുരിശും വഹിച്ചുകൊണ്ടു മലമുകളിലേക്കു കയറി. അവൻ നടക്കുകയല്ല, ഇഴയുകയാണ്. ദുരന്തദുരിതമനുഭവിച്ചുകൊണ്ടുപോകുന്ന അവൻ കുരിശിനോടുകൂടി കമിഴ്ന്നുവീഴുന്നു. പരിതഃസ്ഥിതികളെല്ലാം മറന്നു് ആ പുരുഷാരമദ്ധ്യേ ഞാൻ മുന്നോട്ടുചെന്നു; കർത്താവിനെ കൈകളിൽ താങ്ങുവാൻ. സഹായിക്കുന്നതിനുപകരം സഹതാപത്തിന്റെ മുഖാവരണം മാററി ആ ദുഷ്ടശത്രുക്കൾ അവജ്ഞാപൂർവ്വം എന്നെ അപലപിച്ചു. നീറിപ്പിടിക്കുന്ന നിസ്സഹായത. അതെന്നെ പിന്നാക്കം മാററി. ഞാൻ ബോധരഹിതയായി വീണുപോയി.

"ബോധം തെളിഞ്ഞപ്പോൾ ഞാൻ ഈശോയെ അന്വേഷിച്ചു പുറപ്പെട്ടു. വധസ്ഥലത്തെത്തി. അവനെ കുരിശിൽ തറയ്ക്കുന്നതിനുള്ള ഉപകരണങ്ങളെല്ലാം ഞാൻ അവിടെ കണ്ടു. അവ എന്റെ ഹൃദയത്തെ ഭേദിച്ചു. ക്രൂശിക്കുവാനുള്ള സമയമായി. ഈശോ അനുസരണയോടെ കുരിശിൽ കിടന്നുകൊടുക്കുന്നു; പരിശുദ്ധമായ ബലി നിറവേററുവാൻ ഘാതകർ അവന്റെ കൈകാലുകൾ അതിശക്തിയായി പിടിച്ചുവലിച്ചു് ആണിപ്പഴുതിലേക്കടുപ്പിച്ചു. കുരിശിനോടുകൂട്ടിത്തറച്ചു. ആ ആണിയടിയും ഈശോയുടെ വേദനനിറഞ്ഞ ഞരക്കങ്ങളും കേട്ടു് ഞാൻ ഞെട്ടിവിറച്ചു. അവ എന്റെ ഹൃദയത്തിൽ തുളച്ചുകയറുന്നതുപോലെ തോന്നി. നിസ്സ്വതയുടേയും നിസ്സഹായതയുടേയും മുമ്പിൽ ഞാൻ മൂകയായി, നിശ്ചേഷ്ടയായി നിന്നുപോയി." ഈ നീറുന്ന നൂറുനൂറു ചിന്തകൾക്കിടയിൽ ആ തൃക്കരങ്ങളിലെ ആണിപ്പഴുതുകളെ അമ്മ കണ്ണുനീരോടുകൂടി



മാർച്ച് 19-ാംനു- മാർ യൗസേപ്പിന്റെ മരണത്തിരുനാളിൽ ആലുവാ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ വകയായി പ്രിയോർ പെ. ബ. ക്ലെമൻഡച്ചന്റെ നേതൃത്വത്തിൽ 1500-ഓളം സാധുക്കൾക്കു അന്നദാനം ചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോകൾ.

മുത്തുകയാണ്. തോരാത്തകണ്ണുനീർ.

ഏതാനും മണിക്കൂറുകൾക്കു മുമ്പു നടന്ന മഹാബലി അമ്മയുടെ മനോദർപ്പണത്തിൽ പ്രതിബിംബിക്കയാണ്. അമ്മ ഓർക്കുന്നു: "ഈശോയെ അവർ കുരിശിൽനിന്നുകൂടി പൊക്കിയെടുത്തു് കുഴിയിലേക്കിട്ടു. ആ കല്ലുകൾകൊണ്ടു് തിരുമേനിയിലെ മുറിവുകളാകെ തുറക്കപ്പെട്ടു. ചുറ്റുപാടും രക്തം തെറിച്ചു. മകനേ! അഞ്ചാറു ദിവസങ്ങൾക്കു മുമ്പു് യൂദന്മാരുടെ രാജാവായി ആഡംബരത്തോടുകൂടി അംഗീകരിക്കപ്പെട്ട നീ, നിസ്സഹായനായി, നഗ്നനായി, ദുഃഖാർത്തനായി രണ്ടു കള്ളന്മാരുടെ നടുവിൽ കുരിശിൽ തൂങ്ങിക്കിടന്ന ഭയങ്കരകാഴ്ച ഞാൻ കണ്ടു. എൻ്റെ ഹൃദയം തകർന്നുപോയി. ആ മൂന്നു കാരിരുമ്പാണികളിൽക്കിടന്നു നീ മരണവ്യാകുലതയനുഭവിച്ചു വേദനനിറഞ്ഞ മൂന്നു നീണ്ട മണിക്കൂറുകൾ മുഴുവൻ ഞാൻ നിന്നെനോക്കിനിന്നു. മമ്മഭേദകമായ ആ സമയത്തുകൂടി പൊട്ടിച്ചിരികളും പരിഹാസവാക്കുകളും പുറപ്പെട്ടുകൊണ്ടിരുന്നു. നിൻ്റെ ശത്രുക്കളിൽനിന്നു് അതു കേട്ടു ഞാൻ പൊട്ടിക്കരഞ്ഞുപോയി. നിൻ്റെ അന്ത്യവചസ്സുകൾ ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. ഭയങ്കരവേദന അനുഭവിക്കുന്ന ആ അവസരത്തിൽപ്പോലും ഏകപുത്രൻ നഷ്ടപ്പെടുവാൻ പോകുന്ന വിധവയായ എന്നെ നീ അനുകമ്പയോടെ നോക്കി. അടുത്തുനില്ക്കുന്ന യോഹന്നാൻ്റെ സംരക്ഷണയിൽ എന്നെ നീ ഏല്പിച്ചു. ആ വാക്കുകൾ എൻ്റെ ഹൃദയത്തിൽ തറഞ്ഞുകയറി. മനോവേദനയുടെ തീച്ചൂളയിൽ ഞാൻ വെന്തെരിഞ്ഞുപോയി. ആ വേദനകളെല്ലാം നിൻ്റെ വേദനകളോടുചേർത്തു് ഞാൻ നിത്യപിതാവിനു കാഴ്ചവെച്ചു. അതിദാരുണമായ നിൻ്റെ മരണം ഞാൻ നേരിട്ടു കണ്ടു. എനിക്കു സഹിക്കുവാൻ പാടില്ലാത്ത വേദനതോന്നി. ഹൃദയം മുറിച്ചെടുക്കുന്നതുപോലുള്ള വേദന. ഹാ! ഈ വേർപാടിൻ്റെ വിടവു നികത്താനെന്നു സാധിക്കും മകനേ!" അതാ അമ്മ പൊട്ടിക്കരഞ്ഞുകൊണ്ടു് ഈശോയുടെ തലയും മുഖവും തടവി മുത്തുന്നു. നീർപ്പുഞ്ഞി നനച്ചു് അവയെല്ലാം തുടയ്ക്കുന്നു.

അമ്മേ! അമ്മ കരയേണ്ട. ഞാനാണു കരയേണ്ടതു്. ഇതെല്ലാം എൻ്റെ വേലയാണ്. അവിടുത്തെ ഘാതകരെക്കാൾ ഞാനാണു കുറ്റക്കാരി. യാതൊരു ഒഴികഴിവും എനിക്കു പറയുവാനില്ല. ഈശോ പാടുപെടുന്നതിനും കുരിശിൽ തൂങ്ങുന്നതിനും എൻ്റെ പാപമാണു കാരണം. എന്നെ ജീവിപ്പിക്കുവാൻ വേണ്ടിയാണവിടുന്നു ജീവൻ വെടിഞ്ഞതു്. അമ്മേ! ക്ഷമിക്കണമെ. ഇനിമേലിൽ നിങ്ങളെ ഉപദ്രവിക്കയില്ലെന്നു ഞാൻ ഉറപ്പുപറയുന്നു; അമ്മയുടെ സഹായം എനിക്കുണ്ടായാൽ മാത്രം മതി. ഹാ! അമ്മ കരയരുതെ. ഞാൻ കരഞ്ഞുകൊള്ളാം. എൻ്റെ കണ്ണുനീരുകൊണ്ടു ഈ മുറിവുകളെല്ലാം ഞാൻ കഴുകിക്കൊള്ളാം. എൻ്റെ ചുംബനങ്ങൾകൊണ്ടു് ഈ രക്തമെല്ലാം തുടച്ചെടുത്തുകൊള്ളാം. എൻ്റെ പരിഹാരപ്രവൃത്തികൾ വഴിയായി ഞാൻ ഈശോയെ ആശ്വസിപ്പിച്ചുകൊള്ളാം.

നാഥാ! ക്ഷമിക്കണമേ. അങ്ങയോടു കാണിച്ച കാഠിന്യങ്ങൾക്കെല്ലാം ഞാൻ അതിയായി ഖേദിക്കുന്നു. മേലിൽ അങ്ങയെ ഉപദ്രവിക്കാതിരിപ്പാനുള്ള അനുഗ്രഹം എനിക്കുതരുക. അമ്മയോടൊന്നിച്ചു് അങ്ങയുടെ ഓരോ മുറിവും ഞാൻ മുത്തുന്നു. എൻ്റെ അധരങ്ങൾകൊണ്ടു് ഈ രക്തമെല്ലാം ഞാൻ തുടച്ചെടുക്കുന്നു. എനിക്കും അങ്ങയെ ഉപദ്രവിക്കുന്ന ഓരോരുത്തനും വേണ്ടി ഞാൻ ക്ഷമാപണം ചെയ്യുന്നു. എല്ലാവർക്കുംവേണ്ടി അങ്ങയെ ഞാൻ സ്നേഹിക്കുകയും അങ്ങേക്കു ഞാൻ നന്ദിപറയുകയും അങ്ങയെ ഞാൻ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. നാഥാ! കരുണയായിരിക്കണമെ.

അമ്മേ! കരയരുതെ.

# പുനരുത്ഥാനപുണ്യദിനം

(ജയിംസ് കെ. സി., മണിമല)

I

ഞാൻ ഈ രാജവീഥിയിലൂടെ പിറകോട്ടൊന്നു കടന്നുപൊയ്ക്കൊള്ളട്ടെ. പുരോഗമനത്തിൻ്റെ വ്യഗ്രതയിൽ ആവേശംകൊണ്ടുഴറുന്ന ആധുനികലോകത്തിനു് എനിക്കു വഴിമാറിത്തരുവാൻ നേരമില്ല. പുതുമപൂരണ്ട പുലരിയിലേക്കാണ് എല്ലാവരും നെട്ടോട്ടമോടുക. പഴക്കംചെന്ന സ്മരണകളുടെ പാഴ്വഴിയിലൂടെ പിന്നോക്കം പോകുന്നവർക്കു് "അർഹമായ" ഒരു പേരുണ്ടാകാം. "പിന്തിരിപ്പൻ". ക്ഷമിക്കണേ. കൃത്യനിരതമായ ലോകം എൻ്റെ നേരെ നീട്ടിയിരിക്കുന്ന ചൂണ്ടുവിരലിൻ്റെ അഗ്രത്തിലുണ്ടു്, ആ അഭിധാനം മധ്യേ. എന്നാലും കാലത്തിൻ്റെ കറുത്ത യവനികകൾ വലിച്ചു നീക്കി നീക്കി എനിക്കു പിറകോട്ടു പോകണം. വിനാഴികകൾ.. നാഴികകൾ...ദിവസങ്ങൾ...മാസങ്ങൾ!!...വത്സരങ്ങൾ!!! നൂറ്റാണ്ടുകൾ....ഹാ! അതു പത്തൊൻപതു കഴിഞ്ഞിരിക്കുന്നു. ഭാവനേ! നില്ക്കു; ചിന്തേ! ചിറകൊതുക്കു!!...



* * *

ഉഷസ്സിൻ്റെ കവാടം ഇനിയും തുറക്കപ്പെട്ടിട്ടില്ല; പ്രാചിയുടെ കവിൾ തുടുത്തുതുടങ്ങി. ആ കുങ്കുമചരവിയിലും ചിമ്മാത്ത നേത്രങ്ങളോടെ, താരങ്ങൾ നോക്കിനില്ക്കുകയാണ്. ആകാശത്തിൻ്റെ നീലമേലാപ്പിൽ മേഘശകലങ്ങൾ വിചിത്രപ്പുന്നികൾ തുടങ്ങിയിട്ടു നേരം കുറെയായി. ആരുടെയോ എഴുന്നള്ളത്തിനു് അവർ അക്ഷമരായി കാത്തുനില്ക്കുന്നു.

പൂമൊട്ടുകൾ പാതിവിടർന്ന കണ്ണുകൾ ഇനിയും പൂട്ടിയിട്ടില്ല. മന്ദാനിലൻ അവയുടെ കവാടത്തിൽ പിന്നെയും പിന്നെയും മുട്ടിവിളിക്കുകയാണ്. കുയിലുകൾ പാടുവാൻ തളിർ ഭുജിച്ചു സന്നദ്ധരായിനില്ക്കുന്നു. താളകലവികൾ തരുശിഖരങ്ങളിൽ നേരത്തെ ദൃശ്യമായി.

താലവൃക്ഷങ്ങൾ പച്ചക്കുടകൾ വിടുത്തിക്കഴിഞ്ഞു. പ്രാചിയുടെ മണിമുറ്റത്തുനിന്നു് അണഞ്ഞ കുളിർത്തെന്നൽ അവയെ ഒന്നൊന്നായി പിടിച്ചുലച്ചു നോക്കുന്നു.

ഭൂതലത്തിൽ നോക്കുന്നിടത്തെല്ലാം പച്ചവിരിപ്പേയുള്ളു. ധാവള്യത്തിൻ്റെ ചൈതന്യമുറ്റ മുത്തുമണികൾ അതിനെ അനുസ്യൂതം അലങ്കരിക്കുന്നു...."

ആരുടെ എതിരേല്പിനാണോ പ്രകൃതി ഇത്ര പ്രസന്നയായി അണിഞ്ഞൊരുങ്ങുന്നതു്!

ഏതു പള്ളിത്തേരുകളാണോ ഈ പ്രഭാപൂരിതമായ രാജവീഥിയിലൂടെ നീങ്ങുവാൻ പോകുന്നതു ?

പ്രാചിയുടെ സിംഹാസനത്തിൽ വെളിച്ചം വീശിത്തുടങ്ങി. പ്രതീചിയിലെ താഴ്‌വരകളിൽ തങ്ങിനില്ക്കുന്ന ഇരുൾക്കൂട്ടങ്ങൾ ഭാണ്ഡംമുറുക്കുവാൻ തയ്യാറാകുന്നു.

എന്തു്? ദിങ്മുഖരേഖകളെ മായിക്കുന്ന ആ തേജപ്രസരം എവിടെനിന്നാണ്. ആഴിവീചികളിലും അദ്രിശൃംഗങ്ങളിലും പുളകംപൂശിയ പൊൽപ്പുങ്കതിരുകൾ!!

അല്ല; റാംസാ യൗസേപ്പിൻ്റെ തോട്ടത്തിലെ പുത്തൻകല്ലറയിൽനിന്നാണല്ലോ ആ പ്രഭാപ്രവാഹം! ഹാ! മരിയാത്മജൻ്റെ മഹിതകാന്തിപരീതമായ പുനരുത്ഥാനമല്ലേ!

തോൾത്തലം കവിഞ്ഞു നീണ്ടുകിടക്കുന്ന ചുരുൾമുടി; ലാവണ്യക്കടലിൽ കൊഴുച്ചാലങ്ങൾ രചിക്കുന്ന നീലനിർമ്മലമായ ശ്മശ്രുപടലം; ഭീകരമർദ്ദനത്തിൻ്റെ വൈകൃബ്യം ഏശിയിട്ടുപോലുമില്ലാത്ത തങ്കത്താമരഗാത്രം; പഞ്ചക്ഷതാലംകൃതമായ പാദപാണികൾ; വലത്തുതോളിലൂടെ ചുറ്റിയണിഞ്ഞിരിക്കുന്ന ഉദീപ്തമായ ധവളാംബരം; ഇടതുകൈയിൽ പ്രപഞ്ചത്തെ ജയിച്ച വെള്ളക്കൊടി; മാറത്തിലോ ദിവ്യാശീർവ്വാദമുദ്ര.ഹാ! നാഥാ! ശാന്തിയും സൗഭാഗ്യവും കൈകോർത്തിണങ്ങുന്ന അവിടുത്തെ പുനരുത്ഥാനസ്വരൂപത്തിൻ്റെ മുമ്പിൽ ആരുടെ കൂപ്പുകൈയാണുയരാത്തതു്!

II

ദിവസങ്ങൾ മൂന്നു തികഞ്ഞിട്ടില്ല, ആ ദുരന്തനാടകം കഴിഞ്ഞിട്ടു്. കപാലഗിരിയുടെ ശൂന്യശിരസ്സിൽ നാട്ടപ്പെട്ട ബലിമരത്തിൽ അത്ഭുതപൂർവ്വമായ ഒരു മഹായജ്ഞം നടന്നു. അനീതിനിറഞ്ഞ ലോകത്തിൻ്റെ സ്വാർത്ഥജടിലമായ ചില നിയമസംഹിതകളുടെ അരങ്ങേറ്റം!!

ധർമ്മത്തിൻ്റെ നാരായവേരിനു് അധർമ്മനിരതന്മാർ കോടാലിവച്ചു. ശാന്തിയുടെ നിർമ്മലശിരസ്സിൽ ദൗഷ്ട്യത്തിൻ്റെ കടുകാരമുള്ളുകൾ ആഞ്ഞിറങ്ങി. ദാനോത്സുകമായ പാണിയുഗ്മങ്ങളിൽ കാരിരുമ്പാണികൾ തുളഞ്ഞുകയറി. അത്ര്യുമോ?.........

സർവ്വ നന്മകളുടേയും നികേതനമായ ഹൃദയത്തെ ആ പാപിഷ്ഠരുടെ നെടിയശൂലം കുത്തിപ്പിളന്നു!!......

അവർ വിചാരിച്ചു, സനാതനനീതിയുടെ ശാസനാളം എന്നേക്കുമായി ഞെരിഞ്ഞെന്നു്.

അവർ വിളിച്ചുപറഞ്ഞു: "ഞങ്ങൾ ജയിച്ചുപോയി; നസറായൻ തുലഞ്ഞിരിക്കുന്നു."

* * *

എന്നിട്ടോ?—ഒരു വെറും നിമിഷത്തിൻ്റെ ഇമവെട്ടലിനുള്ളിൽ മരവിച്ചുപോയ മനുഷ്യസംസ്കാരം ഉണർന്നു. സത്യവും ധർമ്മവും നീതിയും ചങ്കുറ്റത്തോടെ നിവർന്നുനിന്നു വിജയകാഹളമൂതി.

ക്രിസ്തുനാഥൻ്റെ പ്രേതാലയകവാടം ബന്ധിച്ചിരുന്ന ഭാരിച്ച കല്ലു് ഉരുണ്ടുനീങ്ങി. അജയ്യമായ പ്രാഭവത്തോടെ മരണത്തെ വെല്ലുവിളിച്ചുകൊണ്ടു് അവിടുന്നു് ഉത്ഥിതനായി. അതോടൊന്നിച്ചു് മനുഷ്യരുടെ മൃണാളശിരസ്സുകളിൽ അടിഞ്ഞുകൂടിയിരുന്ന പാപത്തിൻ്റെ കനത്തഭാരങ്ങൾ പാതാളത്തിലേക്കു് ഉരുണ്ടുവീണു.

അന്നുമുതൽ നരകസൈന്യങ്ങൾ വിറളിപിടിച്ചോടാൻ തുടങ്ങിയതാണ്. കൊലക്കയറും ചമ്മട്ടിയുമായി ലോകത്തിൻ്റെ എല്ലാ മുക്കിലും മൂലയിലും അക്രൂരർ പതിയിരിക്കുന്നു; മരണത്തിൻ്റെ കവാടത്തിൽ അക്ഷമരായി കാത്തുനില്ക്കുന്നു; പുതുമയുടെ പുഞ്ചിരിയിൽ അവർ കാപട്യങ്ങൾ പൊതിഞ്ഞുകാണിച്ചു. വിരിയാനാഞ്ഞ പൂമൊട്ടുകൾ ഇറുത്തെടുത്തു ചവിട്ടിത്തേക്കുവാൻ അക്കൂട്ടർക്കു മടിയില്ല.

* * *

III

കൗടില്യകുടീരങ്ങളേ! മാറിനില്ക്കു. നിങ്ങളുടെ പേരുംപറഞ്ഞു് ഇനിയും ഞങ്ങളെ വഞ്ചിക്കാമെന്നോ? നിത്യനവീനമായ — നിതാന്തശാലീനമായ —പുനരുത്ഥാനമഹാമഹത്തെ ഞങ്ങൾ പാടിപ്പുകഴ്ത്തുകയാണ്.

"ഹാലേലൂയ്യാ.... ..,ഹാലേലൂയ്യാ ........ഹാലേലൂയ്യാ!!!.........."

പാശ്ചാത്യനും പൗരസ്ത്യനും ഇന്നു് ഒരേസ്വരത്തിൽ ആ മധുരഗാനമാലപിക്കുന്നു. അററ്ലാൻറിക്കിലും, പാസിഫിക്കിലും തരംഗഭേരികൾ ഉയരുന്നതു് അതിൻ്റെ താളത്തിനൊപ്പിച്ചാണ്. ഗംഗയും മിസിസ്സിപ്പിയും, (*) "നീല"നദിയും, (൦) "മഞ്ഞ"പ്പുഴയും, ഡാർലിംഗും ആമസോണും സാഗരോരസ്സിൽ തലചായിക്കുമ്പോൾ തെല്ലിടനിന്നു ചെവിയോർത്തുപോകുന്നു. സഹാറായിലേയും അറേബ്യയിലേയും മണൽത്തരികൾ കോരിത്തരിക്കും. ഐസ്‌ലൻഡിലേയും അൻറാർട്ടിക്കായിലേയും മഞ്ഞുകട്ടകളുടെ ഹൃദയംപോലും ഒന്നുരുകിയൊലിക്കും!......

എങ്കിലെന്തു്?

ഇനിയും അചഞ്ചലങ്ങളായ മനുഷ്യഹൃദയങ്ങളില്ലെന്നോ? ഉണ്ടേ ഉണ്ടു്. ആനന്ദത്തിൻ്റെ നിസ്സീമമായ ഓളംതല്ലലിൽ അകഥയങ്ങു മറന്നാലോ?

എവിടെ?

മദ്യശാലയിലെ മധുകുംഭങ്ങളിൽ!! വേശ്യാലയത്തിലെ "ഹൃദയമില്ലാത്ത" മനുഷ്യക്കോലങ്ങളുടെയിടയിൽ!! കരിംചന്തയിലെ കനത്ത പണപ്പെട്ടിയിൽ!!......

അങ്ങനെ എവിടെയെല്ലാം രക്തവും മാംസവുമുള്ള മനുഷ്യഹൃദയങ്ങൾ ചതഞ്ഞു തകർന്നു സ്ഥിതിചെയ്യുന്നില്ല?

ഹാ! അവിടെയെല്ലാം പുനരുത്ഥാനപുണ്യദിനത്തിലെ സുവർണ്ണരശ്മികൾ കടന്നുചെല്ലട്ടെ എന്നു നമുക്കു ഹൃദയംഗമമായി പ്രാർത്ഥിക്കാം.

IV

മരണമേ! നിനക്കു മുഖംനോട്ടമില്ല. നീ നിർദ്ദയനാണ്; നീ ഷ്പക്ഷമതിയാണ്. ഭവാൻ്റെ അജയ്യഗാംഭീര്യത്തിൻ്റെ മുമ്പിൽ ഞങ്ങൾ മനുഷ്യരാശികൾ ആലിലപോലെ വിറച്ചുപോകുന്നു.

പക്ഷെ, കൃശിതനായ ക്രിസ്തുനാഥൻ്റെ ദിവ്യതേജസ്സിൽ ഭവാൻ ശലഭപ്രായം നിഷ്പതിച്ചുപോയി. അവിടുത്തെ തൃപ്പാദങ്ങളുടെകീഴിൽ ഞെരിഞ്ഞമരുന്ന മരണത്തിൻ്റെ "മരണനാദ"മാണ് നൂറ്റാണ്ടുകളുടെ കനത്ത പാളികൾക്കപ്പുറത്തുനിന്നു് ഇന്നും മുഴങ്ങുന്നതു്.

ക്രൗര്യനികേതനമേ! നിനക്കു് ആകാവുന്നിടത്തോളം ഭീകരതയോടെയാണ് മരക്കുരിശിൽ വച്ചു് അങ്ങയെ ഗ്രസിച്ചുകളയാൻ നീ മുതിർന്നതു്.

എന്നിട്ടോ, നരകത്തിൻ്റെ വാതിൽവരെ നിന്നെ ചവിട്ടിത്തള്ളിയിട്ടു് അവിടുന്നു വിജയധ്വജവുമായി വാനലോകത്തേക്കു കയറിപ്പോയി!......

വെറുതെയാണോ, ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ സമീപിക്കുന്നതു മരണം എത്ര അച്ചടക്കബോധത്തോടെയല്ലേ? ഓമനിച്ചുറക്കുന്ന ഒരു താരാട്ടമ്മയെപ്പോലെ—വീഴ്ചയിൽനിന്നു സസ്നേഹം പിടിച്ചെഴുന്നേല്പിക്കുന്ന കൂട്ടുകാരനെപ്പോലെ.

* * *

നാഥാ! മരണത്തെ ജയിച്ച മധുരചരിതാ! അവിടുത്തെ വിജയധ്വജം ഞാൻ കാണുന്നു; കാൽവരിയിൽ നാട്ടപ്പെട്ട മരക്കുരിശു്—ഹാ! മഹാകവിയോടൊന്നിച്ചു പാടുവാൻ തോന്നിപ്പോകുന്നു.

"പാപം ഹരിച്ചു പാരിന്നു
വിണ്ണേറുവാൻ
പാതകാണിക്കും കുരിശേ! ജയിക്കുക."

ജഗജ്ജേതാവേ! അവിടുത്തെ പുനരുത്ഥാനപുണ്യദിനത്തിലേക്കു് എൻ്റെ ഭാവന എന്നുമെന്നും പറന്നണഞ്ഞുകൊള്ളട്ടെ.

(*) നൈൽ നദി—(ഈജിപ്തിൽ)

(൦) ഹൊയാങ്ഹോ നദി—(ചൈനയിൽ)


## മലയാറ്റൂർ പുതുഞായറാഴ്ച തിരുനാൾ

ഏപ്രിൽ 9-ാംനു ആരംഭിച്ചു് 12-ാംനു അവസാനിക്കുന്നതാണ്. 19-ാംനു പതിവുപോലെ എട്ടാമിടത്തിരുനാൾ ഉണ്ടായിരിക്കുന്നതുമാണ്. തീർത്ഥകരുടെ യാത്രാസൗകര്യം, ഭക്ഷണം, താമസം, വൈദ്യസഹായം മുതലായവക്കു് ഇക്കൊല്ലം വിശേഷവിധിയായി ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

എന്നു്,

മലയാറ്റൂർപള്ളി വികാരി



തൈക്കാട്ടുമൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണ്.

ചെറുകഥ

# മിണ്ടിപ്പോയിരുന്നെങ്കിൽ!

(ഫാ. എസ്. എൻ. മണിമല)

സന്ധ്യക്കുള്ള പ്രാർത്ഥനകഴിഞ്ഞു്, ഫാ. ജോസ് പള്ളി പൂട്ടി തന്റെ ബംഗ്ലാവിലേക്കു നടക്കുകയാണു്. ഉടനെ പള്ളിയുടെ മുൻവശത്തുള്ള റോഡിൽക്കിടന്ന ഒരു കാറിൽനിന്നും ആരോ അദ്ദേഹത്തെ വിളിച്ചു. അടുത്തുചെന്നപ്പോൾ ഡ്രൈവർ ദ്രുതഗതിയിൽ പറഞ്ഞുതുടങ്ങി:—

"ഫാദർ, ഒരു വഴക്കുണ്ടായി... ഒരാൾ മരിക്കാറായിരിക്കുന്നു. ഒരു വൈദികനെ കാണണമെന്നു് അയാൾക്കു നിർബന്ധം. ഫാദർ അവിടംവരെ വരുമോ? പക്ഷേ ......പക്ഷേ, ക്ഷമിക്കണം, എല്ലാം രഹസ്യമാണു്, കണ്ണു മൂടികെട്ടി യാത്രചെയ്യാൻ ഒരുക്കമാണെങ്കിൽ വരാം. വിശ്വാസമില്ലെങ്കിൽ വരണമെന്നില്ല. പക്ഷേ, ഒരാൾ വൈദികസാന്നിദ്ധ്യംകൂടാതെ മരിക്കും.........എന്താ വരുന്നോ? എന്തു തീരുമാനിച്ചു?"

ഇത്തരം സാഹചര്യത്തിൽ ഒരു വൈദികനു് അധികമൊന്നും ചിന്തിക്കാനില്ലല്ലോ. വരാമെന്നു പറഞ്ഞു് അദ്ദേഹം മുൻസീററിൽ ചാടിക്കയറി. കാർ നീങ്ങിത്തുടങ്ങി. കാറിന്റെ കണ്ണാടികളെല്ലാം കറുത്തതാണു്. പോരെങ്കിൽ ഒരു കട്ടിയുള്ള തുണികൊണ്ടു് പുറകിൽ ഇരുന്ന ഒരു തടിയൻ അദ്ദേഹത്തിന്റെ കണ്ണുകൾ മൂടിക്കെട്ടി. പാവം ഫാദർ ജോസ്. എന്തോ ഒരു വീർപ്പുമുട്ടലും ഉള്ളിൽ ഒരു വിറയലും. ഡ്രൈവർ പറയുകയാണു്, "ഫാദർ, പരിഭ്രമിക്കണ്ടാ. അപകടം കൂടാതെ ഞാൻ തിരിച്ചുകൊണ്ടുവന്നാക്കാം."

കാർ അതിവേഗം പായുകയാണു്. പട്ടണത്തിലെ ഏററം ബഹളമുള്ള സമയം. തുരുതുരെ കാറുകളും ബസ്സുകളും കടന്നുപോകുന്നു. സംസാരവും ചിരിയും അട്ടഹാസവും എല്ലാം ഫാദർ ജോസിനു കേൾക്കാം. അകലെ എവിടെയോ ഒരു പള്ളിയിൽനിന്നും മണി കേൾക്കുന്നുണ്ടു്. ക്രമേണ ശബ്ദം കുറയുന്നു. റോഡ് ഇപ്പോഴും മിനുസമുള്ളതുതന്നെ. അല്പംകൂടെ കഴിഞ്ഞു. കാർ ഒന്നിളകി. ഒരു വളവു തിരിയുന്നെന്നു തോന്നുന്നു. ഗീയർ മാറി. പരുപരുത്ത റോഡിൽക്കൂടെയാണു് ഇപ്പോൾ യാത്ര. ഒരു പത്തു മിനിട്ടുകൂടെ. കുണ്ടും കുഴിയുംതന്നെ. ചാടിയും തെറിച്ചും, ഇരുവശത്തുമുള്ള മരങ്ങളുടെ കൊമ്പുകൾ തട്ടിനീക്കിയും കാർ ഇഴയുകയാണു്. അവസാനം കാർ നിന്നു. മുഖത്തുനിന്നും ആവരണം അഴിച്ചുമാററപ്പെട്ടു. ഫാദർ ജോസ് ദീർഘമായൊന്നു ശ്വസിച്ചു.

മങ്ങിയ വെട്ടമുള്ള ഒരു വരാന്തയിൽ അദ്ദേഹം കയറി. വളരെ ജീർണ്ണിച്ച ഒരു കെട്ടിടമാണു്. രണ്ടു കൂററന്മാർ അദ്ദേഹത്തെ കാര്യമായി നോക്കുന്നു. കുറെ ധൈര്യം അവലംബിച്ചു്, രോഗി എവിടെയാണു് എന്നു് ഒരാളോടു ചോദിച്ചു. വെറും ഒരാംഗ്യംകൊണ്ടു് തുറന്നുകിടന്ന ഒരു മുറി കാണിച്ചുകൊടുത്തു. ഫാദർ ജോസ് മുറിയിൽ കയറി. വൃത്തികെട്ട മുറി. ഒരു മങ്ങിയ ലൈററുണ്ടു്. ഒരു പഴയ കട്ടിലിൽ ഒരാൾ കിടന്നു ദീർഘമായി ശ്വസിക്കുന്നു. അദ്ദേഹം കട്ടിലിന്റെ അരുകിൽത്തന്നെ ഇരുന്നു് പതുക്കെ ഒന്നു വിളിച്ചു. അയാൾ സാവകാശം കണ്ണുതുറന്നു. അച്ചന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. ഒരു നേരിയ പ്രകാശം വേദനനിറഞ്ഞ ആ മുഖത്തു ദൃശ്യമായി.

അയാൾ ഞരങ്ങിപ്പറഞ്ഞുതുടങ്ങി: "ഫാദർ വന്നതിനു് വളരെ ഉപകാരം.. ...ഞാൻ.....ഇപ്പോൾ മരിക്കും. ഇന്നലെ ആ കമ്പനിയിൽ ശമ്പളവിതരണസമയത്തു്...ഒരു കവർച്ചനടന്നതു് അച്ചൻ കേട്ടില്ലേ? അവനുണ്ടല്ലോ... അവൻ....ആ.... കൊലപാതകി ......ട്രേസി......അവൻ വെളിയിലുണ്ടു്. അവൻ കമ്പനി കാവൽക്കാരനെ വെടിവച്ചുവീഴ്ത്തി. ഞാൻ കുറെ ഓടി. ഓടിയവഴിക്കു് നമ്മുടെ പള്ളിയുടെ നിലയറയിലേക്കു് എന്റെ പേഴ്സ് ഞാൻ എറിഞ്ഞു. അകത്തു വീണുകാണും.........അപ്പോഴേക്കും ഞാനും വെടികൊണ്ടു വീണു. പിന്നെ കണ്ണുതുറന്നതു് ഇവിടെയാണു്....ആ ദ്രോഹി, ട്രേസി, ചോദിച്ചു പേഴ്സ് എവിടെ എന്നു്. ഒരു മതിലിനകത്തേക്കു് എറിഞ്ഞെന്നു് ഞാൻ പറഞ്ഞു."

"ഇപ്പോൾ കാര്യം മനസ്സിലായി. ആ പേഴ്സ് തിരിച്ചുവേണം, അല്ലേ?" ഫാദർ ജോസ് ഇടയ്ക്കുപറഞ്ഞു.

"അതേ, അതു വീട്ടിൽ കൊടുക്കണം...ഞാൻ മരിക്കുകയാണു്; കുമ്പസാരിക്കാൻ എന്നെ സഹായിക്കണം."

ഫാദർ ജോസ് അയാളെ കുമ്പസാരിപ്പിച്ചു. രണ്ടു മിനിട്ടു കഴിഞ്ഞെന്നു തോന്നുന്നില്ല, ആ ഭാഗ്യവാൻ അന്ത്യശ്വാസം വിട്ടു.

ഫാദർ ജോസ് പെട്ടെന്നു് എഴുന്നേററു് വരാന്തയിൽ ഇറങ്ങി. അല്പം അകലെനിന്നു രണ്ടുപേരും അടുത്തുവന്നു. എന്തും വരട്ടെ, ഒരാത്മാവിനെ രക്ഷിച്ചല്ലോ എന്നുള്ള കൃതാർത്ഥതയോടെ, "എന്നെ കൊണ്ടുവന്നതിനു് വളരെ ഉപകാരം" എന്നു് ഫാദർ ജോസ് അവരോടു പറഞ്ഞു.

"അതിരിക്കട്ടെ," ട്രേസി പറഞ്ഞുതുടങ്ങി. "ഞങ്ങൾ വലിയ ഭാഗ്യപരീക്ഷണമാണു് നടത്തിയതു്. പക്ഷേ, എനിക്കു് ഒരു കാര്യം അറിയണം. നുണ പറയരുതു്. പറഞ്ഞാൽ നിങ്ങളുടെ ശുദ്ധമാക്കപ്പെട്ട തലച്ചോറു് അതാ ആ കാട്ടിൽച്ചെന്നുവീഴും. അയാളുടെ പേഴ്സ് എവിടെ? വേഗം പറയണം."

ഫാദർ ജോസിനു കാര്യം എല്ലാം മനസ്സിലായി. അവനെ കുമ്പസാരിപ്പിക്കാൻ വിളിച്ചാൽ അവരോടു പറയാതിരുന്നകാര്യം —പണത്തിന്റെ കാര്യം—തന്നോടുപറയും. തന്നിൽനിന്നു് എങ്ങനെയെങ്കിലും അവർക്കു മനസ്സിലാക്കാം. എന്താ, വിദ്യ തരക്കേടില്ല.

"ക്ഷമിക്കണം...പക്ഷേ എനിക്കൊന്നും പറയാനില്ല." ഫാദർ ജോസ് തലകുലുക്കിക്കൊണ്ടു പറഞ്ഞു.

ട്രേസി അങ്ങനെയൊന്നും പിന്തിരിയുന്നവനല്ല. പതുക്കെ പോക്കററിൽ ഒന്നു തപ്പി. ഒരു കൈത്തോക്കു വലിച്ചെടുത്തു. ഫാദർ ജോസിനു നേരെ നീട്ടി. ബട്ടണിൽ വിരൽ വച്ചുകൊണ്ടു ചോദിക്കുകയാണു്:. "ഹേയ്, പറയുമോ ഇല്ലയോ? വേഗംവേണം. ഞാൻ എണ്ണുന്നു.....വൺ റു...."ഫാദർ ജോസിന്റെ ജീവൻ പിരിയാൻ ഒരു നിമിഷംകൂടെ മാത്രം....

"എന്റെ ദൈവമേ, എന്റെ സകലപാപങ്ങളേയും കുറിച്ചു് ഹൃദയംഗമമായി ഞാൻ അനുതപിക്കുന്നു."

"ത്രീ ..." ഒരു നിശ്ശബ്ദത.

"എന്താ തൃപ്തിയായോ?" ട്രേസി കൂട്ടുകാരനോടു ചോദിച്ചു.

"മതി, മതി. ഇതുകൊണ്ടു് ഒരാൾ ഇളകുന്നില്ലെങ്കിൽ ഒന്നുകൊണ്ടും ഇളകുകയില്ല." കൂട്ടുകാരൻ പറഞ്ഞു.

ട്രേസി: "ഫാദർ, നിങ്ങൾ ഒരക്ഷരം മിണ്ടിപ്പോയിരുന്നുവെങ്കിൽ നിങ്ങളുടെ തല കാണുകയില്ലായിരുന്നു. എന്തുകൊണ്ടെന്നോ? ഇവിടെവച്ചു ചിലയ്ക്കുന്നവൻ ഇവിടെനിന്നു പോയിട്ടും ചിലയ്ക്കും. ഞങ്ങൾ പോലീസിന്റെ പിടിയിലും. ഇപ്പോൾ മനസ്സിലായി, താങ്കളാണു് യഥാർത്ഥ വൈദികൻ. താങ്കളെ വിശ്വസിക്കാം. എടോ, മോറൽ, വേഗം ഇദ്ദേഹത്തിന്റെ കണ്ണു മൂടിക്കെട്ടി, തിരിച്ചുകൊണ്ടുപോയി വിട."

(ആശയം ഒരു ററക്ലൻ മാസികയിൽനിന്നു്.)


## ആവശ്യപ്പെടുക

വേദോപദേശപരീക്ഷാസമ്മാനം, വായനശാലാ ഗ്രന്ഥശേഖരം, സമ്മാനദാനം മുതലായവയ്ക്കു് പററിയതായ മിക്ക കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പ്രാർത്ഥനപ്പുസ്തകങ്ങൾ, കൊന്ത, കുരിശുരൂപങ്ങൾ, പടങ്ങൾ ആദിയായവയും പള്ളികൾക്കാവശ്യമുള്ള മെഴുകുതിരി, കാസ, കുസ്തോദി, അരുളിക്കാ, തിരിക്കാലുകൾ മുതലായവയും മിതമായ വിലയ്ക്കു് കിട്ടുന്നതും ഓഡർ അനുസരിച്ചു് ചെയ്തുകൊടുക്കുന്നതുമാണു്.

മാനേജർ, മൂക്കന്നൂർ തിരുഹൃദയ
അനാഥശാല ഡിപ്പോ, എറണാകുളം

N. B. മലയാററൂർയാത്രയിൽ സത്യദീപം ഓഫീസിനു സമീപമുള്ള ടി ഡിപ്പോ സന്ദർശിക്കുവിൻ! ഞായറാഴ്ച ഒഴിവായിരിക്കും.


ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യസിദ്ധിക്കു് ഉപകാരസ്മരണ.

സി. എം. റോസമ്മ, ചെരുവിൽ
കൊഴുവനാൽ

Thanksgiving to Sister ALPHONSA for favours received.

By Mathew Eavi[illegible]n

## പഴയ നിയമത്തിലെ പരോഗമനപരമായ
# ഒരു പ്രണയകഥ

(എൻ. എക്സ്. കുര്യൻ ബി. എ. ബി. എൽ.)

(തുടർച്ച)

ഗാഥ

ആപത്തനർത്ഥങ്ങളാവിർഭവിച്ചാലും
ദൈവം വെടിയുമോ സേവിപ്പോരെ,
പാപമകററണം പുണ്യം പുലർത്തണം
താപം തുലഞ്ഞുതുളുമ്പും ഭാഗം.
സല്കർമ്മപ്പാല്ക്കടലാകുമാവൃദ്ധനെ
ദുഃഖമാം മന്ദരം മഥിച്ചപ്പോൾ
ഉണ്ടായസന്താനപാദപം അല്ലെങ്കിൽ
തണ്ടാരിൽമാതുതാനീവധൂടി.

മേൽ പ്രസ്താവിച്ചതുപോലെ സമ്പൽസംദായികയും സന്താനലക്ഷ്മിയുമായ ആ വധു, സാറാ, അനുരൂപഗുണയുക്തനും സ്വഗോത്രജനുമായ കൊച്ചുതോബിയാസിനെ കാണുകയും തന്നെ സഹധർമ്മിണിയായി നൽകണമെന്നുള്ള അഭ്യർത്ഥന കേൾക്കുകയും ചെയ്തപ്പോൾ, സന്തോഷവും സന്താപവും പൂണ്ടു് ഇതികർത്തവ്യതാവിമൂഢയായി നിലകൊണ്ടു. കൊച്ചുതോബിയാസാകട്ടെ,

1) പാരിച്ച, പ്രീതിയും ഭൂരിയാം താപവും
പൂരിച്ചന്നാരി കുഴങ്ങിനില്ക്കെ,
കാര്യം ഗ്രഹിച്ചൊരപ്പുരുഷൻ മങ്കതൻ
ചാരവേചെന്നു തല്പാണിനീട്ടി.
2) സംകല്പണൽ കങ്കണം പൂണും പൂംപാണിയെ
ശങ്കവെടിഞ്ഞുടൻ മങ്കയേകി,
"എൻകരംകണ്ട കണവാ നിർഭംഗമാം
മംഗല്യം കൈവരട്ടെ"ന്നുരച്ചു.
3) സഞ്ചിതമോദമാന്നപ്പിതാവപ്പൊഴാ
തേഞ്ചേരുംവാണിതൻ പാണിപത്മം
അഞ്ചിതാകാരനാം കാന്തന്റെ കൈത്താരിൽ
ചെഞ്ചെമ്മേചേർത്തവർക്കാശിസേകി.

ഇങ്ങനെ സ്വപുത്രിയായ സാറായെ കൊച്ചുതോബിയാസിനു് കന്യാദാനം ചെയ്തുകൊണ്ടു റാഗുവൽ അവരെ അനുഗ്രഹിച്ചു.

ആദിമാതാപിതാക്കളായ ആദത്തേയും ഹവ്വായേയും അവർ കുററംചെയ്തതുകൊണ്ടു്, ദൈവം പരമാനന്ദപ്രദമായ പറുദീസായിൽനിന്നും ബഹിഷ്കരിച്ചു. ഒരു ദൈവദൂതന്റെ സാന്നിദ്ധ്യത്തിലാണു് ഇതു് സംഭവിച്ചതു്. ആ പറുദീസായ്ക്കു് പകരം പ്രദാനം ചെയ്യപ്പെട്ട ഈ ദാമ്പത്യപ്പൂങ്കാവിലേക്കു് ഉത്തമരായ ഈ ദമ്പതികളെ പ്രവേശിപ്പിച്ച ഈ മംഗളമുഹൂർത്തത്തിലും ഒരു ദൈവദൂതന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാവശ്യമല്ലേ? സ്നേഹിതനായി കൊച്ചുതോബിയാസിന്റെകൂടെ വന്ന ആ തോഴൻ ആരായിരിക്കാം?

ആ തോഴൻ ആ സന്ദർഭത്തിൽ ഈ ദമ്പതിമാരെ അനുഗ്രഹിച്ചുകൊണ്ടു പാടുകയാണു്:—

ഗാഥ

1) പൊയ്പ്പോയൊരേദന്റെ മേദുരമാധുര്യം
അല്പമായെങ്കിലും മർത്ത്യനേകാൻ
കല്പിച്ചുതമ്പുരാൻ അമ്പെഴും ദാമ്പത്യ
കല്പകപ്പൂവനമിബ്ഭുവിയിൽ.
2) പൂരുഷനേയും പുരന്ധ്രിയേയും പാരിൽ
ആ രമ്യവൈവാഹബന്ധംതന്നിൽ
ചാലവേ ചിന്മയൻ ചേർക്കണമെങ്കിലേ
മാലററമംഗല്യം ലാലസിപ്പൂ!!

ഇങ്ങനെ പിതാവിന്റെയും പവിത്രനായ തോഴന്റെയും സാന്നിദ്ധ്യത്തിൽ വിവാഹബദ്ധരായ ആ ദമ്പതികളിൽ വരൻ, വധുവിന്റെ കൈപിടിച്ചുകൊണ്ടു തന്നെ സകലർക്കും അനുകരണീയമായ ഈ വാക്യങ്ങൾ പ്രഖ്യാപനംചെയ്തു:—

"പാരം പവിത്രമാം ഉദ്വാഹബന്ധത്തിൽ
ചേരുന്നനാമുപവാസപൂർവ്വം
പാരീശകാരുണ്യപൂരം പൊഴിയുവാൻ
നീരന്ധ്രം മൂന്നുനാൾ പ്രാർത്ഥിക്കേണം
2) "ഇതരജന്തുകഭോഗേച്ഛയാൽ പൂരിച്ചിയ
ച്ഛരവിവാഹം വരിച്ചിട്ടുന്നോർ
നാരകജീവിതം പാരിലാരംഭിക്കാൻ
പാരംകൊതിച്ചു പരിശ്രമിപ്പോർ"
3) കാന്തന്റെ വാക്കുകളത്തന്വീകണ്ഠത്തിൽ
പൈന്തേൻപൊഴിയും മൊഴികളായി
മൂന്നുനാളുന്നിദ്രസന്യാസവൃത്തിയിൽ
തന്നെകഴിച്ചവർ പുണ്യപൂർവ്വം.

വിവാഹാനന്തരമുള്ള മൂന്നു ദിവസങ്ങൾ ആ ദമ്പതിമാർ വിരക്തജീവിതം കൈവരിച്ചും, പ്രാർത്ഥനാനിരതരായും കഴിച്ചുകൂട്ടി. ആ തോഴനാകട്ടെ ഇവരുടെ സൗഭാഗ്യത്തിനു് വേണ്ട സേവനം അനുഷ്ഠിക്കുകയുമായിരുന്നു:— എങ്ങനെയെന്നാൽ

മീൻകണ്ണിമാർക്കൊരു കണ്ണായ പെണ്ണിന്റെ
മംഗല്യഭംഗം വരുത്തുവാനായ്
സംക്രമിച്ചീടും പിശാചനേ ഓടിപ്പാൻ
മീൻകരൾ ചുട്ടുപുകച്ചുതോഴൻ.

ഇങ്ങനെ ഈ മംഗല്യം മംഗളമായി കഴിഞ്ഞു. അധികദിവസങ്ങൾ കഴിയുംമുമ്പു് വരന്റെ സ്വദേശത്തിലേക്കു് ഈ ദമ്പതിമാർ പുറപ്പെടുകയുംചെയ്തു. മഹാ സമ്പന്നനായ റാഗുവൽ തന്റെ ഏകാവകാശിനിയായ പുത്രിക്കു് കൊടുത്തയച്ച സ്ത്രീധനത്തിന്റെ വൈപുല്യത്തെപ്പററി എന്തു് പ്രസ്താവിക്കാനാണു്! ഒട്ടകങ്ങളുടെ പുറത്തും, വാഹനങ്ങളിലും മററുമായി ആ മഹാ സമ്പൽസാമഗ്രികളുടേയും സേവകാസമൂഹങ്ങളുടെയും അകമ്പടിയോടുകൂടി അനുഗൃഹീതരായ ഈ ദമ്പതിമാർ പിതാവായ തോബിയാസിന്റെ ഭവനത്തിലേക്കു പുറപ്പെട്ടു. (തുടരും)


## കാളൻ, നെല്ലായി

ഈ വിലാസത്തിൽ രോഗവിവരങ്ങൾ വിശദമായി എഴുതി അയക്കുന്നവർക്കു് ആവശ്യമായ വൈദ്യോപദേശങ്ങൾ ഉടനെ ലഭിക്കുന്നതാണു്.


## പ്രശസ്തവിജയം

എറണാകുളം ലേബർ ആഫീസ്സർ മി. ടി. ഡി. ജോസഫ് ബി. എ. ബി. എൽ. ഈ അടുത്തയവസരത്തിൽ സോഷ്യൽ വർക്കു് ട്രെയിനിങ്ങിനായി കൽക്കട്ടാ യൂണിവേഴ്സിററിയിൽ പോയിരുന്നല്ലോ. ട്രെയിനിങ്ങിന്റെ അവസാനത്തിൽ ഉണ്ടായ യൂണിവേഴ്സിററി പരീക്ഷകളിൽ അദ്ദേഹം ഒന്നാംക്ലാസ്സിൽ വിജയം നേടിയിരിക്കുന്നതായി അറിയുന്നു. ശ്രീ ജോസഫിനെ അസിസ്റ്റന്റ് ലേബർ കമ്മീഷണറായി തിരു-കൊച്ചിഗവർമ്മെന്റു് നിയമിച്ചിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol· 26 | ERNAKULAM APRIL 1, 1953 | No· 32


# മുതലാളി—തൊഴിലാളി

## ബന്ധങ്ങളും കർത്തവ്യങ്ങളും

മുതലാളികളും തൊഴിലാളികളും തമ്മിൽ അവശ്യം സമരം നടക്കുന്നുണ്ടെന്നുള്ള ആശയത്തിന്മേലാണ് സോഷ്യലിസം പണിയപ്പെട്ടിട്ടുള്ളത്. ഈ വർഗ്ഗസമരം അപ്രതിഹതമായ വൈരത്തോടുകൂടി തുടർന്നുകൊണ്ടിരിക്കണമെന്നും, സാർവ്വലൗകികവിപ്ലവത്തിൽ സകല വർഗ്ഗവ്യത്യാസങ്ങളും അവസാനമായി നശിക്കണമെന്നും ഒടുവിൽ തൊഴിലാളികൾ മാത്രം അവശേഷിക്കണമെന്നുമാണ് സോഷ്യലിസത്തിന്റെ സിദ്ധാന്തം. വർഗ്ഗസമരത്തിന്റെ അസ്തിത്വത്തെ 13-ാം ലെയോ മാർപ്പാപ്പായോ 11-ാം പീയൂസ് മാർപ്പാപ്പായോ നിഷേധിച്ചിട്ടില്ല. അവർ ആ വസ്തുത വാസ്തവത്തിൽ ഉറപ്പിച്ചുപറഞ്ഞിട്ടുണ്ട്. തൊഴിലാളികളുടെ സ്ഥിതിഗതികളെ അധികരിച്ചെഴുതിയിട്ടുള്ള തന്റെ വിശ്വലേഖനം ("റേരും നൊവാരും") 13-ാം ലെയോ മാർപ്പാപ്പാ ആരംഭിക്കുന്നതുതന്നെ ആസന്നമായിരിക്കുന്ന സംഘട്ടനത്തിന്റെ ഘടകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. തൊഴിലാളികളായ മഹാഭൂരിപക്ഷംവരുന്ന ജനസാമാന്യത്തിന്റെ ദുസ്സഹങ്ങളായ അവശതകൾക്ക് നിവാരണം വരുത്തുവാൻ തക്ക മാർഗ്ഗങ്ങൾ സ്വീകരിക്കാത്തപക്ഷം ലോകം മുഴുവനും ആ സംഘട്ടനത്തിൽ മുങ്ങിത്താഴുമെന്നു തിരുമേനി മുന്നറിവുനൽകി. എന്നാൽ രണ്ടു മാർപ്പാപ്പാമാരും പരിഛേദം നിഷേധിച്ചിട്ടുള്ള ഒരു സംഗതിയുണ്ട്. അത്തരം ഒരു സാർവ്വലൗകികവിപ്ലവത്തിന്റെ അപ്രതിഹതമായ ആവശ്യകതയാണത്. സമുദായത്തിലെ വർഗ്ഗങ്ങൾ പരസ്പരം എതിർത്തുനിന്ന് ഒന്നു മറേറതിനെ നിർമ്മാർജ്ജനംചെയ്യുന്ന സമരത്തിന്റെ ആവശ്യകത തിരുമേനിമാർ നിഷേധിക്കുന്നു. അത് ആവശ്യകമാണെന്നുള്ളത്, സോഷ്യലിസ്റ്റ് സിദ്ധാന്തമാണ്, അല്ലാതെ ക്രിസ്തീയസിദ്ധാന്തമല്ല.

### വർഗ്ഗസമരം ഇല്ലാതാക്കണം

11-ാം പീയൂസിന്റെ വാക്കുകൾ കേട്ടാലും:-"രാഷ്ട്രത്തിന്റെയും സകല നല്ലപൗരന്മാരുടേയും പ്രഥമകർത്തവ്യം ഭിന്നതാല്പര്യങ്ങളോടുകൂടിയ വർഗ്ഗങ്ങൾ തമ്മിലുള്ള സമരം ഇല്ലാതാക്കുകയാണ്; അങ്ങനെസമുദായത്തിലെ വിവിധപദവിയിലുള്ളവർ തമ്മിൽ സൗഹാർദ്ദം വളർത്തുകയും പ്രചരിപ്പിക്കുകയുമാണ്." ഈ ലക്ഷ്യം പ്രാപിക്കുവാനുള്ള പ്രായോഗികമാർഗ്ഗം തിരുമേനി നിർദ്ദേശിച്ചിട്ടുണ്ട് — തൊഴിൽപരമായ ഗ്രൂപ്പുകളുടെ സ്ഥാപനം. അതിനെപ്പററി വേറൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം. വർഗ്ഗസമരം ആവശ്യകമല്ലെന്നും നശിപ്പിക്കേണ്ടതാണെന്നും, അതിന്റെ സ്ഥാനത്ത് വർഗ്ഗസൗഹാർദ്ദം ഏർപ്പെടുത്തേണ്ടതാണെന്നും, ഉള്ള തത്വം 13-ാം ലെയോ മാർപ്പാപ്പാ ശക്തിയുക്തം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. "ഈ വിഷയം സംബന്ധിച്ച് കടന്നുകൂടിയിട്ടുള്ള വലിയ അബദ്ധം ഒരു വർഗ്ഗം സ്വാഭാവികമായിത്തന്നെ മറെറാരുവർഗ്ഗത്തിന്റെ ശത്രുവാണെന്നും, ധനവാനും ദരിദ്രനും പരസ്പരം സമരം ചെയ്തു ജീവിക്കുവാൻ പ്രകൃതിയാൽത്തന്നെ ഉദ്ദേശിക്കപ്പെട്ടവരാണെന്നും ആളുകൾ ധരിച്ചുവച്ചിരിക്കുന്നതാണ്. ഏററവും യുക്തിഹീനവും ഏററവും അയഥാർത്ഥവുമാണ് ഈ ആശയം; യാഥാർത്ഥ്യം അതിനു നേരെ വിപരീതമാകുന്നു. മനുഷ്യശരീരത്തിൽ അവയവപ്പൊരുത്തമുണ്ടല്ലോ. ശരീരത്തിലെ വിവിധാവയവങ്ങൾ യഥാസ്ഥാനങ്ങളിൽ ഇരുന്നു പ്രവർത്തിക്കുന്നതിന്റെ ഫലമാണത്. ഇതേപ്രകാരം രാഷ്ട്രശരീരത്തിലും വർഗ്ഗപ്പൊരുത്തം ഉണ്ടായിരിക്കണമെന്നാണ് പ്രകൃതിതന്നെ നിശ്ചയിച്ചിട്ടുള്ളത്; ഇരുവർഗ്ഗങ്ങളും സൗഹാർദ്ദതയിലും യോജിപ്പിലും കഴിഞ്ഞുകൂടണമെന്ന്; ഒന്ന് മറെറാന്നിനോട് ഇണങ്ങിച്ചേർന്നിരിക്കണമെന്ന്. ഓരോവർഗ്ഗത്തിനും മറേറതിനെ ആവശ്യമുണ്ട്; മുതലാളിക്ക് തൊഴിലാളിയെക്കൂടാതെയോ, തൊഴിലാളിക്ക് മുതലാളിയെക്കൂടാതെയോ കഴിഞ്ഞുകൂടുക സാദ്ധ്യമല്ല. അവർ പരസ്പരം യോജിച്ചുനിന്നാൽ സമുദായത്തിൽ സന്തോഷകരവും ക്രമീകൃതവുമായ ജീവിതമായിരിക്കും ഫലം; അവർതമ്മിൽ നിരന്തരം സമരം നടന്നാൽ കുഴപ്പങ്ങളും ഉപദ്രവങ്ങളും അവശ്യം ഉളവാകും."

സമുദായശരീരത്തിലെ അവയവങ്ങൾതമ്മിൽ, മനുഷ്യശരീരത്തിലെ അവയവങ്ങളെപ്പോലെ, സ്വാഭാവികമായിത്തന്നെ വ്യത്യാസങ്ങൾ ഉണ്ടെന്നുള്ള മൗലികമായ ആശയം സമ്മതിച്ചേ കഴിയൂ. തന്മൂലം സമുദായത്തിൽ എല്ലാവർക്കും ഏകരീതിയോടുകൂടിയ ജീവിതം അസാദ്ധ്യമാണെന്നുള്ളത് തീർച്ചതന്നെ. എന്നാൽ എല്ലാവർഗ്ഗക്കാർക്കും പരിപൂർണ്ണമായ സൗഹാർദ്ദതയോടും സഹകരണത്തോടുംകൂടി ജീവിക്കുവാൻ സാധിക്കും; അതുവഴിയായി പൊതുഗുണം ഏററവുമധികം വർദ്ധിപ്പിക്കുന്നതിനും അതിലടങ്ങിയിരിക്കുന്ന അവരവരുടെ സ്വന്തം ക്ഷേമം പരമമായ തോതിൽ പ്രാപിക്കുന്നതിനും അവർക്കു കഴിയും. ഈ സുസ്ഥിതി കൈവരുത്തുവാനുള്ള മാർഗ്ഗം ഒന്നുമാത്രമാണ്. അതായത്, യഥാർത്ഥമായ ക്രിസ്തീയതത്വങ്ങൾ സ്വീകരിക്കുകയും പ്രയോഗിക്കുകയും ചെയ്യുക. തിരുമേനിതന്നെ ഇക്കാര്യം ഉദ്ബോധിപ്പിക്കുന്നുണ്ട്. "വർഗ്ഗസമരം ഒഴിച്ചുവയ്ക്കുവാൻ മാത്രമല്ല, അത് അസാദ്ധ്യമാക്കുന്നതിനും ക്രിസ്തുമതത്തിനുള്ള ഫലദായകശക്തി ആശ്ചര്യകരവും അനേകവും ആകുന്നു."

### സംഗതങ്ങളായ ക്രിസ്തുമതതത്വങ്ങൾ

പ്രസ്തുത തത്വങ്ങൾ ഏതൊക്കെയാണെന്നും തിരുമേനി തന്റെ തിരുവെഴുത്തിൽ പല ഘട്ടങ്ങളിലായി ചൂണ്ടിക്കാണിക്കുന്നുണ്ട്. തിരുസ്സഭ ആദ്യമായി സാമുദായികനീതിയെപ്പററി പഠിപ്പിക്കുന്നു. ആ നീതിയനുസരിച്ച് ഓരോ വർഗ്ഗത്തിനും മറേറവർഗ്ഗത്തോടുള്ള കർത്തവ്യങ്ങൾ മനസ്സിലാക്കിത്തരുന്നു. രണ്ടാമതായി അതിനെക്കാൾ ഉൽകൃഷ്ടങ്ങളായ തത്വങ്ങളും തിരുസ്സഭ പഠിപ്പിക്കുന്നുണ്ട്. ഭൗതികവസ്തുക്കളുടെ എല്ലാം ശരിയായ വിലമതിപ്പും, അതിന്റെ വെളിച്ചത്തിൽ മനുഷ്യർതമ്മിൽ ഉണ്ടായിരിക്കേണ്ട മൈത്രീബന്ധവും നല്ല ധാരണയും; ക്രിസ്തുവിന്റെ മനുഷ്യപരിത്രാണസംബന്ധമായ ഉപദേശങ്ങളും പ്രവൃത്തികളും ഇതിനു വളരെ സഹായകമായിരിക്കുന്നു. ക്രിസ്തുവിന്റെ പീഡാസഹനങ്ങളും കുരിശുമരണവും, അനന്തനീതിമാനായ ദൈവം സൽപ്രവൃത്തികൾക്കു നൽകുന്ന നിത്യസമ്മാനവും. മൂന്നാമതായി ക്രിസ്തീയസ്നേഹത്തിന്റെ സമുൽകൃഷ്ടമായ തത്വം തിരുസ്സഭ പഠിപ്പിക്കുന്നു. കേവലം മാനുഷികമായ സ്നേഹത്തിന്റെ പദവിയിൽനിന്ന് പ്രകൃത്യതീതമായ സ്നേഹത്തിന്റെ പദവിയിലേക്ക് മനുഷ്യന്റെ പ്രവൃത്തികളെ അത് ഉയർത്തിവയ്ക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തെ ലക്ഷ്യമാക്കി മററുള്ളവരെ സഹായിക്കുവാനും, അങ്ങനെ മനുഷ്യരുടെനേർക്കുള്ള ദൈവപരിപാലനയുടെ ഉപകരണമായിത്തീരുവാനും നമ്മെ അതു പ്രാപ്തമാക്കുന്നു. "ധനികരേയും ദരിദ്രരേയും പരസ്പരം അടുപ്പിക്കുന്നതിന് മതത്തോളം ശക്തിയുള്ള മറെറാന്നുമില്ല; ഓരോ വർഗ്ഗത്തിനും മററുവർഗ്ഗത്തോടുള്ള നീതിയുടേയും സ്നേഹത്തിന്റെയും കർത്തവ്യങ്ങളേയും അത് അനുസ്മരിപ്പിക്കുന്നു" എന്നാണ് പ. പിതാവ് അരുളിച്ചെയ്യുന്നത്.

ക്രിസ്തീയനീതിയുടേയും ക്രിസ്തീയസ്നേഹത്തിന്റെയും കടമകൾ ക്രിസ്ത്യാനികളെ അനുസ്മരിപ്പിക്കുവാൻ ഏററവും ഉതകുന്ന ക്രിസ്തീയതത്വങ്ങളുടെ മാഹാത്മ്യം വിളിച്ചറിയിക്കുന്ന കാലഘട്ടമാണല്ലോ വിശുദ്ധവാരം. എത്രയും പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളായ ദൈവപുത്രൻ മനുഷ്യസ്വഭാവം സ്വീകരിച്ച് സകലമനുഷ്യർക്കുംവേണ്ടി സ്വജീവൻ ബലികഴിച്ച നീതിയുടേയും സ്നേഹത്തിന്റെയും പാഠങ്ങളാണ്, വിശുദ്ധവാരം നമ്മുടെ കൺമുമ്പിൽ നിരത്തിവയ്ക്കുന്നത്. ആ പാഠങ്ങൾ ശരിയായി പഠിക്കുവാനും പ്രായോഗികമാക്കുവാനും നമുക്കു ശ്രമിക്കാം. അതിനു വേണ്ട അനുഗ്രഹങ്ങൾക്കായി വിശുദ്ധവാരത്തിൽ നമുക്കു പ്രാർത്ഥിക്കുകയും ചെയ്യാം.

# പ്രസാധക കുറിപ്പുകൾ

## തിരു-കൊച്ചി സെൻട്രൽ ജയിലിൽ ആരാധനാസ്വാതന്ത്ര്യം വേണം

തിരു-കൊച്ചി നിയമസഭയിൽ ജയിൽപരിഷ്കാരത്തിനുവേണ്ടി ആഭ്യന്തരവകുപ്പുമന്ത്രി 687,000 രൂപായുടെ ധനാഭ്യർത്ഥന അവതരിപ്പിച്ചതിനെ തുടർന്നുണ്ടായ ചർച്ചകൾക്കിടയിൽ സെൻട്രൽ ജയിലിൽ ഒരു കത്തോലിക്കാചാപ്പൽ ഉണ്ടായിരുന്നതു് നീക്കം ചെയ്തതിനെപ്പററി മി: കെ. ജെ. തോമസും (സ്വതന്ത്ര മെമ്പർ), മി: ചെറിയാൻ കാപ്പനും (കോൺ: മെമ്പർ) ശക്തിയായി വിമർശനങ്ങൾ നടത്തി. ഐ. മു. മെമ്പർ (മി: രാഘവൻ പിള്ള) ഇങ്ങനെ പ്രസ്താവിച്ചു: "ഇവിടത്തെ വെന്തീങ്ങാമോഡൽ ഭരണക്കാർ സെൻട്രൽ ജയിലിൽ ഒരു പള്ളി പണിയിക്കുവാൻ ശ്രമിക്കുന്നു. ഈ വെന്തീങ്ങാമോഡൽ ഭരണം അറബിക്കടലിൽ തള്ളാതെ ഈ നാടിനു രക്ഷയുണ്ടാകാൻ പോകുന്നില്ല." ഇതേ ധ്വനി പുറപ്പെടുവിച്ചുകൊണ്ട് മററു പല ഐ. മു. ക്കാരും പ്രസംഗിച്ചു.

### ശ്രീ കെ. ജെ. തോമസ്

ഈ പ്രസ്താവങ്ങളെ ഖണ്ഡിച്ചുകൊണ്ട് ശ്രീ കെ. ജെ. തോമസ് ഉജ്ജ്വലത്തായ ഒരു പ്രഭാഷണം നടത്തി: "ഞാനും ഒരു മതവിശ്വാസിയാണ്. കുററവാളികളായ ജനങ്ങളെ നന്നാക്കാനുള്ളതാണ് ജയിൽ. അതിന് അവരെ സദാചാരനിരതരാക്കണം. അവർക്ക് മതബോധനം നൽകണം. ക്രൈസ്തവരുടെ മഹാശത്രുവായിരുന്ന സർ സി. പി. യുടെ കാലത്തുപോലും സെൻട്രൽ ജയിലിൽ ഒരു ചാപ്പൽ അനുവദിച്ചിരുന്നതാണ്. അതിനുവേണ്ടി വാദിക്കുന്നതിനെയാണ് പുതിയ പള്ളിക്കുള്ള ശ്രമം എന്നിവിടെ ദുർവ്യാഖ്യാനിച്ചു കാണുന്നത്. ഇന്നിവിടെ ജയിൽമന്ത്രിയായിരിക്കുന്ന ദേഹവും ഈ ഞാനും ഇവിടെയുള്ള പലരും സെൻട്രൽ ജയിലിൽ കഴിച്ചുകൂട്ടേണ്ടിവന്നപ്പോൾ ഒരു ചാപ്പൽ ഉണ്ടായിരുന്നതാണ്. ഞാൻ അവിടെ പോയി പ്രാർത്ഥിക്കാറുമുണ്ടായിരുന്നു. ആ ചാപ്പൽ ഇന്നു നീക്കം ചെയ്തിരിക്കുന്നു എന്നു കാണുന്നതിൽനിന്നുതന്നെ ഇവിടെ ആരുടെ ഭരണമാണ് നടക്കുന്നതെന്നു വ്യക്തമാകുന്നുണ്ട്. ഈ ജനകീയഭരണത്തിൽ, സെൻട്രൽ ജയിലിലുണ്ടായിരുന്ന ചാപ്പൽ നിർത്തലാക്കിയെങ്കിൽ ഈ മന്ത്രിമാർ അതിനു സമാധാനം പറയണം. പോരാ, അത് അവിടെ പുനസ്ഥാപിക്കുകതന്നെ വേണം."

### ശ്രീ ചെറിയാൻ കാപ്പൻ

ശ്രീ ചെറിയാൻ കാപ്പൻ തന്റെ പ്രസംഗത്തിൽ പ്രസ്തുത വിഷയത്തെപ്പററി ഇതുപോലെതന്നെ ശക്തിയായി വാദിച്ചു: "ജയിലിൽ തടവുശിക്ഷ അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ ഒരു വലിയവിഭാഗം മതവിശ്വാസികളാണെന്നുള്ളത് തർക്കമററ സംഗതിയാണ്. കുററവാളികളായവർക്ക് ജീവിതപരിവർത്തനം ഉണ്ടാക്കാനും, നിരപരാധികളായവർക്ക് ജയിലിലെ ഏകാന്തവാസത്തിന്റെ ദുരിതത്തിൽനിന്ന് ആശ്വാസം നേടാനും ഏററവും ഉത്തമമായ മാർഗ്ഗമാണ് ജയിലിനുള്ളിൽ ദൈവാരാധനയ്ക്കും മതബോധനത്തിനും സൗകര്യമുണ്ടാക്കിക്കൊടുക്കുന്നത്. ജയിൽമന്ത്രിയും ചീഫ്മിനിസ്റ്ററും ഞാനും, എന്നുവേണ്ട ഈ സഭയിലെ പല മെമ്പറന്മാരും ജയിൽവാസമനുഭവിച്ചിട്ടുള്ളവരാകയാൽ സെൻട്രൽ ജയിലിലെ ആരാധനാസൗകര്യത്തിന്റെ പ്രയോജനം നന്നായി അനുഭവിച്ചിട്ടുള്ളവരാണ്. ആ ആരാധനയിൽ പങ്കെടുക്കുന്നതിൽ മതവിശ്വാസികളായ തടവുകാർ എത്രമാത്രം ഔൽസുക്യം പ്രദർശിപ്പിച്ചിരുന്നുവെന്നുള്ളതിനു് ശ്രീ സി. കേശവൻ മുതലായ നേതാക്കന്മാർ സാക്ഷികളുമാണ്. ഉറച്ച മതവിശ്വാസമുള്ള ഒരു രാജ്യമാണിതെന്നും, ഏതെങ്കിലും കാരണവശാൽ ജയിലിലടയ്ക്കപ്പെട്ടവരുടെ ആത്മനിർവൃതിക്ക് ഉപകരിക്കുന്ന ആരാധനാസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നുവെന്നും ഉള്ള പരമാർത്ഥത്തിന്റെ മേൽ കണ്ണടയ്ക്കുകയാണ് ഇവിടത്തെ അധികാരികൾ ചെയ്തുകാണുന്നത്. സെൻട്രൽ ജയിലിൽ കത്തോലിക്കർക്ക് ആരാധനനടത്തുന്നതിനായി ഒരു ചാപ്പൽ വളരെ പുരാതനമായി സംരക്ഷിച്ചുപോന്നിരുന്നത് ഈ അടുത്തകാലത്ത് പൊളിച്ചുകളഞ്ഞതായറിയുന്നത് വേദനാജനകമാണ്. കഴിഞ്ഞ ഒരു മാസമായി അവിടെ വൈദികർ പോകുന്നില്ലെന്നാണ് അറിയുന്നത്. (ഒരു മാസമല്ല, നാലഞ്ചു മാസമായി, എന്ന് ശ്രീ ഇ. പി. വർഗ്ഗീസ് തിരുത്തിപ്പറഞ്ഞു). ഓരോ മതക്കാർക്കും അവർ വിശ്വസിക്കുന്നതരത്തിൽ മതാനുഷ്ഠാനം നടത്താനും അതിൽക്കൂടെ ആത്മീയമായ ആശ്വാസം നേടാനും അനുവദിക്കാത്ത പരിതസ്ഥിതി സൃഷ്ടിച്ചവർ ഭരണഘടനയിലെ ആരാധനാസ്വാതന്ത്ര്യപ്രഖ്യാപനത്തിനെതിരായി വർത്തിക്കുകയാണു ചെയ്യുന്നത്. ആകയാൽ ഈ ചാപ്പൽ ജയിലിൽ പ്രതിഷ്ഠാപിക്കാൻ ഈ സഭതന്നെ ഗവർമ്മെൻറിനെ നിർബന്ധിക്കണമെന്ന് ഞാൻ നിങ്ങൾ ഓരോരുത്തരോടും അപേക്ഷിക്കുന്നു. ജയിൽ പരിഷ്കരണത്തിൽ ഒരു പ്രധാനവ്യവസ്ഥയായി മതബോധനത്തെ പരിഷ്കൃതഗവർമ്മെൻറുകളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. മദ്രാസ് ഗവർമ്മെൻറിന്റെ ജയിൽ പരിഷ്കരണക്കമ്മിററി ഈ വസ്തുത അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതും നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. ജയിലിലെ നിരാശ്രയരായ തടവുകാരുടെ ഒരു പ്രധാനാവശ്യമാണ് ഈ ചാപ്പൽ നശീകരണംകൊണ്ടു തടയപ്പെട്ടിരിക്കുന്നതെന്നും, ഈ അവകാശനിഷേധത്തിന് ഉത്തരവാദികൾ ആരായിരുന്നാലും മതവിശ്വാസത്തേയും മതാനുഷ്ഠാനങ്ങളേയും അവർ അറിഞ്ഞോ അറിയാതെയോ വെല്ലുവിളിച്ചിരിക്കുകയാണെന്നും ഗവർമ്മെൻറിനെ ഞാൻ അറിയിച്ചുകൊള്ളുന്നു."

### ജയിൽമന്ത്രിയുടെ മറുപടി

വിമർശനങ്ങൾക്ക് തക്ക മറുപടി നൽകിയ ജയിൽമന്ത്രി ശ്രീ ടി. എം. വർഗ്ഗീസ് പ്രസ്തുത വിഷയത്തെപ്പററി ഇങ്ങനെ പ്രസ്താവിച്ചു:- ജയിൽജീവിതംകൊണ്ടു് മനുഷ്യൻ നന്നാകണമെങ്കിൽ ധർമ്മബോധം വളർത്താനുള്ള സാഹചര്യങ്ങൾ ഉണ്ടാകണം. ഈ അടിസ്ഥാനത്തിലുള്ള ജയിൽപരിഷ്കരണം സാധിക്കാനാണ് ഒരു കമ്മിററിയെ നിയമിച്ച് നിർദ്ദേശം വാങ്ങുവാൻ തീരുമാനിച്ചിരിക്കുന്നത്. ജയിലിൽ മതപരമായ ആരാധനാസൗകര്യങ്ങൾ ഉണ്ടാകേണ്ടതാവശ്യമാണെന്ന് ഈ ഗവർമ്മെൻറ് വിശ്വസിക്കുന്നു. അതിലേക്കാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. (ധനാഭ്യർത്ഥന വോട്ടിനിട്ടു പാസാക്കി.)

### ജയപ്രകാശ് നെഹ്റുവിനു സമർപ്പിച്ച കരടുപരിപാടി

കോൺഗ്രസ്സും പി. എസ്. പി. യും തമ്മിൽ സഹകരണമുണ്ടാകുവാൻ നെഹ്റുവും ജയപ്രകാശും തമ്മിൽ നടത്തിയ ആലോചനകൾ തല്ക്കാലം വിഫലമായെന്നു കഴിഞ്ഞപ്രാവശ്യം പ്രസ്താവിച്ചിരുന്നല്ലോ. അതിന്റെ കാരണം സഹകരണത്തിന്റെ അടിസ്ഥാനമായി ജയപ്രകാശ് സമർപ്പിച്ച കരടുപദ്ധതി സ്വീകരിക്കുവാൻ നെഹ്റുവിനുള്ള വിസമ്മതമാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. 14 പോയിൻറു് അടങ്ങിയ ആ കരടുപരിപാടിയാണ് ചുവടെ ചേർക്കുന്നത്.

1) ഭരണഘടനയിൽ ഭേദഗതി

(എ) സാമൂഹ്യമാററത്തിന്റെ വഴിക്കുള്ള തടസ്സങ്ങൾ നീക്കാനും, (ബി) നാട്ടുരാജാക്കന്മാർക്കു

സിവിൽ ഉദ്യോഗസ്ഥന്മാക്കും മററുമുള്ള ഭരണഘടനാ ഉറപ്പുകൾ റദ്ദാക്കാനും, (സി) നിയമസഭയിലെ ഉപരിമണ്ഡലങ്ങൾ വേണ്ടെന്നുവെയ്ക്കാനും ഭരണഘടനയിൽ ഭേദഗതിവരുത്തണം.

2) (എ) രാഷ്ട്രീയാധികാരത്തിന്റെയും ഭരണമേധാവിത്വത്തിന്റെയും വികേന്ദ്രീകരണമുൾപ്പെടെ എല്ലാ വിതാനങ്ങളിലും ഭരണപരിഷ്കാരം. (ബി) നിയമത്തിലും നിയമനടപടിക്രമത്തിലും പരിഷ്കാരം. (സി) അഴിമതിക്കാര്യങ്ങളിൽ ഉടനെ തീർപ്പുനൽകാൻ തക്കവണ്ണം കാര്യക്ഷമമായ ഏർപ്പാട്.

3) (എ) ഭാഷാപരവും സാമ്പത്തികവും ഭരണപരവുമായ പരിഗണനകളുടെ അടിസ്ഥാനത്തിൽ ഇൻഡ്യയുടെ പടം, ഭരണകാര്യത്തെ സംബന്ധിച്ചിടത്തോളം, മാററിവരയ്ക്കുക; മേല്പറഞ്ഞ തത്വങ്ങളുടെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ശരിപ്പെടുത്താൻ പാർലമെൻറ് ഒരു കമ്മീഷനെ നിയമിക്കുക. (ബി) ഒന്നിലേറെ സ്റ്റേറ്റുകൾക്ക് ഒരാളെന്നതോതിൽ റീജനൽ ഗവർണ്ണർമാരെ ഏർപ്പെടുത്തിയും, ഹൈക്കോടതികളും മററു മേലേക്കിട ട്രിബ്യൂണലുകളും പബ്ലിക്സർവ്വീസ് കമ്മീഷനും അതേമാതിരി റീജനൽ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയും ഭരണച്ചെലവു ചുരുക്കുക.

### ഭൂനയപരിഷ്കരണം

4) (എ) സാമ്പത്തികാസമത്വവും ചൂഷണവും ഇല്ലാതാക്കാൻ ഭൂമിയുടെ പുനർവിഭജനം നടത്തുക. അത്തരം പദ്ധതികളിലെല്ലാം ഭൂമിയില്ലാത്ത തൊഴിലാളികൾക്കും പാവപ്പെട്ട കർഷകർക്കും മുൻഗണന നൽകുക. (ബി) എല്ലാ കുടിയൊഴിപ്പിക്കലും ഉടനെ നിർത്തുക. (സി) നിലം തുണ്ടംതുണ്ടമാകുന്നതു് തടയാനും വസ്തുവകകൾ ഏകീകൃതമാക്കാനും പററിയ നിയമനിർമ്മാണം. (ഡി) ഇനിയും ശേഷിച്ചിരിക്കുന്ന രൂപങ്ങളിലുള്ള ജന്മിത്വം റദ്ദാക്കുക. (ഇ) നിർബന്ധനിലയിലുള്ളതും വിവിധലക്ഷ്യങ്ങളോടുകൂടിയതുമായ സഹകരണസംഘങ്ങൾ മുഖേന ഗ്രാമങ്ങളിലെ സമ്പദ്‌വ്യവസ്ഥിതിയെ സഹകരണസമ്പദ്‌വ്യവസ്ഥിതിയായി മാററുക. (എഫ്) കൃഷിക്കാർക്ക് വായ്പയും മററു സൗകര്യങ്ങളും നൽകുന്നതിനു് സ്റ്റേറ്റിൽനിന്നു് സഹായംചെയ്യുക. അത്തരം സഹായം വിവിധലക്ഷ്യങ്ങളോടുകൂടിയ സഹകരണസംഘങ്ങൾ മുഖേന നൽകുക. സ്റ്റേറ്റു് കഴിയുന്നത്ര സ്വകാര്യകക്ഷികരോടു് ഇടപെടാതെ, സഹകരണസംഘമോ പഞ്ചായത്തോ ആയിസംഘടിച്ച കർഷകസംഘത്തോടു് ഇടപെടുക. ഭൂനികുതിപിരിവും ഇതിൽ പെടണം. നികുതിയിലൊരുഭാഗം സഹകരണസംഘമായോ പഞ്ചായത്തായോ സംഘടിച്ച ഗ്രാമത്തിനു് കിട്ടണം.

5) തരിശുനിലം വീണ്ടെടുക്കുക. ഗ്രാമസമിതികൾ മുഖേന നിലമില്ലാത്ത തൊഴിലാളികളെ അതിൽ പാർപ്പിക്കുക. മുതലാളിത്തകൃഷിക്കു് തരിശുനിലം അനുവദിച്ചുകൂടാ.

### ബാങ്കും ഇൻഷ്വറൻസും

6) ബാങ്കുകളും ഇൻഷ്വറൻസു കമ്പനികളും രാഷ്ട്രസാൽക്കരിക്കുക.

7) സ്റ്റേറ്റു് വ്യാപാരം ക്രമപ്രവൃദ്ധമായി അഭിവൃദ്ധിപ്പെടുത്തുക.

8) വിവിധവ്യവസായങ്ങളിലെ നിശ്ചിത എണ്ണം യന്ത്രശാലകൾ സ്റ്റേറ്റിന്റെ ഉടമയിലും നടത്തിപ്പിലും ആക്കുക; അല്ലെങ്കിൽ സ്വയം നിർണ്ണയാവകാശമുള്ള കോർപ്പറേഷനുകളുടേയോ വർക്ക്സ് കൗൺസിലുകളുടേയോ ഉടമയിലും നടത്തിപ്പിലും ആക്കുക. സ്റ്റേറ്റു് വ്യവസായങ്ങൾക്കു് സാങ്കേതികവിദഗ്ദ്ധന്മാരേയും ഭരണനടത്തിപ്പുകാരേയും പ്രദാനം ചെയ്യാൻ പററിയ ടെക്ക്നീഷ്യന്മാരും മാനേജരന്മാരും ഉൾപ്പെട്ട സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക.

9) യൂണിയൻ ഷാപ്പുകളുടെ (തൊഴിലാളികൾ എല്ലാം അംഗങ്ങളായിരിക്കണമെന്നു നിർബന്ധമുള്ള യൂണിയനുകൾ) അടിസ്ഥാനത്തിൽ സംഘടിപ്പിച്ച ഏകീകൃത തൊഴിലാളിയൂണിയൻ പ്രസ്ഥാനം ഏർപ്പെടുത്തുക. സാമൂഹ്യമായ ഉത്തരവാദമുള്ള ഏജൻസികളായിത്തീരാൻ ഈ ഏർപ്പാടു് യൂണിയനുകളെ സഹായിക്കും.

10) കൽക്കരിഖനികളും പ്രധാനലോഹങ്ങൾ ഉല്പാദിപ്പിക്കുന്ന മററു് ഖനിശാലകളും രാഷ്ട്രസാൽക്കരിക്കുക.

11) സ്റ്റേറ്റു് വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളെക്കൂടി പങ്കാളികളാക്കുക.

12) വൻകിട വ്യവസായങ്ങളുടേയും ചെറുകിട വ്യവസായങ്ങളുടേയും പരിധി തിരിക്കുകയും, ചെറുകിടവ്യവസായങ്ങളെ സ്ഥാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

13) സാമ്പത്തികസമത്വംനേടാനുള്ള ആദ്യത്തെ നടപടി എന്ന നിലയ്ക്കു് ഗവമ്മെൻറു് സർവ്വീസുകളിലെ ഉയന്നശമ്പളവും ബത്തയും ചുരുക്കിക്കൊണ്ടുവരിക.

14) സ്വദേശീമനോഭാവം വളർത്തുകയും എല്ലാ ജീവിതതുറകളിലും വ്യാപിപ്പിക്കുകയും ചെയ്യുക.

കോൺഗ്രസ്സ് ഗവർമ്മെൻറു് ഭരണഘടനയനുസരിച്ചും ഭരണക്രമം സ്വീകരിച്ചും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന സമ്പ്രദായങ്ങളും, പി. എസ്. പി. യുടേതായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ കരടുപദ്ധതിയിലെ സമ്പ്രദായങ്ങളും തമ്മിൽ മൗലികമായ വ്യത്യാസമുണ്ടെന്നു് സ്പഷ്ടമാണല്ലോ. തന്മൂലം അതു സ്വീകരിക്കുവാൻ നെഹ്റു വിസമ്മതിച്ചതിൽ ആശ്ചര്യമില്ലതന്നെ!!

### ബ്രിട്ടീഷ് സോഷ്യലിസ്റ്റുകൾ രാഷ്ട്രസാൽക്കരണം വെടിഞ്ഞുതുടങ്ങുന്നു

കൃഷി, വ്യവസായം, വ്യാപാരം, ബാങ്കിംഗ് മുതലായവയെല്ലാം നിവൃത്തിയുള്ളിടത്തോളം രാഷ്ട്രസാൽക്കരിക്കണമെന്ന സോഷ്യലിസ്റ്റുകാരുടെ ആദശ്‌വാദമനുസരിച്ചാണു് മുകളിലുദ്ധരിച്ച കരടുപദ്ധതി ജയ്പ്രകാശ് തയാറാക്കിയതെന്നു് വ്യക്തമാണല്ലോ. യാഥാത്ഥ്യവാദിയായ നെഹ്റുവിനു് അതെങ്ങനെ സ്വീകാര്യമാകും? സമസ്തവും രാഷ്ട്രം ഏറെറടുത്തു നടത്തിയെങ്കിലേ ഉല്പാദനവർദ്ധനവും വിതരണസമത്വവും രാജ്യത്തിനു കൈവരികയുള്ളുവെന്നു് അദ്ദേഹത്തിനു വിശ്വാസമില്ല. അതുകൊണ്ടാണല്ലോ സമ്മിശ്രസാമ്പത്തികവ്യവസ്ഥിതി — പബ്ലിക്കും പ്രൈവററും ഉദ്യമങ്ങളടങ്ങിയ വ്യവസ്ഥിതി—അദ്ദേഹം സ്വീകരിച്ചിരിക്കുന്നതു്. നെഹ്റുവിന്റെ യാഥാത്ഥ്യവാദമാണു്, അല്ലാതെ ജയപ്രകാശിന്റെ ആദശ്‌വാദമല്ല രാജ്യക്ഷേമത്തിനു പററിയതെന്നു് ബ്രിട്ടണിലെ സോഷ്യലിസ്റ്റുകാരടങ്ങിയ ലേബർ പാർട്ടിയുടെ ഇതുവരെയുള്ള അനുഭവം തെളിയിച്ചിരിക്കുന്നു. മുൻ ലേബർപാർട്ടി ക്യാബിനററിലെ ഒരു പ്രമുഖാംഗം ഇയ്യിടെ തന്നോടു പറഞ്ഞ വാക്കുകൾ ഡഗ്ലസ് ഹൈഡ് (ഒരുകാലത്തു് ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ പ്രമുഖ പ്രവത്തകനായിരുന്ന ആൾ) ഒരു പ്രമുഖപത്രത്തിൽ എഴുതിയിരിക്കുന്നതിങ്ങനെയാണു്: "കഴിഞ്ഞ കാലങ്ങൾ വളരെ കേമമായിരുന്നു. രാഷ്ട്രസാൽക്കരണം തൊഴിലാളികൾക്കു് പുതിയ നീതിയും പുതിയ ഉത്തരവാദിത്വങ്ങളും പുതിയ ലോകവും കൈവരുത്തുമെന്നു് തെരുവുകളുടെ മൂലകളിൽനിന്നുകൊണ്ടു് ഞങ്ങൾ അവരോടു് പ്രസംഗിച്ചിരുന്നു. എന്നാൽ കഷ്ടമെന്നേ പറയേണ്ടൂ, ആറര കൊല്ലത്തോളം ഞങ്ങൾ അധികാരം വഹിച്ചെങ്കിലും, ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നതു് എന്താണെന്നു പറയാം. ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും വ്യാപാരത്തിന്റെയും മാർഗ്ഗങ്ങളുടെ രാഷ്ട്രസാൽക്കരണം, ഞങ്ങൾ ഒരുകാലത്തു വിചാരിച്ചതുപോലെ, സകല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്ന മാന്ത്രികശക്തിയല്ലെന്നു ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു." തന്റെ സഹകാരികളെല്ലാം, ചിലർ പ്രൈവററായും മററുചിലർ പബ്ലിക്കായും, പറയുന്ന ഈ വസ്തുത വെളിപ്പെടുത്തിയ ഈ മാന്യൻ പ്രായാധിക്യത്താൽ ക്ഷീണിച്ചവനല്ല, പ്രത്യുത ഇന്നും ഒന്നാംകിടയിലിരിക്കുന്ന ഊർജ്ജസ്വലനായ ബ്രിട്ടീഷ് ലേബർപാർട്ടി നേതാവാണെന്നു് ഹൈഡ് എടുത്തുപറയുന്നു.

"സോഷ്യലിസം: പുതിയ തത്വപ്രഖ്യാപനം" എന്ന ശീഷകത്തിലുള്ള ഒരു ചെറുപുസ്തകം "സോഷ്യലിസ്റ്റ്‌യൂണിയൻ" എന്നൊരു സംഘടന പ്രസിദ്ധീകരിച്ചെന്നും ഹെർബർട്ട് മോറിസൺ, (മുൻ ലേബർ വിദേശകാര്യമന്ത്രി) മോർഗൻ ഫിലിപ്പ് (ലേബർപാർട്ടിയുടെ ജനറൽ സിക്രട്ടറി) മുതലായ മഹാരഥന്മാരുടെ അംഗീകാരം അതിനു സിദ്ധിച്ചിട്ടുണ്ടെന്നും, അതിന്റെ ഒരു പ്രതി താൻ വിലയ്ക്കുവാങ്ങിയെന്നും അവതാരികയായി പറഞ്ഞുകൊണ്ടു് അതിലെ ചില വാക്യങ്ങൾ ഡഗ്ലസ് ഹൈഡ് തന്റെ ലേഖനത്തിൽ ഉദ്ധരിക്കുന്നുമുണ്ടു്. "സോഷ്യലിസ്റ്റുകളുടെ കേന്ദ്രവിശ്വാസം, കൂട്ടടമയുടെ ഏതെങ്കിലും രൂപംമുഖേന നീതിയുക്തവും ഗുണകരവുമായ സാമുദായികജീവിതം സ്ഥാപിതമാകും എന്നായിരുന്നു. കൂട്ടടമയെന്നതു് (Coll-c ivi-m) പലയാളുകളും പല അത്ഥത്തിൽ മനസ്സിലാക്കിയിരുന്നു. എന്നാൽ മിക്കപേരുടേയും ആശയമനുസരിച്ചു് ഭൂമിയുടേയും മൂലധനത്തിന്റെയും കൂട്ടടമയാണു് അതു്. സോഷ്യലിസം എന്നതിന്റെ അത്ഥം രാഷ്ട്രസാൽക്കരണം മാത്രമാണെന്നുള്ള വഴിക്കാണു് ജനകീയധാരണ പൊയ്ക്കൊണ്ടിരുന്നതു്. രാഷ്ട്രസാൽക്കരണംകൊണ്ടുമാത്രം സൗഭാഗ്യയുഗം സമാഗതമാകുമെന്നു് അവർ വിശ്വസിച്ചിരുന്നു....... എന്നാൽ ഇപ്പോൾ വ്യക്തമായിക്കഴിഞ്ഞു, രാഷ്ട്രസാൽക്കരണം എന്ന നടപടി തനിച്ചു് നാം ആഗ്രഹിക്കുന്ന രീതിയിൽ വ്യാവസായികവും സാമുദായികവുമായ ബന്ധങ്ങളിൽ പരിവത്തനങ്ങൾ വരുത്തുവാൻ പര്യാപ്തമല്ലെന്നു്...... സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരം ഒരേ കരങ്ങളിൽ കേന്ദ്രീകരിക്കുന്നതു്, അതിന്റെ അപകടങ്ങൾ ഒഴിച്ചുവയ്ക്കുവാനുള്ള നടപടികളുടെ അഭാവത്തിൽ, വ്യക്തിയുടെ സ്വാതന്ത്ര്യത്തിനെതിരായ ഭീഷണിയായിരിക്കുമെന്നു് ഞങ്ങൾക്കെല്ലാവക്കും ബോധമുണ്ടായിരിക്കുന്നു. വ്യക്തിയുടെ അസ്തിത്വംതന്നെ, സ്വപ്രകൃതിയാൽ അവനെ സമൂഹനന്മയ്ക്കുവേണ്ടി ബലികഴിക്കാനിടയുള്ള ശക്തികളെ കൂടുതൽ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നു." ഇങ്ങനെയെല്ലാം പറഞ്ഞശേഷം ആ ചെറുപുസ്തകം ഇപ്രകാരം ഉപസംഹരിക്കുന്നു: "നമ്മുടെ പ്രസ്ഥാനത്തിന്റെ അടിസ്ഥാനമായ ധാമ്മികതത്വങ്ങളെ ഉടച്ചുവാക്കേണ്ടതു് എന്നത്തെക്കാളും ഇന്നു് പ്രധാനമായ കാര്യമായിരിക്കുന്നു. കഴിഞ്ഞകാലത്തെ ശാസ്ത്രീയ വിശ്വാസപ്രമാണങ്ങൾ ഒടിഞ്ഞ ഞാങ്കണകളായി പരിണമിച്ചിരിക്കുന്നു."

50 കൊല്ലക്കാലങ്ങളിലെ പരീക്ഷണഫലമായി ബ്രിട്ടീഷ് സോഷ്യലിസ്റ്റുകാർ ദോഷകരമെന്നുകണ്ടു് വലിച്ചെറിയാൻ തുടങ്ങിയിരിക്കുന്ന സമ്പ്രദായങ്ങളാണു്—രാഷ്ട്രസാൽക്കരണംമുതലായ കൂട്ടടമസമ്പ്രദായങ്ങളാണു്—ഇൻഡ്യൻ സോഷ്യലിസ്റ്റു് നേതാവായ ജയപ്രകാശും കൂട്ടരും ഈ രാജ്യത്തിന്റെ മുക്തിമാർഗ്ഗങ്ങളായി . ഇപ്പോഴും വാഴ്ത്തി പുകഴ്ത്തിക്കൊണ്ടിരിക്കുന്നതു്. വ്യക്തിസ്വാതന്ത്ര്യത്തിൽ അചഞ്ചലമായി വിശ്വസിക്കുന്ന യാഥാത്ഥ്യവാദിയായ നെഹ്റുവിനു് അവ അസ്വീകാര്യമായിരിക്കുന്നതു് നമുക്കു മനസ്സിലാക്കുവാൻ കഴിയും.

### കൗമുദിയുടെ ആക്രോശം
### അന്തസ്സാരവിഹീനം

ജയപ്രകാശിന്റെ പ്രസ്തുത കരടുപദ്ധതിയെ പ്രശംസിച്ചും അതു സ്വീകരിക്കാത്ത നെഹ്റുവിനെ അപലപിച്ചും കേരളകൗമുദി എഴുതിയ മുഖപ്രസംഗത്തിലെ പ്രസ്താവങ്ങൾ എത്ര അന്തസ്സാരവിഹീനങ്ങളാണെന്നു്, മുകളിലുദ്ധരിച്ച ബ്രിട്ടീഷ് സോഷ്യലിസ്റ്റുകളുടെ ആശയപരിവത്തനത്തിന്റെ വെളിച്ചത്തിൽ പ്രസ്പഷ്ടമാകുന്നു: "രാജ്യത്തെ സോഷ്യലിസത്തിന്റെ മാർഗ്ഗത്തിലേക്കു് ത്വരിപ്പിക്കുന്ന നിർദ്ദേശങ്ങൾ മാത്രമാണു് ജയപ്രകാശ് സമപ്പിച്ചതു്. നിർദ്ദോഷകരങ്ങളും വളരെ പ്രയോജനകരങ്ങളുമായ പരിഷ്കാരങ്ങളാണു് ജയപ്രകാശ് നിർദ്ദേശിച്ചതു്. അവയെല്ലാം രാജ്യത്തിനു ഗുണംചെയ്യുന്നവയാണെന്നു് ജവഹരിലാൽ സമ്മതിക്കുന്നു. ആവശ്യമാണെന്നും സമ്മതിക്കുന്നു. പക്ഷെ നെഹ്റു കോൺഗ്രസ്സല്ല. കോൺഗ്രസ്സ് വേറെയാണു്. ആ കോൺഗ്രസ്സ് ഈ പരിഷ്കാരങ്ങളൊന്നും സമ്മതിക്കുകയില്ല. രാജ്യത്തിനു ഗുണം ചെയ്യുവാനുള്ള പദ്ധതി കോൺഗ്രസ്സിനെക്കൊണ്ടു് അംഗീകരിപ്പിക്കുവാൻ മഹാനും ധീരനും ശക്തനുമായ നെഹ്റുവിനുപോലും സാദ്ധ്യമല്ലെന്നാണു് ഇതിൽനിന്നും വ്യക്തമാകുന്നതു്. അങ്ങനെയുള്ള കോൺഗ്രസ്സിനെ ശുദ്ധിചെയ്തെടുക്കാമെന്നാണു് ഇവിടേയും ചില ആദശ്‌വാന്മാരുടെ മോഹം. കോഴിക്കു മുലവരുന്ന കാലം കാത്തിരിക്കാമെന്നതിൽ കവിഞ്ഞു് ആ മോഹം മൊട്ടിടാൻ പോകുന്നില്ല." കൗമുദിയുടെ ഉള്ളിൽ തിരു-കൊച്ചിയിലെ കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം തിങ്ങിവിങ്ങിക്കൊണ്ടിരിക്കുന്ന കോൺഗ്രസ്സ് വിദ്വേഷവിഷം വമിക്കുവാൻ ഈ അവസരവും പ്രയോജനപ്പെട്ടുവെന്നുമാത്രം.

### ഇൻഡ്യൻ കമ്മ്യൂ: പാർട്ടിക്കു്
### പുനഃസംഘടനയും പുതുജീവനും

ഇൻഡ്യയിൽ നിലവിലിരിക്കുന്ന രാഷ്ട്രീയസ്ഥിതിഗതികളെ അഭിമുഖീകരിക്കാൻ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയെ പുനഃസംഘടിപ്പിച്ചു് ഒരു പുതുജീവൻ സ്വയം കൈക്കൊള്ളുന്നതിനു് തീരുമാനിച്ചിരിക്കുകയാണെന്നു് പാർട്ടിയുടെ ജനറൽ സിക്രട്ടറി ശ്രീ അജൈഘോഷ് മാർച്ച് 20-ാംനു- പ്രസ്താവിക്കുകയുണ്ടായി. അതിനുവേണ്ടി പാർട്ടിയുടെ ഒരു സമ്മേളനം അടുത്ത ഒക്ടോബറിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നുവെന്നും, കോൺഗ്രസ്സ് കൂടുന്ന സ്ഥലം നിശ്ചയിച്ചില്ലെങ്കിലും മിക്കവാറും ഡൽഹിയിലോ ബോംബെയിലോവച്ചു് നടത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ്സിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനും അജൻറാ തയ്യാറാക്കുന്നതിനും പാർട്ടിയുടെ സെൻട്രൽ കമ്മിററി മാർച്ച് 25-ാംനു- സമ്മേളിക്കുവാൻ അന്നു നിശ്ചയിക്കുകയുംചെയ്തു. രാജ്യമാസകലമുള്ള ഒന്നാംകിട കമ്മ്യൂ: നേതാക്കന്മാർ സെൻട്രൽ കമ്മിററിമീററിംഗിൽ സംബന്ധിക്കുമെന്നാണു് പ്രതീക്ഷ. അതിൽവച്ചു് പാർട്ടീസംഘടനയെ ബാധിക്കുന്ന പല കാര്യങ്ങളും ചച്ചചെയ്യപ്പെടും.

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഏകലക്ഷ്യം രാജ്യത്തു കുഴപ്പങ്ങൾ വർദ്ധിപ്പിച്ചു് വേണ്ടിവന്നാൽ അക്രമപരമായ വിപ്ലവമുണ്ടാക്കി, അധികാരം പിടിച്ചെടുക്കണമെന്നതാകയാൽ മാറിമാറിക്കൊണ്ടിരിക്കുന്ന സ്ഥിതിഗതികളെ ലക്ഷ്യപ്രാപ്തിക്കു് പ്രയോജനപ്പെടുത്തുവാൻ തക്കവണ്ണം സംഘടനയുടേയും നയപരിപാടികളുടേയും കാര്യങ്ങളിൽ അവർ മാററങ്ങൾ വരുത്തുവാൻ ശ്രദ്ധാലുക്കളായിരിക്കുമെന്നതിൽ ആശ്ചര്യപ്പെടേണ്ടതില്ല.

### തിരു-കൊച്ചിയിലെ
### വിദ്യാഭ്യാസത്തിന്റെ സ്ഥിതി

1951—52-ലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ പ്രവത്തനങ്ങളെ നിരീക്ഷണംചെയ്തുകൊണ്ടു് ഔദ്യോഗികമായി ചില കണക്കുകൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 1951-52-ന്റെ അവസാനത്തിൽ 5,526 വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അതിനു തലേകൊല്ലത്തിലെ സംഖ്യ 5,366 ആയിരുന്നു. ഡിപ്പാട്ടുമെൻറുവക 2,661 സ്ഥാപനങ്ങളും ബാക്കി പ്രൈവററു് മാനേജ്മെൻറിന്റെ കീഴിലുള്ളവയുമാണു്. ആകെക്കൂടി അദ്ധ്യേതാക്കളുടെ സംഖ്യ 1,578,143. അതിനു തലേകൊല്ലത്തേതു് 1,503,858. 1951-ലെ സെൻസസ്സുപ്രകാരമുള്ള ആകെ ജനസംഖ്യയുടെ (9,280,425) 17.05 ശതമാനമാണു് അദ്ധ്യേതാക്കൾ. ആകെയുള്ള പുരുഷന്മാരുടെ (4,620,803)19.14 ശതമാനമാണു് ആൺ വിദ്യാത്ഥികൾ. ആകെയുള്ള സ്ത്രീകളുടെ (4,659,622)15.11 ശതമാനമാണു് പെൺ വിദ്യാത്ഥികൾ. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ചിററൂരുംചെങ്കോട്ടയും താലൂക്കുകളിൽക്കൂടിവ്യാപിപ്പിച്ചു. ഷിഫ്ററു സമ്പ്രദായം തിരുവിതാംകൂർ പ്രദേശത്തു് തുടന്നുകൊണ്ടിരുന്നു. പ്രൈവററു് സെക്കൻററി സ്കൂളുകളിലെ അദ്ധ്യാപകരുടെ സർവ്വീസ്‌കാര്യങ്ങൾ മെച്ചമാക്കുവാൻവേണ്ടി ഒരുപദ്ധതി 1950 സെപ്ററംബർ 1-ാംനു- അവതരിപ്പിച്ചു. ചില ഭേദഗതികൾ വരുത്തിയശേഷം അതു് 1951 ഡിസംബർ 1-ാംനു- പ്രയോഗത്തിൽവരുത്തി. തൃശ്ശൂർ ട്രെയിനിംഗ് കോളെജ് സാദ്ധ്യായവഷത്തിന്റെ ആരംഭത്തിൽ പുനരുദ്ധരിക്കപ്പെട്ടു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും പ്രദേശങ്ങളിലെ വിദ്യാഭ്യാസചട്ടങ്ങൾ ഏകീകരിക്കുവാൻ ഒരു സ്പെഷ്യൽ ആഫീസർ നിയമിക്കപ്പെട്ടു. പൊതുവായ വിദ്യാഭ്യാ-

സനയം സംബന്ധിച്ചു് ഡിപ്പാർട്ടുമെൻറിനെ ഉപദേശിക്കുവാൻ ഒരു എഡ്യൂക്കേഷൻ ബോർഡു് സ്ഥാപിച്ചു. പ്രൈവററു് മാനേജു്മെൻറിൻെറ കീഴിലുള്ളതും ഗവർമ്മെൻറിൽനിന്നും സഹായം വാങ്ങുന്നതുമായ 14 ടെക്നിക്കൽ സ്കൂളുകളുണ്ടു്. സംഗീതം നൃത്തം മുതലായ സുകുമാരകലകൾ പരിശീലിപ്പിക്കുന്ന 4 സ്ഥാപനങ്ങൾ തിരുവിതാംകൂർ പ്രദേശത്തുണ്ടു്. സംസ്ഥാനത്തു് 4 അടിസ്ഥാന വിദ്യാലയങ്ങളുണ്ടു്.

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

ഏപ്രിൽ
5 ഞാ: ഉയിർപ്പു് തിരുനാൾ
6 തി: സെലസ്റ്റിൻ
7 ചൊ: ജോസഫ് ഹെർമൻ
8 ബു: പെർപെത്തുസ്
9 വ്യാ: ഈജിപ്തിലെ മറിയം
10 വെ: അപ്പലോനിയസ്
11 ശ: ലീയോ

## വിജ്ഞാപനം

ഈസ്റ്റർ പ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്തയാഴ്ചയിൽ സത്യദീപം പുറപ്പെടുന്നതല്ല.

## ക: കോൺഗ്രസ് വാർഷികം


അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ 35-ാമതു വാർഷികം ഏപ്രിൽ 26, 27, 28 എന്നീ തീയതികളിൽ ഇരിങ്ങാലക്കുട ചെറുപുഷ്പനഗറിൽവച്ചു് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## ക്രിസ്തുചരിതം ടെലിവിഷനിൽ

അടുത്ത ദുഃഖവെള്ളിയാഴ്ച മിശിഹായുടെ ജീവചരിത്രം ലണ്ടനിൽനിന്നും ടെലിവിഷനിൽക്കൂടെ പ്രദർശനം നടത്തുവാൻ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കമ്പനി തീരുമാനിച്ചിരിക്കുന്നതായറിയുന്നു. ഫാ. കാർ എന്ന കത്തോലിക്കാവൈദികനും മററു ചിലരുംകൂടി അഭിനയിക്കുന്ന പ്രസ്തുത ചിത്രത്തിൻെറ പേർ "ഇതാ മനുഷ്യൻ" എന്നാണു്. പ്രദർശനം 90 മിനിട്ട ദൈർഘ്യം വരുമെന്നറിയുന്നു.

## പേപ്പൽ ചേമ്പർലയിൻ നിര്യാതനായി

പന്ത്രണ്ടാംപീയൂസു് മാർപ്പാപ്പതിരുമനസ്സിലെ പ്രധാന ചേമ്പർലയിനായ മോൺ. ഇക്കു്വെർട്ടോ അബ്സോറിയോ മെല്ലാഡിസാം തേലിയ മാർച്ചു് 20-ാം തീയതി 73-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. വൈദികപദവിയിൽ പ്രവേശിക്കുന്നതിനു മുമ്പു് അദ്ദേഹം ഒരു അഭിഭാഷകനായിരുന്നു.




Excuse me for delay.
Rose Chummar

## ഇന്ത്യാ വാർത്തകൾ

### പോസ്റ്റൽ നിരക്കു വർദ്ധിപ്പിച്ചു

പോസ്റ്റൽ ഉരുപ്പടികൾക്കു് സാധാരണ പോസ്റ്റേജിനു പുറമെയുള്ള രജിസ്ട്രേഷൻഫീസ് ഇപ്പോൾ 4 ണ എന്നുള്ളതു് ഏപ്രിൽ 1-ാംനു മുതൽ 6ണയായി വർദ്ധിപ്പിച്ചിരിക്കുന്നു.

### നെഹ്റു ലണ്ടനിലേക്കു്

രണ്ടാം എലിസബത്തു രാജ്ഞിയുടെ കിരീടധാരണത്തിലും കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിലും സംബന്ധിക്കുന്നതിനായി ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററു് നെഹ്റു മേയ് 29-ാംനു ലണ്ടനിലെത്തുന്നതാണെന്നും ജൂൺ 16-ാംനു-വരെ അവിടെയായിരിക്കുന്നതാണെന്നുമറിയുന്നു.

### കൗൺസിൽ ഓഫ് സ്റ്റേററു്

കേന്ദ്ര കൗൺസിൽ ഓഫ് സ്റ്റേററു് സമ്മേളനം മാർച്ചു് 28-ാം തീയതി സമാപിച്ചിരിക്കുന്നു. ഏപ്രിൽ 9-ാംനു വീണ്ടും സമ്മേളനമാരംഭിക്കുന്നതാണു്.

### ആന്ധ്രാ സംസ്ഥാനം

1953 ഒക്ടോബർ 1-ാംനു പുതിയ ആന്ധ്രാസംസ്ഥാനം ഉൽഘാടനം ചെയ്യപ്പെടുമെന്നു് മാർച്ചു് 25-ാംനു പ്രധാനമന്ത്രി നെഹ്റു കേന്ദ്രപാർലമെൻറിൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു. ആന്ധ്രാസംസ്ഥാനത്തിൻെറ താല്ക്കാലികതലസ്ഥാനം ആന്ധ്രാദേശത്തുതന്നെ ആയിരിക്കണമെന്നാണു് ഗവർമ്മെൻറിൻെറ അഭിപ്രായമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

——

ആരോഗ്യപംക്തി

## കരുപ്പുകട്ടിയും പഞ്ചസാരയും

കരുപ്പുകട്ടി പഞ്ചസാരയെക്കാൾ തുലോം പോഷണപൂർണ്ണമാണു്. പഞ്ചസാര അന്നാംശപ്രധാനമായതിനാൽ അതു് ശരീരത്തിനു് പ്രവർത്തനശക്തി (energy) മാത്രമേ നൽകുന്നുള്ളു. എന്നാൽ കരുപ്പുകട്ടിയിൽ പ്രവർത്തനശക്തിയുള്ളതു കൂടാതെ അതിൽ ഇരുമ്പു് (iron), സുധാംശം (calcium), ബി ജീവകങ്ങൾ, കാരോററിൻ മുതലായി ശരീരവളർച്ചയേയും, ആരോഗ്യത്തേയും അഭിവൃദ്ധിപ്പെടുത്തുന്ന ധാതുക്കളും അടങ്ങിയിട്ടുണ്ടു്.

കരുപ്പുകട്ടി പഞ്ചസാരയെക്കാൾ എളുപ്പത്തിൽ ദഹിക്കുന്നതും, രക്തത്തിൽ ലയിക്കുന്നതുമാകുന്നു.

ഇരുമ്പു് കരുപ്പുകട്ടിയിൽ ധാരാളമുള്ളതിനാൽ അതു വിളർച്ച (anaemia) യെ തടുക്കുന്നതും, മലക്കറികളിൽനിന്നു് മതിയാകുംവണ്ണം ഇരുമ്പു് ലഭിക്കാത്ത അവസരങ്ങളിൽ ആ കുറവു് നികത്തുന്നതുമാകുന്നു.

കരുപ്പുകട്ടിയിൽ ഇരുമ്പു കൂടാതെ ചെമ്പും അടങ്ങിയിട്ടുണ്ടു്. ആരോഗ്യവും ഓജസ്സും സംരക്ഷിപ്പാൻ ഈ രണ്ടു ധാതുക്കളും അത്യാവശ്യമാകുന്നു. ഇവ രണ്ടും ആഹാരത്തിൽ ഇല്ലാതായാൽ രക്തത്തിൽ ചെമന്ന രക്തകണങ്ങൾ കുറയുന്നതാണു്. ഇങ്ങനെ ഇതു് ആഹാരദൂഷ്യംമൂലം സംഭവിക്കുന്ന വിളർച്ചയെ തടുക്കുന്നതിനും സൗഖ്യപ്പെടുത്തുന്നതിനും വളരെ പ്രയോജനപ്പെടും.

പലതരത്തിലുള്ള ഭക്ഷണസാധനങ്ങളും ചില പാനീയങ്ങളും മധുരംചേർത്തുണ്ടാക്കുന്നതിനു് കരുപ്പുകട്ടി ധാരാളം മതിയാകും. അതുകൊണ്ടു് പഞ്ചസാര കിട്ടാൻ പ്രയാസമുള്ള ഇക്കാലത്തു് കരുപ്പുകട്ടി പഞ്ചസാരയ്ക്കുപകരം ഉപയോഗിക്കുകയായിരിക്കും ഏററ നന്നു്. കരുപ്പുകട്ടിയും തിന്നു് വെള്ളവും കുടിക്കുമ്പോൾ ദാഹം പൂർണ്ണമായും ശമിക്കുന്നു. ദാഹിച്ചു വലയുന്നവർക്കും രോഗികൾക്കും പഞ്ചസാരയ്ക്കുപകരം കരുപ്പുകട്ടിയാണു് നല്ലതു്.

എന്നാൽ പഞ്ചസാരയ്ക്കു് മേൽപ്പറഞ്ഞ ഗുണങ്ങളൊന്നുമില്ല. പ്രത്യുത അതിനു് പല ദോഷങ്ങളുമുണ്ടു്.

* പഞ്ചസാരയ്ക്കു് കരുപ്പുകട്ടിയെക്കാൾ വില കൂടുതലുണ്ടു്.

* പഞ്ചസാര കരുപ്പുകട്ടിയെപ്പോലെ എല്ലായിടത്തും എളുപ്പത്തിൽ കിട്ടുകയില്ല.

* പഞ്ചസാര കൂടുതൽ ഉപയോഗിച്ചാൽ ആരോഗ്യസംരക്ഷണത്തിനു് അത്യാവശ്യമായ മററു് ആഹാരസാധനങ്ങൾ ഉപയോഗിക്കാനുള്ള ആശയും കഴിവും കുറയും. (കെ. ദി.)

## വിദേശ വാർത്തകൾ

### ചെക്ക് പ്രസിഡണ്ടും പ്രധാനമന്ത്രിയും

ദിവംഗതനായ മി. ക്ലെമൻറു് ഗോട്ടുവാൾഡിനു പകരം ചെക്കോസ്ലോവാക്കിയായിലെ പ്രസിഡണ്ടായി മി. അൻേറാണിൻ സാപ്പൊട്ടോക്കി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ചെക്ക് പ്രധാനമന്ത്രിയായി മി. വിലം സിരോക്കിയും നിയമിതനായിരിക്കുന്നു.

### മേരിരാജ്ഞി മൃതിയടഞ്ഞു

ബ്രിട്ടനിലെ രണ്ടാം എലിസബത്തുരാജ്ഞിയുടെ പിതാമഹിയായ മേരിരാജ്ഞി 85-ാമത്തെ വയസ്സിൽ മാർച്ചു് 24-ാംനു രാത്രി മൃതിയടഞ്ഞിരിക്കുന്നു. മൃതദേഹം സ്വഭർത്താവായിരുന്ന ജോർജ്ജു് പഞ്ചമൻേറയും പുത്രനായിരുന്ന ജോർജ്ജു് ആറാമൻേറയും ശവകുടീരങ്ങൾക്കു് സമീപം വിൻസർ കൊട്ടാരത്തിലെ ശ്മശാനവേദിയിൽ സംസ്കരിക്കപ്പെട്ടു.


ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, കോഴിക്കോട്ട്, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധന | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,021 | 20,90,505 | 28,37,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും,

കുഞ്ചെറിയാററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)



വിഷു പ്രമാണിച്ചു്

പുതിയ ഉഴുന്നു് വന്നെത്തിയിരിക്കുന്നു

കറൻറുവിഷമം തീർന്നിട്ടില്ല. കാലേതന്നെ മാവു സ്റ്റോക്കുചെയ്യാതിരുന്നാൽ ഒരുപക്ഷ ചരക്കു് എല്ലാവർക്കും കിട്ടിയെന്നു വരുന്നതല്ലെന്നു കാലേക്കൂട്ടി അറിയിച്ചുകൊള്ളുന്നു:




കീർത്തിപ്പെട്ട കന്നുകാലി ആഹാരവും കറാച്ചി പപ്പടകാരവും പ്രസിദ്ധിനേടിയ ഉഴുന്നുമാവും ടി മില്ലിലും അഞ്ചുവിളക്കിൻ കിഴക്കുവശമുള്ള ഡെപ്പോവിലും മൊത്തമായും ചില്ലറയായും കിട്ടുന്നതാണു്.

കമ്മേഴ്സ്യൽ റൈസ് മിൽ

കൊക്കാലെ, തൃശ്ശൂർ

ഫോൺ: 102 Tel: CIARYEM


## യുവതികൾക്കു് ഏകാന്തധ്യാനം

ആലുവാ

ചൂണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടാറുള്ള യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറു് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു് ഏപ്രിൽമാസം 14-ാംതീയതി ചൊവ്വാഴ്ച വൈകുന്നേരം തുടങ്ങുന്നതും, 18-ാംതീയതി ശനിയാഴ്ച കാലത്തു് അവസാനിക്കുന്നതുമാണു്. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരിയാണു്. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംങ്ങ് ഫീസ് 8 രൂപാ മാത്രം. ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 5-ാംതീയതിക്കകം വിവരം അറിയിക്കേണ്ടതാണു്.

Mother Superior S. D., Chunangamvely, Alwaye


ഹോട്ടൽ ബസോട്ടോ

ടി. ബി. റോഡ്, എറണാകുളം

കുടുംബസമേതം വരുന്നവർക്കും, വിനോദയാത്രാ സംഘങ്ങൾക്കും, സഭാവസ്ത്രദാനം മുതലായവ പ്രമാണിച്ചുള്ള സൽക്കാരങ്ങൾക്കും മുൻഗണന നൽകപ്പെടും.

പ്രൊപ്രൈററർ


Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

വിമർശനവീഥി

# വിദ്യാഭ്യാസപ്രശ്നം

## തിരു-കൊച്ചി നിയമസഭയിൽ

തിരു-കൊച്ചി നിയമസഭയിൽ മാർച്ച് 18-ാംനു ചീഫ് മിനിസ്റ്റർ ശ്രീ എ. ജെ. ജോൺ വിദ്യാഭ്യാസവകുപ്പിലേക്കു് 38,108,000 രൂപായുടെ ധനാഭ്യർത്ഥന അവതരിപ്പിച്ചു. അതിനെത്തുടർന്നു് സംസ്ഥാനത്തെ വിദ്യാഭ്യാസത്തെ അധികരിച്ചു് പല മെമ്പറന്മാരും വിമർശനങ്ങൾ നടത്തി. ഐ. യു. മെമ്പറന്മാരുടെ വിമർശനങ്ങൾ പലതും പതിവുപോലെ കുററം പാച്ചിലായിരുന്നു. കത്തോലിക്കരേയും അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളേയും മുക്തകണ്ഠം ആക്ഷേപിക്കുവാൻ പ്രസ്തുത അവസരം അവർ ഉപയോഗിക്കാതിരുന്നില്ല. മാതൃകയ്ക്കായി അവരിൽ ചിലരുടെ വിമർശനങ്ങൾ ഉദ്ധരിക്കാം.

### ഐ. യു. മെമ്പറന്മാരുടെ വിമർശനങ്ങൾ

ഐ. യു. മെമ്പറന്മാരിൽ ഒരാൾ (പത്തനാപുരം മെമ്പർ ശ്രീ രാജഗോപാലൻനായർ ബി. എ. ബി. എൽ.) വിമർശനം തുടങ്ങിയതു് വൈസ്ചാൻസലർ സർ രാമസ്വാമി മുതലിയാരുടെ കുററങ്ങൾ പറഞ്ഞുകൊണ്ടാണു്:- മലയാളഭാഷാ പോഷണത്തിനു് സ്ഥാപിക്കപ്പെട്ടിട്ടുള്ള തിരുവിതാംകൂർ സർവ്വകലാശാലയ്ക്കു് മി: നന്ദൻമേനോന്റെ ഒരു ചുരുങ്ങിയ കാലത്തേ ഭരണമൊഴിച്ചാൽ ഇതേവരെ മലയാളമറിയാവുന്ന ഒരു വൈസ്ചാൻസലറെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ വൈസ് ചാൻസലറായി നിയമിതനായിരിക്കുന്ന സർ ആർക്കാട്ടു് രാമസ്വാമി മുതലിയാർ സ്വാതന്ത്ര്യസമരത്തിന്റെ എതിരാളിയായും ബ്രിട്ടീഷ് ഭരണാധികാരികളുടെ ആജ്ഞാനുവർത്തിയായും ഇൻഡ്യയിലെ ജനങ്ങൾക്കു സുപരിചിതനാണു്. അദ്ദേഹത്തിന്റെ ഭരണത്തിൽ ഒരു ഫാസിസ്റ്റ് ഫാക്ടറിയായി ഈ സർവ്വകലാശാല രൂപാന്തരപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

അനന്തരം മെമ്പർ ചങ്ങനാശ്ശേരി സെൻറ് ബെർക്കുമൻസ് കോളെജിന്റെ നേരെ തിരിഞ്ഞു് വിമർശനം തുടർന്നു:- എ. ഡി. രാജ എന്നൊരു വിദ്യാർത്ഥി അവിടെ പഠിച്ചിരുന്നു. ഒരിക്കൽ പ്രിൻസിപ്പാൾ ആ കുട്ടിയെ വിളിച്ചു് ചിലതെല്ലാം ചോദിച്ചു. "കുഞ്ഞേ, നിന്റെ സ്വദേശം വയലാറിനടുത്താണോ" എന്നു്. അതെ എന്നു മറുപടി നൽകിയപ്പോൾ "വെടിയുടെ ശബ്ദം കേട്ടിട്ടുണ്ടോ" എന്നായി അടുത്ത ചോദ്യം. അതിനു സമ്മതം മൂളി. "കഥയെഴുതാൻ അറിയാമോ" എന്നായി അടുത്ത ചോദ്യം. പ്രിൻസിപ്പാളിനു് കഥ ഇഷ്ടമാണല്ലോ എന്നു കരുതി ആ വിദ്യാർത്ഥി ചില കഥകൾ എഴുതിയ വിവരവും അറിയിച്ചു. പ്രിൻസിപ്പാളിന്റെ ആ സംഭാഷണത്തിന്റെ ഫലം പിന്നീടല്ലേ അനുഭവപ്പെട്ടതു്. അക്കൊല്ലം ആ വിദ്യാർത്ഥിയെ പബ്ളിക് പരീക്ഷയ്ക്കു് അയച്ചില്ല. പിന്നീടു് പ്രൈവററായിരുന്നു് പഠിച്ചു് പരീക്ഷ പാസായിക്കഴിഞ്ഞു് ബി. എ. ക്കു് ആലപ്പുഴ സനാതനകോളെജിൽ ചേരാമെന്നുവച്ചു ചെന്നപ്പോൾ ചങ്ങനാശ്ശേരിയിലെ അച്ചൻ ആലപ്പുഴ പ്രിൻസിപ്പാളിന്റെ പേർക്കു് ഒരു എഴുത്തയച്ചിരിക്കുന്നതായി കണ്ടു. ഈ ടി സി യും കൊണ്ടു വരുന്ന ആൾ വയലാർ സ്വദേശിയും വെടിശബ്ദം കേട്ടവനും കഥയെഴുത്തുകാരനുമാണെന്നും ഈ വിപ്ലവകാരിയെ കോളെജിൽനിന്നു ബഹിഷ്കരിച്ചതാണെന്നും മററുമാണു് അതിന്റെ സാരം. ഇത്തരം അമേരിക്കൻ ചാരവൃത്തി നടത്തുന്ന പ്രിൻസിപ്പാളന്മാരാണു് ഇവിടെയുള്ളതു്.

തുടർന്നു് മാർ ഇവാനിയോസ് കോളെജിന്റെ നേർക്കായി മെമ്പറുടെ അമ്പെയ്ത്തു്: നെഹ്റുവിന്റെ അനുയായികളായി വർത്തിക്കുന്ന ഈ മന്ത്രിമാരുടെ മൂക്കിനു കീഴിൽ നടത്തുന്ന മറെറാരു കോളെജാണു് മാർ ഇവാനിയോസ് കോളെജ്. റഷ്യൻ വിപ്ലവത്തിൽ ആനന്ദിക്കുന്നുവെന്നു് മകൾക്കു് എഴുത്തെഴുതിയ നെഹ്റു ഇൻഡ്യൻ പ്രധാനമന്ത്രിയായിരിക്കുന്നതിൽ അഭിമാനംകൊള്ളുന്നവരാണു് അവർ. എന്നാൽ ആസ്ഥാനമഹാകവി വള്ളത്തോളിനെ ആ കോളെജിൽ ഒരു പ്രസംഗത്തിനു ക്ഷണിക്കണമെന്നു വിദ്യാർത്ഥികൾ പറഞ്ഞപ്പോൾ റഷ്യയിൽ പോയവനാണെന്നുള്ള കാരണത്താൽ പ്രിൻസിപ്പാൾ ആ അഭ്യർത്ഥന നിരസിച്ചുകളഞ്ഞു. അതുപോലെതന്നെ മി: കുമരപ്പയെ ക്ഷണിക്കാനുള്ള വിദ്യാർത്ഥികളുടെ ആഗ്രഹവും അവർ തട്ടിക്കളഞ്ഞു. ഇത്തരം കോളെജുകളും പ്രിൻസിപ്പാളന്മാരും അമേരിക്കൻ ചാരവൃത്തിയിലാണു് മുഴുകിയിരിക്കുന്നതു്. ഈ നിലയെല്ലാം തള്ളിനീക്കിക്കൊണ്ടുള്ള ഒരു മഹാജലപ്രവാഹം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും, ഒരു പഴമുറംകൊണ്ടു് അതു തടുത്തുനിർത്താമെന്നു വ്യാമോഹിക്കേണ്ടതില്ലെന്നും, ഈ ഭരണവും മന്ത്രിമാരും അവസാനിക്കാറായിരിക്കുകയാണെന്നും അറിയിച്ചുകൊള്ളുന്നു.

മറെറാരു ഐ. യു. മെമ്പർ (ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ മി: രാമകൃഷ്ണൻ ബി. എ. ബി. എൽ.) ചിന്താസ്വാതന്ത്ര്യത്തിന്റെ പേരിൽ ഇങ്ങനെ വിമർശിച്ചു:- ഓരോ സമുദായത്തിനും പ്രത്യേകം പ്രത്യേകം കോളെജുകൾ അനുവദിക്കുന്നതു് മതേതരരാഷ്ട്രത്തിനു് അനുഗുണമല്ല. പ്രത്യേകാന്തരീക്ഷത്തിലാണു് ഈ കോളെജുകൾ നടത്തപ്പെടുന്നതു്. നെഹ്റുവിന്റെ പുസ്തകങ്ങൾ അംഗീകാരയോഗ്യമല്ലെന്നു സിദ്ധാന്തിക്കുന്ന സമുദായവിഭാഗങ്ങൾ കോളെജുകൾ നടത്തിയാൽ എത്രമാത്രം ചിന്താസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും പുലർത്തപ്പെടുമെന്നു ഊഹിക്കാം. ഡെന്മാർക്കിലെ പീപ്പിൾസ് കോളെജുപോലെയുള്ള കോളെജുകളാണു് ഇവിടെ ഉണ്ടാകേണ്ടതു്.

ഇനിയും വേറൊരു ഐ. യു. മെമ്പർ (പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ മി: ഗോവിന്ദപ്പിള്ള) ക്രിസ്ത്യാനികളുടെ, പ്രത്യേകിച്ചു കത്തോലിക്കരുടെ, പൊതുവായ വിദ്യാഭ്യാസനടത്തിപ്പിനു് എതിരായി വിമർശനാസ്ത്രം തൊടുത്തുവിട്ടു. ഇവിടത്തെ കത്തോലിക്കാകോളെജുകൾ വരുന്ന തലമുറയുടെ പുരോഗതിക്കും ചിന്താസ്വാതന്ത്ര്യത്തിനും വിലങ്ങുതടിയാണു്. പുരോഹിതമേധാവിത്വം പുലർത്താനുള്ള സ്ഥാപനങ്ങളാണു് കത്തോലിക്കാ കോളെജുകൾ. ഇൻഡ്യയിൽ ക്രിസ്ത്യാനികൾ വിദ്യാലയങ്ങൾ നടത്തുന്നതു് ഒരു പ്രത്യേക ഉദ്ദേശത്തിന്മേലാണു്. ഇൻഡ്യാക്കാരെ നന്നാക്കാനല്ല. പാശ്ചാത്യശക്തികൾ ഒരു കൈയിൽ തോക്കും മറുകൈയിൽ ബൈബിളും പിടിച്ചാണു് ഇൻഡ്യയെ ഭരിച്ചതു്. ഭൂമി ഉരുണ്ടതാണെന്നു് പറഞ്ഞ ഗലീലിയോയെ തടവിൽ പാർപ്പിക്കുകയും, പരിണാമവാദം പുറപ്പെടുവിച്ച ഡാർവിന്റെ നേരെ ചന്ദ്രഹാസമിളക്കുകയും, അന്ധകാരയുഗം മുതൽ സകലവിധ പുരോഗതിക്കും എതിരായി നിലകൊള്ളുകയും ചെയ്തുകൊണ്ടിരിക്കുന്ന കത്തോലിക്കരുടെ വിദ്യാലയപ്രവർത്തനം ഇൻഡ്യയുടെ പുരോഗതിക്കു് ദോഷകരമാണു്. ഞാനും കത്തോലിക്കാകോളെജുകളിൽ പഠിച്ച ഒരാളാണു. അദ്ധ്യാപനകാര്യത്തിൽ അവർ കുറേക്കൂടി ഭേദമാണു്. നല്ല കുറെ അദ്ധ്യാപകരെങ്കിലും കത്തോലിക്കാ കോളെജുകളിലുണ്ടു്. എന്നാൽ എൻ. എസ്സ്. എസ്സും, എസ്സ്. എൻ. ഡി. പി. യും കോളെജുകളെപ്പററി പറയുമ്പോൾ സ്ഥിരമായ അദ്ധ്യാപകരെ വയ്ക്കാതെ നടത്തുന്ന സ്ഥാപനങ്ങളാണു് അവ. മറെറങ്ങും ജോലി കിട്ടാത്തവരെ താല്ക്കാലികമായി നിയമിക്കുകയാണു് അവരുടെ നയം. എന്നും അദ്ധ്യാപകരെ മാററിക്കൊണ്ടിരിക്കുന്നു.

### ചീഫ് മിനിസ്റ്ററുടെ മറുപടി

ഐ. യു. മെമ്പറന്മാരുടെ അടിസ്ഥാനരഹിതങ്ങളായ ഈ ആരോപണങ്ങൾക്കു് ചീഫ്മിനിസ്റ്റർ തക്ക മറുപടി നൽകി: ഇപ്പോഴത്തെ വൈസ് ചാൻസലർ സർ രാമസ്വാമി മുതലിയാർ വിദ്യാഭ്യാസവകുപ്പിന്റെ മേധാവിയാകാനുള്ള യോഗ്യതയൊന്നുമില്ലാത്ത ദേഹമാണെന്നുള്ള ആക്ഷേപങ്ങൾക്കു് ശ്രീ നടരാജപിള്ളയും, ശ്രീ കേശവപിള്ളയും മറുപടിപറഞ്ഞുകഴിഞ്ഞു. അഖിലലോകപ്രസിദ്ധനായ സർ രാമസ്വാമി മുതലിയാരെ ഈ സർവ്വകലാശാലയുടെ വൈസ് ചാൻസലറായി കിട്ടിയതു് ഒരു ഭാഗ്യമായിട്ടാണു് ഞാൻ കരുതുന്നതു്. ചില പ്രൈവററു് കോളെജുകളിലെ ശിക്ഷണനടപടികളെ ആക്ഷേപിച്ചു കേട്ടതിൽ ആശ്ചര്യമില്ല. കമ്മ്യൂ: സഖാക്കൾ കുത്തിവയ്ക്കുന്ന വിഷം പല വിദ്യാർത്ഥികളേയും വഴിപിഴപ്പിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റു് വിഷവുമായി പുറപ്പെടുന്ന വിദ്യാർത്ഥികളെ ശിക്ഷണത്തിന്റെപേരിൽ ഏതെങ്കിലും കോളെജിൽനിന്നു് പിരിച്ചുവിട്ടാൽത്തന്നെയും അതു തെററാവുകയില്ല. ആയിരത്തിലധികം വിദ്യാർത്ഥികളടങ്ങിയ ചങ്ങനാശ്ശേരി കോളെജുപോലുള്ള സ്ഥാപനങ്ങളിൽ ശരിയായ ശിക്ഷണം പാലിക്കാൻ അധികാരികൾ നിഷ്കർഷ ചെയ്യുന്നതിനെ ആയിരിക്കാം മെമ്പർ ഈവിധം കരിതേക്കുവാൻ ശ്രമിച്ചതു്. തന്റെ കോളെജിൽനിന്നു ബഹിഷ്കൃതനായ വിദ്യാർത്ഥിയുടെ സ്വഭാവത്തെക്കുറിച്ചു്, തനിക്കു് നേരിട്ടു ബന്ധമൊന്നുമില്ലാത്ത എസ്സ്. ഡി. കോളെജ് അധികൃതരെ അറിയിക്കുവാൻ ചങ്ങനാശേരി കോളെജ് പ്രിൻസിപ്പൽ സന്നദ്ധനായെങ്കിൽ അതുതന്നെ അദ്ദേഹത്തിന്റെ ധർമ്മബോധത്തിനു് തെളിവാണു്. അപകടകാരിയായ ആ വിദ്യാർത്ഥിമൂലം മറെറാരു കോളെജിനു് ഉപദ്രവം ഉണ്ടാകാതെയിരിക്കാൻവേണ്ടി വസ്തുതകൾ യഥാവസരം എസ്സ്. ഡി. കോളെജധികാരികളെ അറിയിച്ചതിൽ ഞാൻ ആ പ്രിൻസിപ്പാളിനെ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്.

1949-മുതൽ ഇവിടത്തെ കോളെജുകളിൽ . കുഴപ്പമുണ്ടാക്കാൻ കമ്മ്യൂണിസ്റ്റു സഖാക്കൾ ഉററുശ്രമിക്കുകയായിരുന്നു. കഴിഞ്ഞ കൊല്ലംവരെ അവർ കുറെയെല്ലാം വിജയിക്കുകയുംചെയ്തു. വിദ്യാലയങ്ങളിൽ വർദ്ധമാനമായിക്കണ്ട ശിക്ഷണരാഹിത്യത്തിനു് ഒരറുതിവരുത്തുവാൻ ഗവർമ്മെൻറു് തീരുമാനിച്ചു. കമ്മ്യൂണിസ്റ്റു സഖാക്കളുടെ മാർഗ്ഗം തങ്ങൾക്കു ദോഷകരമായിത്തീരുമെന്നു വിദ്യാർത്ഥികൾക്കു ബോദ്ധ്യമായിത്തുടങ്ങിയിട്ടുണ്ടു്. കഴിഞ്ഞ കൊല്ലം സംസ്ഥാനത്താകെ വിദ്യാർത്ഥികൾ കുറെക്കൂടി അച്ചടക്കം കാണിച്ചിട്ടുണ്ടെന്നു് എടുത്തുപറയാൻ സന്തോഷമുണ്ടു്. വിദ്യാലയാന്തരീക്ഷം മലിനപ്പെടുത്തുവാനുള്ള യത്നങ്ങളെ ഗവർമ്മെൻറു് ശക്തിയായി നേരിടും. ശിക്ഷണം പാലിക്കുന്ന വിഷയത്തിൽ ശക്തമായ നില ഈ ഗവർമ്മെൻറു് സ്വീകരിക്കും. നല്ല കാര്യങ്ങളെയെല്ലാം അപലപിക്കുന്നതിനും ചീത്തക്കാര്യങ്ങളെ സ്തുതിക്കുന്നതിനും കമ്മ്യൂ: സഖാക്കൾക്കു് ഒരു പ്രത്യേകവാസനയുണ്ടെന്നാണു പറയുന്നതു്. വിദ്യാലയങ്ങളിലെ ശിക്ഷണം പാലിക്കുന്നതിനു് തദധികൃതർ കൈക്കൊള്ളുന്ന നടപടികളെ പെരുമ്പാവൂർ മെമ്പർ ശപിക്കുന്നതു് പ്ലാനെല്ലാം തെററിയതിലുള്ള നിരാശകൊണ്ടാണു്.

പെരുമ്പാവൂർ മെമ്പർക്കു് കത്തോലിക്കാ കോളെജുകളോടു പ്രത്യേകവിരോധമെന്തോ ഉണ്ടു്. കത്തോലിക്കർ തിരുവിതാംകൂർ കൊച്ചിയിൽ മാത്രമല്ല, ലോകത്തിലെല്ലായിടത്തും കോളെജുകളും സർവ്വകലാശാലകളും നടത്തുന്നുണ്ടു്. ഏററവും പ്രശസ്തമായ നിലയിൽ തന്നെയാണു അവ നടത്തപ്പെടുന്നതും. ഇൻഡ്യയിലെ പ്രസിഡൻറു്, പ്രധാനമന്ത്രി തുടങ്ങിയുള്ള മഹാരഥന്മാർ ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസസേവനങ്ങളെ പ്രശംസിച്ചിട്ടുണ്ടെന്നുള്ളതു് പത്രം വായിക്കുന്ന ഏതൊരാൾക്കും അറിവുള്ള വസ്തുതയാണു്. പെരുമ്പാവൂർ മെമ്പറുടെ എതിർപ്പിനെ ഭയന്നു് കത്തോലിക്കർ വിദ്യാഭ്യാസരംഗത്തുനിന്നു മാറാൻപോകുന്നില്ലെന്നുമാത്രം അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

### മി. പട്ടത്തിന്റെ വിമർശനം

പി. എസ്സ്. പി. നേതാവായ മി: പട്ടംതാണുപിള്ളയും അദ്ദേഹത്തിന്റെ പതിവനുസരിച്ചു് ക്രിസ്ത്യൻ വിദ്യാഭ്യാസസേവനങ്ങളെ അപലപിക്കുകയുണ്ടായി: വിദ്യാഭ്യാസരംഗത്തു് ക്രിസ്ത്യൻ മിഷനറിമാർ ധാരാളം സേവനം ചെയ്തിട്ടുണ്ടെന്നുള്ളതു സമ്മതിക്കാം. എന്നാൽ അതേസമയം അവരുടെ മതം പ്രചരിപ്പിക്കുന്നതിനു യാതൊരുപ്രകാരത്തിലും അനുവദിക്കാവുന്നതല്ല. ക്രിസ്ത്യൻ മിഷനറിമാർ നടത്തുന്ന വിദ്യാലയങ്ങൾ ഈ രാജ്യത്തു് സാമുദായികമനഃസ്ഥിതിയും വർഗ്ഗീയതയും വളർത്തുന്ന സ്ഥാപനങ്ങളാണു്. പ്രൈവററു് സ്കൂളുകളിലെ അദ്ധ്യാപകനിയമനം ഗവർമ്മെൻറു് ഏജൻസിമുഖേന നടത്താൻ വിസമ്മതിക്കുന്നതുതന്നെ മാനേജുമെൻറുകളുടെ വർഗ്ഗീയതയ്ക്കു് ഉദാഹരണമാണു്. സെക്കൻററിസ്കൂളദ്ധ്യാപകന്മാർക്കു വേണ്ടി മിസ്റ്റർ പനമ്പള്ളി ഒരു പദ്ധതി കൊണ്ടുവന്നതിൽ ഭേദഗതി വരുത്തിയതു് ഈ ഗവർമ്മെൻറു് വർഗ്ഗീയവാദികൾക്കു് അടിയറ പറയുകയാണു ചെയ്തതു്.

അദ്ധ്യാപകന്മാരുടെ വക്കാലത്തു പിടിച്ചും മി: പട്ടം ഗവർമ്മെൻറിനെ വിമർശിക്കുകയുണ്ടായി. മിഡിൽസ്കൂൾ അദ്ധ്യാപകന്മാർക്കു വളരെ അവശതകൾ ഉള്ളതായിക്കാണുന്നു. തിരുവിതാംകൂർ വിഭാഗത്തിൽ 4 സ്കെയിൽ ഉണ്ടു്. ഞാൻ പറയുന്നതു് 75 രൂപയായിട്ടെങ്കിലും അവരുടെ ശമ്പളം ഉയർത്തണമെന്നാണു്. അദ്ധ്യാപകന്മാർക്കു് അവരുടെ സർവ്വീസ് കണക്കാക്കി ഓരോ കൊല്ലവും ഇൻക്രിമെൻറു് നൽകണം. എല്ലാ പാവപ്പെട്ട വിദ്യാർത്ഥികൾക്കും അർഹിക്കുന്ന ആനുകൂല്യങ്ങൾ നൽകണം. കഴിയുമെങ്കിൽ മിഡിൽസ്കൂൾ വിദ്യാഭ്യാസം നിർബന്ധിതമാക്കണം. മാനേജമെൻറു് നിയമനം നടത്തുകയും അതേസമയം ഗവർമ്മെൻറു അവർക്കു ശമ്പളം നൽകുകയും ചെയ്യണമെന്നു പറയുന്നതു് വളരെ പരിതാപകരമാണു്.

### മി പട്ടത്തിനു ചീഫ് മിനിസ്റ്ററുടെ മറുപടി

മി. പട്ടത്തിന്റെ ഈ വിമർശനങ്ങൾക്കും ചീഫ്മിനിസ്റ്റർ മറുപടി പറഞ്ഞു: പ്രൈവററുസ്കൂൾ നടത്തുന്നതുസംബന്ധിച്ചു് തിരുവനന്തപുരം മെമ്പർ (മി. പട്ടം) ചിലതു പറയുകയുണ്ടായി. ഇതു് അദ്ദേഹത്തിന്റെ പുതിയ അഭിപ്രായമൊന്നുമല്ല. പണ്ടേയുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മാററംവന്നിട്ടില്ല. പ്രൈവററുസ്കൂളുകൾ സ്ഥാപിക്കാനും നടത്താനും ഗ്രാൻറു വാങ്ങുവാനും ഭരണഘടനയനുസരിച്ചു് അവകാശമുള്ളതോ പോകട്ടെ. ഇൻഡ്യൻ പ്ലാനിംഗ് കമ്മീഷൻ പ്രൈവററു് ഏജൻസികളെപ്പററി പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഞാനിപ്പോൾ വായിക്കാൻ പോകുന്നതു പ്ലാനിംഗ് കമ്മീഷന്റെ പൂർണ്ണറിപ്പോർട്ടിൽനിന്നാണു്. (റിപ്പോർട്ടിലെ സംഗതഭാഗം വായിച്ചു.) വിദ്യാലയനടത്തിപ്പു് കാര്യക്ഷമമാക്കുന്നതിനു് പ്രൈവററു ഏജൻസികളെ ഏല്പിക്കുകയാണു് ഉത്തമമാർഗ്ഗമെന്നു് കമ്മീഷൻ സമർത്ഥിച്ചിരിക്കുന്നു. ഈ റിപ്പോർട്ടു് ഇൻഡ്യയിലെ എല്ലാ കക്ഷികളും അംഗീകരിച്ചുകഴിഞ്ഞിട്ടുള്ള ഒന്നാണെന്നും അനുസ്മരിക്കേണ്ടതാണു്.

അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പററിയുള്ള വിമർശനങ്ങൾക്കു മറുപടിയായി ചീഫ് മിനിസ്റ്റർ താഴെ കാണുന്ന മറുപടി നൽകി. അദ്ധ്യാപകശമ്പളപ്രശ്നം ഗവർമ്മെൻറിന്റെ അവഗാഢമായ ശ്രദ്ധയിൽപ്പെട്ടതാണു്. 1952 ജൂലൈയിൽ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു. 40 ലക്ഷം രൂപയാണു് അതിലേക്കു കൂടുതലായി അനുവദിച്ചതു്. ഗ്രാഡുവേററു് അദ്ധ്യാപകന്മാരെപ്പോലെ 50 രൂപാ സ്ഥിരശമ്പളമുണ്ടായിരുന്നവരെയെല്ലാം 50-100 രൂപാ സ്കെയിലിലേക്കു് ഉയർത്തി. ഗ്രാഡുവേററു് അദ്ധ്യാപകന്മാർ 3 ഗ്രേഡിൽ ഉണ്ടു്, 1-ാം ഗ്രേഡിൽ 132 പേർ, 2-ാം ഗ്രേഡിൽ 252 പേർ, 3-ാം ഗ്രേഡിൽ 1237 പേർ. അദ്ധ്യാപകന്മാർക്കു് ഇപ്പോഴും മതിയായ ശമ്പളം ആയെന്നു ഗവർമ്മെൻറു കരുതുന്നില്ല. എന്നാൽ ഗവർമ്മെൻറിന്റെ ഇപ്പോഴത്തെ സാമ്പത്തികകഴിവനുസരിച്ചു് ഇതിൽക്കൂടുതൽ കൊടുക്കാൻ മാർഗ്ഗമില്ല. അണ്ടർ ഗ്രാഡുവേററു് അദ്ധ്യാപകന്മാർതന്നെ 3215 പേർ ഉണ്ടു്. അവർക്കു് 10 രൂപാവീതം കൂടുതൽ കൊടുക്കാനാണെങ്കിൽ മൂന്നരലക്ഷം രൂപാകൂടി വേണം. തിരു-കൊച്ചിയുടെ സാമ്പത്തികനിലവച്ചു നോക്കുമ്പോൾ 400 ലക്ഷംരൂപായിൽ കൂടുതൽവിദ്യാഭ്യാസത്തിനായി മാററിവയ്ക്കുവാൻ നിവൃത്തിയില്ല. പ്രൈമറിസ്കൂൾ വിഭാഗത്തിൽ സർക്കാർ അദ്ധ്യാപകന്മാരായി 15949 പേരും,

**പ്രഭാഷണം**

# അവർ വിട്ടുകളഞ്ഞതു്

പിന്നെ ശാബതം കഴിഞ്ഞപ്പോൾ മഗ്ദലയിത്താമറിയവും യാക്കോബിന്റെ (അമ്മയായ) മറിയവും ശാലോമും ചെന്നു് അവനെ പൂശേണ്ടതിനായി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചവട്ടത്തിലെ ഒന്നാംദിവസം ഉഷസ്സിൽ സൂര്യൻ ഉദിച്ചപ്പോൾ അവർ പ്രേതാലയത്തിലേക്കുവന്നു. പ്രേതാലയത്തിന്റെ വാതില്ക്കൽനിന്നു് കല്ലു് നമുക്കായി ആർ ഉരുട്ടിമാററും എന്നു് അവർതമ്മിൽ പറഞ്ഞിരുന്നു. അവർ നോക്കി. ആ കല്ലു് ഉരുട്ടി മാററിയിരിക്കുന്നതായി അവർ കണ്ടു എന്തെന്നാൽ അതു വളരെ വലുതായിരുന്നു. അവർ പ്രേതാലയത്തിൽ പ്രവേശിച്ചു അപ്പോൾ വെള്ളവസ്ത്രംധരിച്ച ഒരു യുവാവു് വലതുവശത്തു് ഇരിക്കുന്നതുകണ്ടു് അവർ ഭ്രമിച്ചു അവൻ അവരോടു പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ടാ. നിങ്ങൾ കുരിശിൽതറയ്ക്കപ്പെട്ട നസ്രായനായ ഈശോയെ അന്വേഷിക്കുന്നുവല്ലോ. അവൻ ഉയിർത്തെഴുന്നേററു. അവൻ ഇവിടെയില്ല. ഇതാ, അവൻ വയ്ക്കപ്പെട്ടിരുന്ന സ്ഥലം! എന്നാൽ നിങ്ങൾ പോയി: ഇതാ, അവൻ നിങ്ങൾക്കുമുമ്പായി ഗ്ലീലായിലേക്കു പോകുന്നു; അവൻ നിങ്ങളോടു് അരുളിച്ചെയ്തിരുന്നതുപോലെ അവിടെ അവനെ നിങ്ങൾ കാണും എന്നു് അവന്റെ ശിഷ്യന്മാരോടും കേപ്പായോടും പറയുവിൻ. (ഉയിപ്പുഞായർ. മർക്കോസ് 16, 1—7)

ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം വഹിച്ച മഹാത്മഗാന്ധി 1948 ജാനുവരി 30-ാംനു ഒരു മനുഷ്യാധമന്റെ വെടിയുണ്ടയേററു് പരലോകപ്രാപ്തനായി. അന്നേ തുടന്നു് പലയിടങ്ങളിലും അനുശോചനയോഗങ്ങൾകൂടുകയും സ്മൃഷ്ടപുരുഷന്റെ അപദാനങ്ങളെ പ്രകീർത്തിച്ചു പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. പല പ്രാസംഗികന്മാരും ഗാന്ധിയെ ക്രിസ്തുവിനോടുപമിക്കുവാൻ വലിയ താല്പര്യം പ്രദർശിപ്പിച്ച കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ചിലർ ഗാന്ധിയെ ക്രിസ്തുവിനെ അപേക്ഷിച്ചു ഒരുപടി ഉയർത്തി പ്രതിഷ്ഠിക്കുവാനും പണിപ്പെട്ടതായി കേട്ടു. അതിരിക്കട്ടെ. ഈ പ്രാസംഗികന്മാർ കണ്ട സാധർമ്മ്യത്തിന്റെ ഘടകങ്ങൾ ഏവയാണ്? ക്രിസ്തു അക്രമരാഹിത്യം പ്രസംഗിച്ചു; ഗാന്ധിയും പ്രസംഗിച്ചു. ക്രിസ്തു ത്യാഗസുരഭിലമായ ജീവിതം നയിച്ചു; ഗാന്ധിയും അങ്ങനെ ചെയ്തു. ക്രിസ്തു സ്വജനങ്ങളുടെ വിദ്വേഷത്തിനു പാത്രമായി; ഗാന്ധിയും പാത്രമായി. ക്രിസ്തു വെള്ളിയാഴ്ച മരിച്ചു; ഗാന്ധിയും വെള്ളിയാഴ്ച മരിച്ചു. എന്നാൽ മൗലികമായ ഒരു വ്യത്യാസം അവർ വിസ്മരിച്ചുകളഞ്ഞു. ക്രിസ്തു വെള്ളിയാഴ്ച മരിച്ചെങ്കിൽ, ഞായറാഴ്ച ഉത്ഥാനം ചെയ്യുകകൂടി ചെയ്തു. മഹാത്മഗാന്ധിക്കതു സാധ്യമായില്ല. അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാനത്തെ മൈൽക്കുററിയുടെ സ്ഥാനം കുറിച്ചതു നത്തുറാമിന്റെ തോക്കാണ്. ക്രിസ്തുവിന്റെ ജീവിതത്തിലെ അവസാനത്തെ മൈൽക്കുററിയായി ഭവിക്കും തങ്ങൾ സജ്ജമാക്കിയ മരക്കുരിശെന്നു യഹൂദന്മാർ പ്രതീക്ഷിച്ചെങ്കിലും ആ പ്രതീക്ഷ വിഫലമായതേയുള്ളു. ആയിരമായിരം കൊലപാതകരുടേയും കൊള്ളക്കാരുടേയും അന്ത്യനിമിഷത്തിനു സാക്ഷ്യം വഹിച്ചിട്ടുള്ള ആ മരക്കുരിശു ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം വിജയത്തിന്റെ സോപാനമായിത്തീർന്നു. മരണത്തിന്റെ അന്ധകാരനിബിഡമായ കല്ലറയിൽനിന്നും ജീവന്റെ പ്രകാശമാനമായ വിസ്തൃതലോകത്തിലേക്കു വീണ്ടും പ്രവേശിച്ചുകൊണ്ടു ക്രിസ്തുതാൻ പ്രപഞ്ചത്തിന്റെ അധിനാഥനാണെന്നും ജീവന്റേയും മരണത്തിന്റേയും ഉടയവനാണെന്നും സുതരാം വ്യക്തമാക്കി.

മൂന്നാംനൂററാണ്ടിൽജീവിച്ചിരുന്ന മരീന എന്നബാലിക—ഒരു കാവ്യപുരോഹിതന്റെ അരുമസന്താനം—ക്രിസ്തുമതംസ്വീകരിച്ചതിനാൽ സ്വന്തം ഭവനത്തിൽനിന്നും നിഷ്കാസിതയായി. ഈ യവസരമുപയോഗിച്ചു് അന്തിയോക്കിയാഗവർണ്ണർ അവളെ വിവാഹംചെയ്യാനാഗ്രഹിച്ചു. അവളതിനു വിസമ്മതിക്കയാൽ ഗവർണ്ണർ അവളെ തന്റെ കോടതിയിൽ വിസ്തരിക്കാൻ തുടങ്ങി. താൻ ക്രിസ്തുനാഥനെ യാതൊരു കാരണവശാലും ഉപേക്ഷിക്കയില്ലെന്നു അവൾ ശപഥം ചെയ്തു പറഞ്ഞു. അതുകേട്ടു് രോഷാകുലനായ ഗവർണ്ണർ ഗർജ്ജിച്ചു: "ഒരു മനുഷ്യനെ ദൈവമെന്ന നിലയിൽ ആരാധിക്കുന്നതു് എത്രയോ വലിയമൗഢ്യമാണു്! പ്രത്യേകിച്ചും കുരിശിൽ ലജ്ജാവഹമായ മരണം വരിച്ച ഒരാളെ." "നിങ്ങൾ എന്തുകൊണ്ടാണു് എപ്പോഴും ഈശോയുടെ കുരിശുമരണത്തിന്റെ പല്ലവിതന്നെപാടുന്നതു?" മരീന ദൃഢമായ സ്വരത്തിൽപ്രതിവചിച്ചു 'അവിടുത്തെ പുനരുത്ഥാനത്തെപ്പററി ഒരക്ഷരംപോലും മിണ്ടാത്തതെന്താണു്? അവിടുത്തെ കുരിശുമരണം അവിടുന്നൊരു മനുഷ്യനാണെന്നു തെളിയിക്കുന്നു; എന്നാൽ അവിടുത്തെ പുനരുത്ഥാനം അവിടുന്നു ദൈവമാണെന്നും തെളിയിക്കുന്നു."

ക്രിസ്തുവിന്റെ പുനരുത്ഥാനം അവിടുത്തെ ദൈവത്വത്തിനുള്ള പ്രസ്പഷ്ടവും അനിഷേധ്യവുമായ തെളിവായിരിക്കുന്നതുപോലെ നമ്മുടെ ഉത്ഥാനത്തിലുള്ള പ്രതീക്ഷയുടെ ജീവനാഡിയുമായിരിക്കുന്നു. വി. പൗലോസ് ശ്ലീഹ റോമാക്കാർക്കുള്ള ലേഖനം അദ്ധ്യായം 6, അദ്ധ്യായം 8, കൊറിന്ത്യാക്കാർക്കുള്ള 1-ാം ലേഖനം അദ്ധ്യായം 15 എന്നീ ഭാഗങ്ങളിൽ ഈ സംഗതി വ്യക്തമാക്കുന്നുണ്ടു്. എന്നാൽ മിശിഹായുടെ ഈ മഹത്വീകരണത്തിൽ നാം ഭാഗഭാക്കുകളാകണമെങ്കിൽ, നാം അങ്ങേ ക്ലേശങ്ങളിലും ഭാഗഭാക്കുകളാകേണ്ടിയിരിക്കുന്നു. അങ്ങയോടൊന്നിച്ചു വിജയത്തിന്റെ കൊടുമുടിയിൽ വിരാജിക്കുവാൻ നാമാഗ്രഹിക്കുന്നെങ്കിൽ, പാപത്തിന്റെ പാഴ്കുണ്ടിൽനിന്നും നാം ഇപ്പോൾത്തന്നെ ഉയരേണ്ടിയിരിക്കുന്നു. നമ്മുടെ ശരീരം ഒരുകാലത്തു പ്രതാപപൂർവ്വം ഉയിർത്തെഴുന്നേല്ക്കണമെങ്കിൽ, നമ്മുടെ ആത്മാവിപ്പോൾ അനുതാപപൂർവ്വം തിന്മയുടെ കുഴിമാടത്തിൽനിന്നും ഉയിർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

വിശിഷ്യ, ഈ ഉയിപ്പുദിനം ആദ്ധ്യാത്മികാനന്ദത്തിനും ആത്മീയോത്ഥാനത്തിനും ജീവിതനവീകരണത്തിനുമുള്ള ഒരവസരമായി നാം പരിഗണിക്കണം. ലൗകികവിനോദത്തിനുള്ള ആസക്തി അണപൊട്ടി ഒഴുകാൻ അനുവദിക്കാതിരിക്കണം. ക്രിസ്തുവിന്റെ ഉയിപ്പുരൂപം രണ്ടു വിരലുകൾ ഉയർത്തിപ്പിടിച്ചിരിക്കുന്നതു "ഇന്നു രണ്ടു കുപ്പി കഴിക്കണം" എന്ന സന്ദേശം നൽകുന്നതായി വ്യാഖ്യാനിക്കുന്ന മദ്യപന്മാർ ഒരുകാലത്തുണ്ടായിരുന്നു; ഇക്കാലത്തും ഇല്ലാതില്ല. തന്നിമിത്തം, അടിപിടി, കൊലപാതകം മുതലായ അനിഷ്ടസംഭവങ്ങൾക്കു് ഉയിപ്പുദിനം സാക്ഷിയായി ഭവിച്ചിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ഇതിന്റെയെല്ലാം അർത്ഥമെന്താണു്? ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റേയും ഉത്ഥാനത്തിന്റേയും യഥാർത്ഥസ്വഭാവവും ഉദ്ദേശ്യവും അവർക്കു അജ്ഞാതമാണു് എന്നത്രെ. അവർ നാമമാത്രക്രിസ്ത്യാനികളാണു്. ക്രിസ്തു പീഡകൾ സഹിച്ചു മരിച്ചതു പാപത്തിന്റെ ഭീകരത വിളംബരംചെയ്യാനും നമ്മെ പാപത്തിൽനിന്നും മോചിക്കാനുമാണെന്നും, ക്രിസ്തുവിന്റെ ഉത്ഥാനം പുണ്യജീവിതം കഴിക്കാനുള്ള ഏററവും ശക്തിമത്തായ ഒരാഹ്വാനമാണെന്നും, ക്രിസ്തു പ്രദാനംചെയ്യുന്ന വരപ്രസാദജീവനാണു സാക്ഷാത്തായ ജീവനെന്നും അവർ ഗ്രഹിക്കുന്നില്ല. ഉയിപ്പുതിരുനാളിൽ ലൗകികാനന്ദത്തിനു സ്ഥാനമില്ലെന്നല്ല ഇവിടത്തെ വിവക്ഷ. ലൗകികാനന്ദം ആത്മീയാനന്ദത്തിന്റെ പ്രതിഫലനവും പരിണതഫലവുമായിരിക്കുന്നിടത്തോളം, ആത്മാവിനെ അതു വീർപ്പുമുട്ടിക്കാതിരിക്കുന്നിടത്തോളം കാലം, അതിനും ഈ ദിവസത്തിൽ സ്ഥാനമുണ്ടു്. എന്നാൽ കാതലായ സംഗതി—ആത്മീയപ്രബുദ്ധതയും തജ്ജന്യമായ ആനന്ദവും—ത്യാജ്യകോടിയിൽ തള്ളിയിട്ടു് നിഴലിനെ യാഥാർത്ഥ്യമായി പരിഗണിക്കുന്നതു് എത്രയോ വലിയ മൗഢ്യമാണെന്നു ചിന്തിച്ചുനോക്കുക. ആകയാൽ ഉയിപ്പുദിനത്തിൽ മദ്യപിക്കയില്ലെന്നും പാപഹേതുകങ്ങളായ വിനോദങ്ങളിൽനിന്നും ഒഴിയുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും പ്രതിജ്ഞചെയ്യുവിൻ. പകരം കായികമത്സരങ്ങൾ, ഭക്തിസംവർദ്ധകങ്ങളായ നാടകങ്ങൾ, "ലക്കിഡിപ്പ്" തുടങ്ങിയവയ്ക്കു് സ്ഥാനം നൽകുന്നതു സമുചിതമായിരിക്കും. വികാരിയുടെ നേതൃത്വത്തിൽ ഭക്തസംഘടനകൾ ഇക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടതാണു്.

ആദ്ധ്യാത്മികജീവനെ കെടുത്തുന്നതും ഉത്ഥാനംചെയ്ത ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കുപററുന്നതിനെ തടസ്സപ്പെടുത്തുന്നതും പാപമല്ലാതെ മറെറാന്നുമല്ല. ആകയാൽ പാപരഹിതമായ ജീവിതം നയിക്കുമെന്നതാണെന്നു നാം പ്രതിജ്ഞചെയ്യേണ്ടിയിരിക്കുന്നു. വി. പൗലോസ് പറയുന്നതുശ്രവിച്ചാലും: "എന്തെന്നാൽ അവൻ മരിച്ചു; പാപത്തിനാകുന്നു (അതായതു്, ആധുനികവ്യാഖ്യാനപ്രകാരം "പാപത്തിന്റെ കണക്കു തീർക്കുവാനാകുന്നു") ഒരുപ്രാവശ്യം അവൻ മരിച്ചതു്; എന്നാൽ അവൻ ജീവിക്കുന്നു; ദൈവത്തിനാകുന്നു അവൻ ജീവിക്കുന്നതു്. ഇങ്ങനെതന്നെ നിങ്ങളും, നിങ്ങൾ പാപത്തിനു മരിച്ചവരാകുന്നു എന്നും, നമ്മുടെ കർത്താവായ ഈശോമിശിഹായിൽ ദൈവത്തിനായി ജീവിക്കുന്നവരാകുന്നു എന്നും നിങ്ങളെ തന്നെ കരുതിക്കൊള്ളുവിൻ." (റോമ. 6, 10—11). ഒട്ടുമിക്കവരും ഈയവസരത്തിൽ ആണ്ടുകുമ്പസാരം കഴിച്ചു; ചിലരെല്ലാം ഏകാന്തധ്യാനത്തിലും കൂടി. ഈ വാർഷികകുമ്പസാരവും ഏകാന്തധ്യാനവുമെല്ലാം പിന്നീടു് ഇഷ്ടംപോലെ വ്യാപരിക്കുന്നതിനും പാപത്തിൽ വിഹരിക്കുന്നതിനുമുള്ള ഒരു ലൈസൻസായി ആരെങ്കിലും പരിഗണിക്കുന്നെങ്കിൽ, അതു് ഏററവും നിർഭാഗ്യകരമാണെന്നേ പറയേണ്ടു. ജഡികമായ ഒരാനന്ദത്തിനുവേണ്ടി, തുച്ഛമായ ഒരാദായത്തിനുവേണ്ടി, സ്വന്തം ഔദ്ധത്യത്തേയും ദുരഭിമാനത്തേയും പ്രീണിപ്പിക്കാൻവേണ്ടി, ആത്മാവിന്റെ വരപ്രസാദം വീണ്ടും നഷ്ടപ്പെടുത്തുന്നതു കഷ്ടാൽകഷ്ടതരമല്ലയോ? യൂദാസ് 30 വെള്ളിക്കാശിനു ദൈവപുത്രനെ വിററതുപോലെ, കേവലം ലൗകികമായ, സ്വാർത്ഥപരമായ, ജഡികമായ ഒരു കാര്യസാദ്ധ്യത്തിനുവേണ്ടിയാണു ബുദ്ധിശൂന്യരായ, ദൈവത്തിന്റെ നേരെ കൃതഘ്നരായ മനുഷ്യർ ആദ്ധ്യാത്മികമൂല്യങ്ങൾ കളഞ്ഞുകുളിക്കുന്നതു്.

"നീ പാപത്തെ നശിപ്പിക്കുന്നില്ലെങ്കിൽ പാപം നിന്നെ നശിപ്പിക്കും" എന്ന മഹദ്വാക്യം എത്ര അർത്ഥസമ്പുഷ്ടവും ഭയാനകവുമായിരിക്കുന്നു "മനുഷ്യരുടെ പാപംനിമിത്തം ദൈവം കോപിച്ചിരിക്കുന്നു" എന്നാണല്ലോ ഫാത്തിമാസന്ദേശത്തിന്റെ സാരസർവ്വസ്വവും. അമേരിക്കയിലെ സുപ്രസിദ്ധ പ്രാസംഗികനും ചിന്തകനുമായ ബിഷപ്പ് ഷീൻ പറയുന്നു: "നാം യുദ്ധഗ്രസ്തമായ ഒരു ലോകത്തിൽ ജീവിക്കുന്നു; കാരണം, പാപഗ്രസ്തമായ ഒരു ലോകത്തിലാണു നാം ജീവിക്കുന്നതു്." പാപാമുഖേന ദൈവത്തെ വെല്ലുവിളിക്കുന്ന മനുഷ്യനും ലോകത്തിനും സമാധാനമുണ്ടാകയില്ല. സാക്ഷാൽ സ്വാതന്ത്ര്യം ആസ്വദിക്കാൻ കഴികയുമില്ല. ഈയിടെ ഇൻഡ്യ സന്ദർശിച്ചു് അമേരിക്കയിൽ മടങ്ങിയെത്തിയ യു. എസ്സ്. വനിതാക്ലബ് നേതി മിസ്സസ് ഓസ്കാർ എ. ആൾഗ്രെൻ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: 'നാമിന്നു രണ്ടു ലോകത്തിലാണു ജീവിക്കുന്നതു്. കമ്മ്യൂണിസവും അടിമത്തവുമാണു് ഒന്നിൽ നാം ദർശിക്കുക; രണ്ടാമത്തേതിലോ സ്വാതന്ത്ര്യവും ദൈവവും." ദൈവമാണു യഥാർത്ഥമായ സ്വാതന്ത്ര്യത്തിന്റേയും സമാധാനത്തിന്റേയും ഉറവിടം. വി. ഫ്രാൻസിസ് സാലെസ് പറയുന്നു: "ദൈവം നമ്മുടെ ഹൃദയത്തിലുണ്ടെങ്കിൽ രാത്രി നമുക്കു പകലാണു്; ദൈവം നമ്മുടെ ഹൃദയത്തിലില്ലെങ്കിൽ പകലും നമുക്കു രാത്രിയാണു്." പാപമാണു് ദൈവത്തെ നമ്മുടെ ഹൃദയത്തിൽനിന്നും നിഷ്കാസനം ചെയ്യുന്നതു്. ആകയാൽ പാപത്തിനു നമ്മുടെ ഹൃദയത്തിൽ പ്രവേശനം അനുവദിക്കാതിരിക്കണം; പാപാസക്തിയുടെ വേരറുക്കണം; പ്രലോഭനങ്ങളോടു സന്ധിയില്ലാസമരം ചെയ്യണം; എങ്കിൽമാത്രമേ, ഉത്ഥാനംചെയ്ത ക്രിസ്തുവിനോടുകൂടെ "സ്വാതന്ത്ര്യസുന്ദരസുപ്രഭാതം" ദർശിക്കുവാൻ നമുക്കിടവരികയുള്ളു.


*P. I. J.*

---

പ്രൈവററു് അദ്ധ്യാപകന്മാരായി 10330 പേരും ഉണ്ടു്. ഇവർക്കു് ഓരോ രൂപാ കൂട്ടാമെന്നുവച്ചാൽ അതിലേക്കുമാത്രം 3 ലക്ഷം രൂപാ ഒരാണ്ടിൽ കൂടുതലാകും. പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതുവരെ ഈ വ്യവസ്ഥ തുടരുവാനേ സാദ്ധ്യമാകൂ.

**പ്രതിപക്ഷവിമർശനങ്ങളോടു പോരാടു്**

തിരുകൊച്ചിയിലെ പ്രതിപക്ഷം റൈ. യു. മെമ്പറന്മാരും, സോഷ്യലിസ്റ്റു് (ഇപ്പോൾ പി. എസ്സ്. പി.) മെമ്പറന്മാരും ആണല്ലോ. ഇവർ രണ്ടുകൂട്ടരും ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥകൾ പൂർണ്ണമായി സ്വീകരിക്കുന്നവരല്ല. റൈ. യു. മെമ്പറന്മാർ മാർക്സിസ്റ്റു് തത്വസംഹിതയിൽ വിശ്വസിക്കുന്നവരാകയാൽ മതത്തോടു ബന്ധമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളോടു് അവർക്കു് ബദ്ധവിരോധമാണു്. ആ വിരോധമനോഭാവത്താൽ ക്രിസ്ത്യൻ വിദ്യാഭ്യാസസ്ഥാപനങ്ങളോടു്, അവ രാജ്യത്തിനു എത്രതന്നെ ഗുണകരങ്ങളായിരുന്നാലും, അവർക്കു് ശത്രുത്വം ഉണ്ടാകാതെ നിവൃത്തിയില്ല. സ്ഥാനത്തും അസ്ഥാനത്തും, യാഥാർത്ഥ്യത്തിന്റെ കണികപോലുമില്ലെങ്കിലും, അവർ ആ സ്ഥാപനങ്ങളെ അപലപിക്കുന്നതിൽ ആശ്ചര്യപ്പെടേണ്ടതുണ്ടോ? സോഷ്യലിസ്റ്റു് മെമ്പറന്മാർ വിദ്യാഭ്യാസം മുഴുവനും രാഷ്ട്രസാൽക്കരിക്കണമെന്നു് നിർബന്ധമുള്ളവരാണു്. ആ നിലയിൽ പ്രൈവററു് ഏജൻസികളെ കുററംപറയാതെ അവർക്കും നിവൃത്തിയില്ല. പ്രതിപക്ഷമെമ്പറന്മാരുടെ ഭരണഘടനാവിരുദ്ധമായ ഈ മനോഭാവങ്ങളുടെ വിജൃംഭണങ്ങളാണു് വിദ്യാഭ്യാസവിഷയകമായി അവർ നടത്തിയതും മുകളിലുദ്ധരിച്ചതുമായ വിമർശനങ്ങൾ. ചീഫ് മിനിസ്റ്റരുടെ നിഷ്പക്ഷവും സമർത്ഥവും ഭരണഘടനാവ്യവസ്ഥകളിൽ അധാരപ്പെട്ടതിയതും സംസ്ഥാനത്തിന്റെ കോൺസ്റ്റിട്ട്യൂഷനെ മുൻനിർത്തിയുള്ളതുമായ മറുപടികൾ പ്രതിപക്ഷത്തിന്റെ കണ്ണു തുറപ്പിക്കുവാൻ പ്രയോജനപ്പെടുകയില്ലെങ്കിലും, സാക്ഷാൽ ഭരണകർത്തൃത്വം പരമന്മാരെ ബോദ്ധ്യപ്പെടുത്താൻ തികച്ചും പര്യാപ്തങ്ങളാകുന്നു.




കാപ്പികുടിക്കാൻ വന്നയാൾ: "ദോശച്ചെന്താ വില?"

"ദോശ അരയണ."

"കറിക്കോ?"

"കറി വെറുതെ കൊടുക്കും."

"എന്നാ കറെ കറിമാത്രം മിണ്ടു തന്നേക്കു."



ഒരു കുട്ടി: "നീയാടീ പട്ടി."

"അല്ലടാ നീയാടാ."

അച്ഛൻ: "എന്നതാടാ, ഞാനിവിടെ നില്ക്കുന്നതു കാണാൻമേലേ?"



കരിങ്കുന്നം സെൻറഗസ്റ്റിൻസ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ വാർഷികസമ്മേളനം കോട്ടയം മെത്രാൻ ഡോക്ടർ തറയിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നോമ്പിലെ ആദ്യഞായറാഴ്ച നടന്നു. തദവസരത്തിലെടുത്ത ഫോട്ടോ.

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾക്കൊരു അവധിക്കാലം ആരംഭിച്ചിരിക്കയാണല്ലോ. മധ്യവേനൽ അവധി. വേനൽ എത്ര ചൂടുള്ളതായിരിക്കുന്നു!! കാലാകാലത്തു് വേണ്ടത്ര മഴപെയ്യാത്തതിനാൽ മനുഷ്യർ എത്ര കഷ്ടപ്പെടുന്നു. ആഹാരസാധനങ്ങളുടെ കുറവ്, പണത്തിൻെറ കുറവ്, പ്രകൃതിയുടെ കോപം, എല്ലാംകൂടി നിങ്ങളുടെ മാതാപിതാക്കൾ വിഷമം അനുഭവിക്കുന്നുണ്ടെന്നു് ഒരുപക്ഷെ നിങ്ങൾ അറിഞ്ഞിരിക്കയില്ല. എത്ര വിഷമതകൾ വീട്ടിലുണ്ടായിരുന്നാലും കുഞ്ഞുങ്ങൾ അതറിയണമെന്നു് നിങ്ങളുടെ രക്ഷാകർത്താക്കൾ ആഗ്രഹിക്കുന്നില്ലായിരിക്കും. കാരണം വിഷമതകൾ അകററുന്നതിനു് നിങ്ങളാൽ അധികമൊന്നും ചെയ്യാൻ സാധ്യമല്ലെന്നവർ കരുതുന്നു.

മാതാപിതാക്കൾ എല്ലാ വേദനകളും കഷ്ടതകളും അനുഭവിക്കാൻ ഒരുക്കമുള്ളവരാണു്. നിങ്ങൾക്കുവേണ്ടി അവർ അത്യാധിലധികവും ത്യാഗങ്ങൾ സഹിക്കും. ചില കുട്ടികൾനിമിത്തം അവരുടെ മാതാപിതാക്കൾ അനുഭവിക്കേണ്ടിവരുന്ന വേദനയെത്രയെന്നു് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾക്കുവേണ്ടി വളരെയേറെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നിട്ടുള്ള നിങ്ങളുടെ മാതാപിതാക്കളെ പിന്നെയും സങ്കടപ്പെടുത്തുക ധർമ്മമാണോ? ഒരിക്കലുമല്ല. നിങ്ങൾ നിങ്ങളോടുതന്നെ ഒന്നു ചോദിക്കു, അപ്പനമ്മമാർക്കു് വിഷമം ഉണ്ടാക്കുന്ന പ്രവൃത്തികളിൽ നിങ്ങൾ ഇടപെടുന്നുണ്ടോ എന്നു്.

നിങ്ങളുടെ കൂട്ടുകാർ ഉത്തമന്മാരാണോ? നിങ്ങൾ കൃത്യമായി നിങ്ങളുടെ പാഠങ്ങൾ പഠിക്കുന്നുണ്ടോ? നിങ്ങൾ മാതാപിതാക്കളുടെ വരുതിവിട്ടു നടക്കുന്നുണ്ടോ? എന്തെങ്കിലും ചീത്ത പ്രവൃത്തികളിൽ നിങ്ങൾ ഇടപെടാറുണ്ടോ? നിങ്ങൾ അന്യരോടു് സംസാരിക്കുന്നതു് മര്യാദയോടും വണക്കത്തോടും കൂടിയാണോ?

ഇങ്ങനെ സ്വന്തമായി അനവധി ചോദ്യങ്ങൾ നിങ്ങൾ തനിയെ ചോദിക്കേണ്ടതുണ്ടു്. ഒരിക്കലും നിങ്ങൾനിമിത്തം മാതാപിതാക്കൾ വേദന അനുഭവിക്കാൻ കാരണമുണ്ടാക്കാതിരിക്കണം. അങ്ങനെ ചെയ്യുന്ന കുഞ്ഞുങ്ങൾക്കു് ജീവിതം വളരെ സുഖകരമായി അനുഭവപ്പെടുന്നതാണു്.

തിരിച്ചറിവില്ലാത്ത കൂട്ടുകാരെ നിങ്ങൾ തിരഞ്ഞെടുക്കരുതു്. അവർ നിങ്ങളെക്കൂടി നശിപ്പിച്ചുകളയും. അവരുടെ അജ്ഞത നിമിത്തം അവർ ചെയ്യുന്നതു് തെററാണെന്ന ബോധവും അവർക്കുണ്ടായിരിക്കയില്ല.

ഒരു രാജകുമാരൻ ജീവികളോടു് അത്യധികം സ്നേഹമുള്ളവനായിരുന്നു. പലതരത്തിലുമുള്ള പക്ഷികളേയും ഇണക്കമുള്ള മൃഗങ്ങളേയും അദ്ദേഹം കൊട്ടാരത്തിൽ വളർത്തി ഓമനിച്ചു. ആ കൂട്ടത്തിൽ ഒരു കുരങ്ങിനോടു് രാജകുമാരനു് കൂടുതൽ സ്നേഹമുണ്ടായിരുന്നു. രാജകുമാരൻ കുരങ്ങിനെ എടുത്തു് ആലിംഗനം ചെയ്യുകയും അതിനു് വിശേഷപ്പെട്ട ആഹാരസാധനങ്ങൾ നൽകിയും കൂടുതൽ സുഖസൗകര്യങ്ങൾ നൽകിയും സന്തോഷിപ്പിക്കയും ചെയ്തുപോന്നു. കുരങ്ങിനോടു് രാജകുമാരനുള്ള സ്നേഹം വർദ്ധിച്ചു വർദ്ധിച്ചു് ഒടുവിൽ കുരങ്ങിനെത്തന്നെ തൻെറ അംഗരക്ഷകനാക്കി. ഒരു വാളും കുരങ്ങിനു സമ്മാനിച്ചു.

ഒരു ദിവസം സായാഹ്നത്തിൽ രാജകുമാരൻ ഉദ്യാനത്തിലെ പുൽത്തകിടിയിൽ വിശ്രമിക്കയായിരുന്നു. പുഷ്പങ്ങളിൽ തട്ടിവന്ന ഇളങ്കാറേററപ്പോൾ രാജകുമാരനു് ഉറക്കംവന്നു. കുരങ്ങിനോടു തൻെറ ഉറക്കത്തെ തടസ്സപ്പെടുത്താനാരെയും അനുവദിക്കരുതെന്നു് താക്കീതു ചെയ്തുകൊണ്ടു് രാജകുമാരൻ സുഷുപ്തിയിൽ ലയിച്ചു.

പെട്ടെന്നൊരു തേനീച്ച ചുററിപ്പറന്നു്, രാജകുമാരൻെറ തലയിൽ വന്നിരുന്നു. കുരങ്ങ് അതിനെ ആട്ടിപ്പായിച്ചു. വീണ്ടും ഈച്ച ചുററിക്കറങ്ങി രാജകുമാരൻെറ ശരീരത്തിൽ വന്നിരുന്നു.

കുരങ്ങിനു് കണക്കിലേറെ ദേഷ്യം വന്നു. ഞൊടിക്കുള്ളിൽ അവൻ വാളൂരി. രാജകുമാരൻെറ മാറിൽ സുഖമായിരുന്ന



ഈച്ചയെ ലക്ഷ്യമാക്കി ആഞ്ഞൊരു വെട്ടുവെട്ടി. ഈച്ച മൂളിക്കൊണ്ടു് പറന്നുപോയി. രാജകുമാരൻ രക്തത്തിൽക്കിടന്നു പിടഞ്ഞു് ഉത്തരക്ഷണം മരണമടഞ്ഞു. ഇതൊന്നും അറിയാത്ത ഭാവത്തിൽ കുരങ്ങൻ വീണ്ടും ഈച്ചയെ തേടി വെട്ടാനൊരുങ്ങിനടക്കയാണു് ചെയ്തതു്.

അവിവേകികളായ കൂട്ടുകാർ നിങ്ങൾക്കു് ഗുണത്തെക്കാളേറെ ദോഷമാണു് വരുത്തുന്നതു് എന്നോർമ്മിക്കുക.

എന്നു്, നിങ്ങളുടെ സ്വന്തം
കുഞ്ഞമ്മാവൻ.

---

## ചോദ്യോത്തര പംക്തി

**ചോ:** കത്തോലിക്കാസഭ എന്തുകൊണ്ടാണു മാംസവർജ്ജനം, ഉപവാസം തുടങ്ങിയ അസ്വാഭാവിക ജീവിതചര്യകളെ പ്രോത്സാഹിപ്പിക്കുന്നതു്? ദൈവം പ്രപഞ്ചവസ്തുക്കളെല്ലാം മനുഷ്യൻെറ ഉപയോഗാർത്ഥമല്ലേ സൃഷ്ടിച്ചിരിക്കുന്നതു? വിശപ്പിനെ സൃഷ്ടിച്ചതും ദൈവംതന്നെ. അതുകൊണ്ടു് ചില ദിവസങ്ങളിൽ മാംസം ഉപേക്ഷിക്കയും ചില ദിവസങ്ങളിൽ പട്ടിണിയിരിക്കയും ചെയ്യേണ്ടതിൻെറ ആവശ്യമെന്തു്?

**ഉ:** ചോദ്യകർത്താവു് പ്രപഞ്ചവസ്തുക്കളുടെമേലും വിശപ്പിൻെറമേലും അധികാരമുള്ള സൃഷ്ടിനാഥനായ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള രണ്ടു മൗലിക തത്വങ്ങൾ വിസ്മരിക്കുന്നു. 1. ഉത്ഭവപാപവും അതിൻെറ അനിവാര്യഫലങ്ങളും. 2. ക്രിസ്തുവിൻെറ പീഡാസഹനവും മരണവും വഴി മാത്രമാണു് അവയിൽനിന്നു മോചനമുണ്ടായതെന്ന വസ്തുത.

ഉത്ഭവപാപത്തിൻെറ അനിവാര്യഫലങ്ങൾക്കു വേദപുസ്തകവും അനുഭവവും സാക്ഷ്യം വഹിക്കുന്നുണ്ടു്. വി. പൗലോസിൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. "ചെയ്യുവാൻ ഇച്ഛിക്കുന്ന നന്മയല്ല ഞാൻ ചെയ്യുന്നതു്; മറിച്ചു് ചെയ്യുവാൻ ഇച്ഛിക്കാത്ത തിന്മ ഏതോ അതുതന്നെ ഞാൻ ചെയ്യുന്നു...എൻെറ ബുദ്ധിയുടെ നിയമത്തോടു പോരാടുന്നതും എൻെറ അവയവങ്ങളിലുള്ള പാപത്തിൻെറ നിയമത്തിനു് എന്നെ അടിപ്പെടുത്തുന്നതുമായ വേറൊരു നിയമം എൻെറ അവയവങ്ങളിൽ ഞാൻ കാണുന്നു."(റോമ 7, 19, 23) ഉത്ഭവപാപത്തിൻെറ ഫലമായി മനുഷ്യനു തിന്മയിലേക്കുള്ള ചാച്ചിലിനെയാണു വി. ശ്ലീഹ ഇവിടെ ചിത്രീകരിക്കുന്നതു്. ആ ചാച്ചിലിനെ തടഞ്ഞു ദൈവനിയമം പാലിക്കുന്നതിൽ വിജയം വരിക്കണമെങ്കിൽ നമ്മുടെ ഉപയോഗാർത്ഥം ദൈവം സൃഷ്ടിച്ചിരിക്കുന്ന വസ്തുക്കളുടെ കാര്യത്തിൽത്തന്നെ നാം മിതത്വം പാലിക്കുകയും സ്വതവേ ന്യായരഹിതമല്ലാത്ത ചില ആനന്ദങ്ങളെ ഉപേക്ഷിക്കുകയും വേണം. അമ്പെയ്ത്തു പരിശീലിക്കുന്നവൻ നിശ്ചിതലക്ഷ്യത്തിൽ കൊള്ളിക്കുന്നതിനു് അതിനല്പം മുകളിൽ ഉന്നംവയ്ക്കുന്നതുപോലെയെന്നു പറയാം. 40 മാർക്കു് കിട്ടാനാഗ്രഹിക്കുന്ന വിദ്യാർത്ഥി 50 മാർക്കിനുവേണ്ടത്ര പഠിക്കാത്തപക്ഷം പരാജയമടഞ്ഞേക്കാം. അതുപോലെ ഉപവാസം, മാംസവർജ്ജനം തുടങ്ങിയവ വഴി ശാരീരിക പ്രവണതകളെ കീഴടക്കാത്തവനു നല്ല ജീവിതം നയിക്കുക പ്രയാസമാണു്.

മനുഷ്യവർഗ്ഗത്തിനു രക്ഷ ലഭിച്ചതു ക്രിസ്തുവിൻെറ പീഡാസഹനവും മരണവും വഴിയാണെന്ന വസ്തുതയും സ്വാർത്ഥത്യാഗത്തിൻേറയും ആശയടക്കത്തിൻേറയും ആവശ്യകതയെ പ്രഖ്യാപിക്കുന്നുണ്ടു്. "പ്രായശ്ചിത്തമനുഷ്ഠിക്കുവിൻ" എന്നുൽബോധിപ്പിച്ചുകൊണ്ടാണു് അവിടുന്നു പ്രസംഗം ആരംഭിച്ചതുതന്നെ. പീഡാസഹനം കൂടാതെ രക്ഷ സാധ്യമല്ലെന്നു് അവിടുന്നു സ്വജീവിതദൃഷ്ടാന്തം മൂഖേന വ്യക്തമാക്കിയിട്ടുമുണ്ടു്. മനുഷ്യരക്ഷാർത്ഥം അവിടുന്നു വിശപ്പും ദാഹവും തണുപ്പും ചൂടും ശാരീരികമായ വേദനയും സഹിച്ചു. തൻെറ പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പു് 40 രാവും 40 പകലും അവിടുന്നു ഉപവസിച്ചതായും നാം വായിക്കുന്നു. നമ്മുടെ ദിവ്യരക്ഷകൻെറ മാതൃക നാമും അനുകരിക്കേണ്ടതാണു്. നമ്മുടെ പാപങ്ങൾക്കു പരിഹാരംചെയ്യുന്നതിനു് അതു ആവശ്യവുമാണു്. മാത്രമല്ല, അവിടുത്തെ പരിത്രാണകർമ്മത്തിൻെറ ഫലങ്ങളിൽ നമുക്കു പങ്കു ലഭിക്കണമെങ്കിൽ അവിടുത്തെ പീഡാസഹനത്തിലും നാം പങ്കു വഹിക്കേണ്ടിയിരിക്കുന്നു. "നിങ്ങൾ മിശിഹായോടുകൂടി പീഡകൾ സഹിക്കുമെങ്കിൽ മിശിഹായോടുകൂടി മഹത്വീകരിക്കപ്പെടും" എന്നാണു വി. പൗലോസ് പറയുന്നതു്. നമ്മുടെ ജീവിതത്തിൽ അനിവാര്യങ്ങളായി വന്നു ഭവിക്കുന്നവയോ നാം സ്വമേധയാ ഏറെറടുക്കുന്നവയോ ആയ എല്ലാ ക്ലേശങ്ങളും ക്രിസ്തുവിൻെറ പീഡാസഹനത്തോടു യോജിപ്പിച്ചുകൊണ്ടു് ദൈവസമക്ഷം കാഴ്ചവയ്ക്കുമ്പോഴാണു് അവയ്ക്കു വിലയുള്ളതെന്നും ഓർത്തിരിക്കണം. ഏവംവിധം ക്രിസ്തുനാഥൻ പ്രായശ്ചിത്തകൃത്യങ്ങളുടെ മാഹാത്മ്യവും പ്രയോജനവും സ്വജീവിതദൃഷ്ടാന്തംവും ഉപദേശവും മൂഖേന വ്യക്തമാക്കിയിരിക്കുമ്പോൾ അവ മനുഷ്യപ്രകൃതിക്കു വിരുദ്ധമാണെന്നു പറയുന്നതു ശരിയല്ല. മനുഷ്യൻെറ സുഖലോലുപമായ ദുഷിച്ച പ്രകൃതി അവ ഇഷ്ടപ്പെടുന്നില്ലെന്നുമാത്രം. യുക്തിക്കും ന്യായത്തിനും യോജിച്ച അവൻെറ നല്ല പ്രകൃതി അവയെ ഇഷ്ടപ്പെടുന്നു. അവ അവൻെറ പ്രകൃതിയെ ഒരുപടി ഉയർത്തുകയും സംസ്കരിക്കുകയും ചെയ്യുന്നു. മനുഷ്യൻെറ ദുർവാസനകളും പാപങ്ങളുടെ ആധിക്യവും പരിഗണിക്കുമ്പോൾ ഇത്ര തുച്ഛമായ പ്രായശ്ചിത്തകൃത്യങ്ങളല്ലേ കത്തോലിക്കാ തിരുസഭ നിശ്ചയിക്കുന്നുള്ളു എന്നോർത്തു ആശ്ചര്യപ്പെടുകയാണു വേണ്ടതു്.

---

"ആരംഭത്തിൽ നാം അല്പം ബലം ചെയ്തുപോലും നമ്മുടെ വികാരങ്ങളെ അമർത്തുന്നെങ്കിൽ പിന്നീടു് എല്ലാം എളുപ്പത്തിലും സന്തോഷത്തോടുകൂടിയും ചെയ്യുവാൻ നമുക്കു് കഴിയും."

(ക്രിസ്ത്വാനുകരണം)

---


St. Mary's Convent, Ernakulam

## VOCATION RETREAT

(ജീവിതാവസ്ഥ തെരഞ്ഞെടുക്കുന്നതിനുള്ള ധ്യാനം)

1953 ഏപ്രിൽ 12-ാംനു വൈകുന്നേരംമുതൽ
17-ാംനു കാലത്തുവരെ.

ധ്യാനപ്രസംഗകൻ: റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ
ബി. എ., ഡി. ഡി.

ഭക്ഷണച്ചെലവു് 10 ക. ശയ്യോപകരണങ്ങൾ കൊണ്ടുവരണം. ചെലവു മുഴവൻ വഹിക്കുവാൻ നിർവ്വാഹമില്ലാത്തവർ മുൻകൂട്ടി അറിയിക്കണം.

പ്രത്യേകശ്രദ്ധയ്ക്കു്

വൊക്കേഷൻ റിട്രീററ് എന്ന നാമശ്രവണത്തിൽത്തന്നെ സന്യാസസഭാപ്രവേശനത്തിനു് പ്രചോദനം നൽകുന്ന ഒരു ധ്യാനമെന്നാണു് ആർക്കും തോന്നിപ്പോകുന്നതു്. എന്നാൽ ആ ആശയംതന്നെയല്ല ഇതിനുള്ളതു്. "തന്നെ അറിഞ്ഞു സ്നേഹിച്ചു് തൻെറ പരിശുദ്ധമാർഗ്ഗം കാത്തുകൊണ്ടു് തനിക്കു് സേവനംചെയ്തു നിത്യമായി രക്ഷപെടുവാൻ ദൈവം എന്നെ സൃഷ്ടിച്ചു" എന്നു് ബാല്യകാലത്തിൽ നാം മനഃപാഠമാക്കുന്നുണ്ടു്. ദൈവത്തെ അറിഞ്ഞു് സ്നേഹിച്ചു് അവിടുത്തെ ദിവ്യോപദേശങ്ങൾ അനുസരിച്ചു് ജീവിച്ചു് സ്വർഗ്ഗത്തിൽ എത്തിച്ചേരുകമാത്രമാണു് മനുഷ്യൻെറ ജന്മോദ്ദേശ്യം. ഈ ഉദ്ദേശ്യം സാദ്ധ്യമാകുന്നതിനു് ഏതു ജീവിതചര്യ തുടരണമോ അതു് തെരഞ്ഞെടുക്കുകയത്രെ ആവശ്യം.

പുണ്യപൂർണ്ണതാലബ്ധിക്കായി ആഗ്രഹിക്കുന്ന ആത്മാക്കളെ ഈ ധ്യാനം ആ മാർഗ്ഗത്തിൽക്കൂടെ നയിക്കുമെന്നതു് നിസ്തർക്കമാണു്. എന്നാൽ ലോകത്തിൻെറ വ്യാമോഹങ്ങൾക്കും യൗവനത്തിൻെറ മിഥ്യാവിചാരങ്ങൾക്കും അധീനരായി ഉഴലുന്നവരെ മാർഗ്ഗനിർദ്ദേശംചെയ്തു് നേർവഴിയിൽ കൊണ്ടുവന്നാക്കുന്നതിനുള്ള ഒരു മാർഗ്ഗമാണിതു്. ഓരോ ജീവിതാവസ്ഥയേയും ചർച്ചചെയ്തു് ഓരോരുത്തർക്കും ദൈവം നിശ്ചയിക്കുന്ന ജീവിതചര്യ സ്വീകരിക്കുന്നതിനു് ഇതു് പ്രചോദനം നൽകുന്നു. ത്യാഗസമ്പന്നരായ സഹധർമ്മചാരിണികളേയും, കർമ്മകുശലരായ കുടുംബനായികമാരേയും, ഉത്തമകളായ മാതാക്കളേയുമത്രെ ഇന്നത്തെ ലോകത്തിനാവശ്യം. അതിനു് ഇതു് മാർഗ്ഗം തെളിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. വിശുദ്ധ കൊച്ചുത്രേസ്യായുടേയും കാർഡിനൽ വോണിൻേറയും കുടുംബചരിതം ഇതിനു് സാക്ഷ്യം നൽകുന്നു. അവരുടെ കത്തോലിക്കാ ചൈതന്യവിശേഷം എന്നെന്നും നിലനില്ക്കും. ഇങ്ങനെയുള്ള മാതൃകാകുടുംബങ്ങൾക്കു് അടിത്തറ പടുക്കുന്നതു് ഇപ്രകാരമുള്ള സന്ദർഭങ്ങളിലാണു്. അതിനാൽ പ്രായപൂർത്തിയിൽ എത്തിനില്ക്കുന്ന മക്കളെ ഈദൃശധ്യാനങ്ങളിൽ സംബന്ധിപ്പിക്കുന്നതിനു് മാതാപിതാക്കൾ ഉൽസുകരായിരിക്കേണ്ടതാണു്.

Rev. Mother Superior,
St. Mary's Convent, Ernakulam

Sathya Deepam

Vol. 26 Ernakulam April 1, 1953 No. 32

# ഗത്സേമനിലെ പ്രാർത്ഥന

(വിദ്വാൻ എ. കെ. രാഘവൻനായർ, പനമററം)

(ഗാഥ)

I

മങ്ങും വെളിച്ചത്തിൽ, തിങ്ങുന്ന ശോകത്താൽ
മങ്ങലൊട്ടേശിയാ ക്രിസ്തുദേവൻ
പ്രാർത്ഥിച്ചുനിൽപ്പൂ "ഗത്സേമൻ" തോട്ടത്തി-
ലൂർദ്ധ്വനയനനായുജ്ജ്വലനായ്
ചെമ്പനീർപൂവിനു തുല്യമാം കൈയ്യുന്നി
തമ്പുരാൻ തെല്ലുങ്ങിരുന്നിടുന്നു.
ക്ഷീണനായ് മന്ദമെഴുന്നേററു പിന്നെയാ
ക്ഷോണിയിലല്പം നടന്നിടുന്നു.
വിണ്ണോരും കാണാൻ കൊതിക്കുമപ്പാദങ്ങൾ
മണ്ണിലും കുങ്കുമച്ചാറു വീശി
ചാരത്തുറങ്ങുന്ന ശിഷ്യരാം മൂന്നുപേർ
സൂരന്റെയപ്പരിപാർശ്വരെപ്പോൽ
നാഥന്റെ ദുസ്സഹദുഃഖസമയത്തു-
മാധിയിവർക്കു പകരുന്നില്ലേ?
പാരം വലഞ്ഞുറങ്ങീടുകയാണവർ
താരങ്ങൾ വിൺകോണിലെന്നപോലെ
പല്ലവും തോല്ക്കുമപ്പാദങ്ങളുന്നീട്ടു
ചെല്ലുന്നിതീശനവർക്കരികിൽ
ഒട്ടുരുത്തങ്ങു മുന്നോട്ടുകുനിഞ്ഞിട്ടു
പെട്ടെന്നവരെ വിളിച്ചിടുന്നു
"ഏകമുഹൂർത്തമിതെന്നോടുകൂടിയ-
ങ്ങേകീഭവിക്കാനും കെല്പുപോരെ?
മാനുഷപുത്രനെ വഞ്ചിക്കും നേരമായ്
ഹാ, നിങ്ങൾപോലുമുറക്കമാണോ?
നശ്വരമീജഡനാശത്തിലല്ലല്ലോ
ഈശ്വരനല്ലലു തെല്ലുമിപ്പോൾ.
മുപ്പാരും തീർത്തു ഭരിക്കുമീധന്യന-
ങ്ങിപ്പാഴുദേഹത്തിലാശയുണ്ടോ?
മർത്ത്യന്റെ ക്രൗര്യം, നിസ്സ്നേഹത്വം, വിദ്വേഷ-
മൊത്തുള്ള കൃത്യങ്ങളോർത്തനേരം
നീരലർതുല്യനയനത്തിലുമപ്പോൾ
ചാരുവാം വെൺമുത്തുതിർന്നു നീളെ
കാരുണശീതളസ്വാന്തത്തിൽ നിന്നഹോ
നേരിയ വീർപ്പു പൊടിച്ചിടുന്നു
കോഴികൾ മൂവുരു കൂകുന്നതിൻമുമ്പീ-
യൂഴിതൻ പാപമടുത്തുകാണ്മാൻ
ഒക്കുമെന്നോർത്തുകൊണ്ടല്ലേ ചാരുവാം
തൃക്കണ്ണിൻകോണു കലങ്ങിക്കാൺമൂ.
നൈരാശ്യം പൂണ്ടിട്ടു നില്ക്കുയാണീശ്വരൻ
നീരദം ചുററിയ തിങ്കൾപോലെ.

II

ചാരവേ കാണുന്നോരുജ്ജ്വലദീപങ്ങ-
ളാരുടെ യജ്ഞത്തിനായിരിക്കാം
ആളുകൾ മുന്നോട്ടു നീങ്ങുന്നിതോരോരോ
വാളും വടിയും ധരിച്ചോരായി
പാരിടമേതൊന്നു വെല്ലുവാൻവേണ്ടിയോ
ഘോരമാം സന്നാഹം കൂരിരുട്ടിൽ
മുന്നോട്ടുനീങ്ങിയൊരുവനാ നാഥന്റെ
പൊന്നുപോലുള്ള കവിൾത്തടത്തിൽ
ഒന്നുടൻ ചുംബിച്ചു പിന്നോക്കം മാറീട്ടു
മന്ദാക്ഷമാർന്നു കുനിഞ്ഞുനിന്നു.
എന്തിനിപ്പോഴുവിനയത്താൽ നീ നിന്റെ
വഞ്ചനയിപ്പോൾ മറച്ചിടുന്നു.
മൃത്യുവിന്നപ്പുറത്തുള്ള നിഗൂഢമാം
തത്വവും കണ്ടോനിതുമറിയും
ബ്രഹ്മാണ്ഡമെല്ലാം ചമച്ചു ഭരിപ്പോനെ,
ബ്രഹ്മജ്ഞർ തേടുന്ന വിശ്വേശനെ,
കഷ്ടം നീ വഞ്ചിക്കാൻപോകേണ്ട ശുദ്ധ നിൻ
പിട്ടെല്ലാമക്കണ്ണു പണ്ടേ കണ്ടു.
എന്തിനുവന്നതടുത്തുനിന്നോരോടു
ശാന്തനായീശനും ചോദ്യംചെയ്തു,
നേരിയ പുഞ്ചിരിച്ചാർത്താലവിടത്തെ
കൂരിരുളും കാല്യമണ്ഡപമായ്
"തേടുന്നിതേശുവേ ഞങ്ങളെ"ന്നായവർ
കൂട്ടമുത്സാഹത്തോടോതിയപ്പോൾ
"ഞാനാണതെ"ന്നു പറഞ്ഞു "നിങ്ങൾക്കെന്നെ
കാണുവാൻ മുന്നേ കഴിഞ്ഞതില്ലേ?
ദേവാലയത്തിൽ ഞാൻ നിങ്ങളോടൊന്നിച്ചു
മേവീടുമെന്നെയറിഞ്ഞതില്ലേ?
നിങ്ങടെകൂടെ ഞാനെപ്പോഴുമുണ്ടല്ലോ
നിങ്ങൾക്കു കാണുവാൻ കണ്ണുമില്ലേ?
മോഹിച്ചു വീഴേണ്ടാ ശുദ്ധരേ നിങ്ങളീ
മോഹംവെടിഞ്ഞൊന്നു ശാന്തരാവിൻ
ആയോധനത്തിനു വട്ടങ്ങളെന്തിനീ-
യായാസമൊക്കെ പരിത്യജിക്കിൻ
കള്ളനെ തേടുന്നപോലുള്ള നിങ്ങടെ
കൊള്ളകളെല്ലാമടക്കിക്കൊള്ളിൻ
ഭീതിക്കവകാശം വേണ്ടല്ലോ നിങ്ങളും
പൂതരാകേണ്ടവരാണു മേലിൽ
നിശ്ചലനായിഞാൻ, വേണെങ്കിൽനിങ്ങളു-
മിപ്പോലെന്നെയും കൊണ്ടുപോകിൻ"
എന്നുരച്ചീശനും ശാന്തനായ് നിന്നപ്പോൾ
ഖിന്നതയെന്യേയടുത്തു ദുഷ്ടർ
പാവനകാല്യത്തെ പാടേ വിഴുങ്ങുവാൻ
പീവരധ്വാന്തമടുക്കുംപോലെ
അററമില്ലാതുള്ളോരുത്സാഹവായ്പിനാൽ
കുററവാളിക്കെഴും വേഷമോടെ
ആർത്തും, വിളിച്ചും, പുളച്ചും തകർത്തുമ
പ്പാർത്ഥലമിട്ടു കുലുക്കിപ്പോയി
പാപത്തിൻ പാരമ്യം കണ്ടുപൊറുക്കാഞ്ഞു
പാരിലവതരിച്ചോരുദേവൻ
നിശ്ചലനായങ്ങു നില്ക്കുന്നു രാഹുവിൻ
വക്ത്രത്തിൽ പാർവ്വണ ബിംബംപോലെ.

III

മാനുഷപുത്രനെ വഞ്ചിച്ചു കഷ്ടമീ
മാനവലോകത്തിൻ നീതികൊള്ളാം
മുപ്പാരുവിററാലും കിട്ടാത്തരത്നത്തെ
മുപ്പതു വെള്ളിക്കോ വിററുനിങ്ങൾ
പോരുമേ മൗഢ്യങ്ങൾ പോരുമേ മൗഢ്യങ്ങൾ
ഹീരത്തെ വെള്ളിക്കോ വിററുകഷ്ടം
അന്തിതൻ ചെമ്പൊന്നു വിററിട്ടു വാസരം
അന്ധകാരത്തിനെ വാങ്ങിയല്ലോ
എത്രയോ നിർവ്വാണമണ്ഡലം വിററാലും
കിട്ടാത്ത രത്നം കളഞ്ഞുനിങ്ങൾ.
അക്കനെയെത്ര തൊഴുതു നാം നില്ക്കിലു-
മിക്കുമുരത്നമവിടെയില്ലാ
വിത്തേശസാമ്രാജ്യസീമയിലെങ്ങുമീ,
വിദ്രുമനാളും മുളച്ചിട്ടില്ലാ
എത്രയോ പാൽക്കടലങ്ങുമഥിക്കിലു-
മിച്ചാരു"കൗസ്തുഭം" കിട്ടുകില്ലാ
കൈയിലെ രത്നം കളഞ്ഞിട്ടു കഷ്ടമേ
കക്കകൾ പൂജിപ്പോരായി നിങ്ങൾ
ആഴിയും വെൺനുരപ്പൂക്കളാൽ പൂജിച്ചു
കോമള ചെമ്പനീർ തൃപ്പദത്തിൽ
ബ്രഹ്മാണ്ഡം വിററാലും കിട്ടാത്ത നിർവ്വാണ
ശർമ്മങ്ങളുണ്ടെന്നറിഞ്ഞതില്ലേ?
ഉള്ളും ത്യജിച്ചിട്ടു മുച്ചുംവരിക്കണം
പുച്ഛിക്കുമല്ലെങ്കിൽ ദൈവം നമ്മെ
രാവങ്ങിരുളാമിരുമ്പിനെ വില്ക്കുന്നു
കാല്യാർക്കകാഞ്ചനക്കിണ്ണം വാങ്ങാൻ
കഷ്ടം ഹാ നിങ്ങടെ നഷ്ടത്തെ പോക്കുവാൻ
വിഷ്ടപം വിററാലും സാദ്ധ്യമാണോ!

# വിവിധവൃത്താന്തങ്ങൾ

## കമ്മ്യൂണിസ്റ്റു ഭരണത്തിന്റെ കുററവിവരിയോല

യുക്രേൻസംസ്ഥാനത്തു 1939-ൽ കമ്മ്യൂണിസ്റ്റു ഭരണം ആരംഭിച്ചതാണ്. അതിൽപ്പിന്നെ മതപരമായി അവിടെ ഉണ്ടായിട്ടുള്ള "പുരോഗമന"ത്തിന്റെ ഒരു കണക്ക് ഈയിടെ റോമിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. 14 വർഷത്തെ കമ്മ്യൂണിസ്റ്റു ഭരണത്തിന്റെ നേട്ടങ്ങൾ അതിൽ കാണാം. അഞ്ചുരൂപതകളും രണ്ടു അപ്പസ്തോലിക്ക് വികാരിയാത്തുകളും നിശ്ശേഷം നിറുത്തലാക്കി. 10 മെത്രാന്മാരിൽ 8 പേരെ ബന്ധനത്തിലാക്കി. അവരിൽ പലരും ജയിലിൽവച്ചു അന്തരിക്കയോ വധിക്കപ്പെടുകയോ ചെയ്തു. ഇടവകവൈദികരും സന്യാസവൈദികരുമായി 3500 പേർ ബന്ധനസ്ഥരാകയോ നാടുകടത്തപ്പെടുകയോ ഉണ്ടായിട്ടുണ്ട്. 1100 കന്യാസ്ത്രീകളെ മഠങ്ങളിൽനിന്നു പുറത്താക്കി. പതിനായിരം കത്തോലിക്കാ വിദ്യാലയങ്ങൾ നിറുത്തലാക്കി. എണ്ണായിരത്തോളം പള്ളികളും മതസ്ഥാപനങ്ങളും ഗവർമ്മെന്റു കണ്ടുകെട്ടി. 540 വൈദികവിദ്യാർത്ഥികളെ പിരിച്ചയച്ചു. അനേകസഹസ്രം വിശ്വാസികൾ ക്രൂരമർദ്ദനങ്ങൾക്കു വിധേയരാകുകയും, കാരാഗൃഹങ്ങളിൽ അടയ്ക്കപ്പെടുകയും, രാജ്യത്തുനിന്നു ബഹിഷ്കരിക്കപ്പെടുകയുമുണ്ടായി. ഇത്ര കഠോരമായ മർദ്ദനങ്ങളുടെ മദ്ധ്യത്തിൽ സഭ ഇനിയും അവിടെ സജീവമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് മഹാ അത്ഭുതം!

## ബ്രിട്ടീഷ് കത്തോലിക്കന്റെ റഷ്യക്കുള്ള മറുപടി

കഴിഞ്ഞ തൊഴിലാളിമന്ത്രിസഭയിലെ ഒരംഗമായിരുന്ന മി. റിച്ചാർഡ് സ്റ്റോക്ക്സ് എന്ന പ്രമുഖ കത്തോലിക്കൻ ഇത്തവണയും പാർലമെന്റു മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. റാൻസംസ് ആൻഡ് റാപ്പിയർ എന്ന പ്രസിദ്ധ യന്ത്രനിർമ്മാണ കമ്പനിയുടെ ചെയർമനും മാനേജിങ്ങ് ഡയറക്ടരുംകൂടിയാണ് അദ്ദേഹം. ബർമിങ്ങാമിൽവച്ചു കത്തോലിക്കാ തൊഴിലാളി യൂണിയൻ സമ്മേളനത്തിൽ പ്രസംഗിക്കവേ ഈയിടെ അദ്ദേഹം പ്രസ്താവിച്ചു: ഞങ്ങളുടെ കമ്പനിയുമായി ഏർപ്പാടുകൾ നടത്തുന്നതിനു റഷ്യ ആവശ്യപ്പെടുകയുണ്ടായി. തടങ്കൽപ്പാളയങ്ങളിൽ കിടക്കുന്ന ഒരു കോടി 70 ലക്ഷം ദുർഭഗരെ വിട്ടയക്കുക; അതിനുശേഷമല്ലാതെ നിങ്ങളുമായി ഏർപ്പാടുതുടങ്ങാൻ ഞങ്ങൾ ഒരുക്കമില്ല എന്നാണു ഞാൻ മറുപടികൊടുത്തതു്. പ്രകൃതിയെ മനുഷ്യവർഗ്ഗം മുഴുവന്റെയും ഉപയോഗത്തിനായിട്ടാണ് ദൈവം നൽകിയിരിക്കുന്നതു്. ഒരു ജാതിക്കോ, ഒരു കോമൺവെൽത്തിനോ അതിനെ കൈയടക്കിവച്ചുകൊണ്ടിരിക്കാവുന്നതല്ല. ലോകത്തിന്റെ ഇന്നത്തെ വിഷമതകൾക്കെല്ലാം ഒരു പരിഹാരമാർഗ്ഗമുണ്ടെന്നു നാം എല്ലാമനുഷ്യർക്കും കാണിച്ചുകൊടുക്കണം. ക്രിസ്തീയബോധനങ്ങൾ പ്രവൃത്തിയിൽ വരുത്തുക എന്നുള്ളതല്ലാതെ മറെറാന്നുമല്ല അതു്. ലോകത്തിൽ ജനസംഖ്യ വർദ്ധിച്ചുപോയി എന്നുള്ള നിലവിളി നാലുവഴിക്കും കേൾക്കാനുണ്ടു്. ഇല്ല. ഇന്നും ലോകത്തിനു താങ്ങാൻ പാടുള്ളതിൽ കൂടുതൽ ജനമുണ്ടായിട്ടില്ല. നമ്മുടെ ചെറിയ അയിൽ ഓഫ് വൈററ് ദ്വീപിൽ നിരത്തിനിറുത്തിയാൽ അന്യോന്യം മുട്ടാതെ നില്ക്കാനുള്ള ജനമേ ഇന്നും ലോകത്തിലുള്ളു."

## എന്തിനും ബഹളമുണ്ടാക്കുക അതുതന്നെ അവരുടെ പരിപാടി

അമേരിക്കയുടെ ആററം രഹസ്യം റഷ്യക്കു ഒററിക്കൊടുത്ത രണ്ടുപേരെ മരണശിക്ഷയ്ക്കു വിധിക്കയുണ്ടായി. അപ്പീൽകൊടുത്തു. അവിടെയും കീഴ്ക്കോടതിവിധി ശരിവച്ചതേയുള്ളു. കൊലപാതകത്തെക്കാൾ ഭീകരമായി കരുതണം ഈ കുററം എന്നത്രെ അപ്പീൽകേട്ട ജഡ്ജി വിധിയെഴുതിയതു്. പ്രസ്തുത ജഡ്ജി പറയുന്നു:"ഈ വിസ്താരത്തിനിടയ്ക്കു് എനിക്കു കിട്ടിയ കത്തുകൾക്കു കണക്കില്ല. പ്രതികളെ വിട്ടയക്കാൻ ദയവുണ്ടാകണമെന്നു ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള അഭ്യർത്ഥനകളാണു വന്നുകൊണ്ടിരിക്കുന്നതു്. കമ്മ്യൂണിസ്റ്റു പത്രങ്ങൾ ഭീഷണികളും ആക്രോശങ്ങളും പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ബഹളംകൂട്ടി കാര്യം കാണാൻ ഇക്കൂട്ടർക്കുള്ള സാമർത്ഥ്യം അത്ഭുതാവഹംതന്നെ."ഈയിടെ ഒറോൺസേ എന്ന കപ്പൽ ലണ്ടനിൽനിന്നു ഓസ്ട്രേലിയായിലേക്കു പോകയായിരുന്നു. എലിസബത്തു രാജ്ഞിയുടെ ക്രിസ്തുമസ്സ് സന്ദേശം ആ കപ്പലിൽവച്ചു ശ്രവിക്കാനിടയായി. യാത്രക്കാർ മിക്കവരും കൗതുകത്തോടെ വിശ്വാസചൈതന്യനിർഭരമായ ആ പ്രക്ഷേപണം കേട്ടുകൊണ്ടിരുന്നു. ഒന്നാംക്ലാസ് യാത്രക്കാരിൽ ഒരാൾക്കു് ഇതു സഹിച്ചില്ല. അയാൾ കപ്പലിൽക്കൂടി ഓടിനടന്നു ബഹളമുണ്ടാക്കുകയും, റേഡിയോ തിരിച്ചുവയ്ക്കാൻ അധികാരികളോടാവശ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഫലമൊന്നും ഉണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ. ഓസ്ട്രേലിയായിലേക്കുള്ള സോവ്യററു എംബസിയിലെ ഒരുദ്യോഗസ്ഥനായിരുന്നു ആ മനുഷ്യൻ. എന്തിനു ദൂരെപ്പോകുന്നു? നമ്മുടെ നിയമസഭകളിലേ സമ്പ്രദായംതന്നെ നോക്കിക്കൊണ്ടാൽ മതിയല്ലോ.